Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | ജൂൺ 1956 | No. 6

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക



JUN. 1956

അവനിൽ
ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ
ഗൂഢമായിരിക്കുന്നു.
കൊലൊ. ൨. ൩.

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതിമാസം 8ഃ പ്രസിദ്ധപ്പെ
ടുന്നതു്

The Diocesan Publication Department.
Rev. C. K. John, Managing Editor, C. M. S. Press, Kottayam

സണ്ടെസ്ക്കൂൾ കത്ത്

പ്രിയ സുഹൃത്തുക്കളെ,

പാഠവിവരങ്ങൾ ബാലജനപ്രതിനാൾ സംബന്ധിച്ചുള്ള ലഘുലേഖയിൽ പ്രസിദ്ധപ്പെടുത്തിയതു നിങ്ങൾ കണ്ടിരിക്കുമല്ലോ. വീണ്ടും ഇതിലും ചേർക്കുന്നു.

1. ശിശുവകുപ്പു—ശിശുവകുപ്പുപുസ്തകം.
2. ബാലവകുപ്പു—മൂന്നാം വർഷം.
3. കുമാരവകുപ്പു—മൂന്നാംവർഷം.
4. മദ്ധ്യവകുപ്പു—മൂന്നാം വർഷം.
5. ജ്യേഷ്ഠവകുപ്പു—'യേശുവിന്റെ ഉപമകൾ.'

ഇതിൽ ഒന്നും, നാലും, അഞ്ചും ഡയോസിസൻ ഡിപ്പോയിൽ വില്പനയ്ക്കു തയ്യാറുണ്ടു. രണ്ടും മൂന്നും അച്ചടിച്ചുകൊണ്ടിരിക്കുന്നു. ജൂൺ മാസാരംഭത്തിലേക്കു പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ബാലജനപ്രതിനാളിലെ സ്തോത്രകാഴ്ച വീഴ്ചകൂടാതെ എത്രയും വേഗത്തിൽ ആപ്പീസിൽ അടയ്ക്കുകയും വേണം. കഴിഞ്ഞവർഷം സണ്ടെസ്ക്കൂൾ സംബന്ധിച്ചു മരിനത്തിലും ഒരു തുക കയും താഴെപ്പറയുന്ന ഇടവകകൾ അടച്ചിട്ടില്ല. അതു ഖേദകരമാണു. ഏതെങ്കിലും ജനത്തിൽ ലഭിച്ചതുക അടയ്ക്കാതിരിപ്പുണ്ടെങ്കിൽ ഇനിയെങ്കിലും അടയ്ക്കുന്നതു വലിയ സഹായകരമായിരിക്കും. കൃഷ്ണപുരം, ആപ്പുക്കര, പിറവം, കാട്ടാമ്പാക്കൽ, എറികാട്ടു, പെരുന്തുരുത്തി, കണ്ണിക്കൽ, പീരുമേട്ടു, ഏറുമാനൂർ, കരുമാടി.

ഏന്ന്

പള്ളം
21-5-'56.

സി. ററി. മാത്യു,
ജനറൽ സെക്രട്ടറി.

മിഷ്യൻബോർഡ് സെക്രട്ടറി അറിയിക്കുന്നതു്

സി. എസ്സ്. ഐ. സിന്നഡ് ബോർഡ് ഓഫ് മിഷ്യന്റെ സഹായത്തോടുകൂടെ മഹായിടവക മിഷ്യൻബോർഡു രണ്ടുനു കേന്ദ്രങ്ങളിൽ പ്രത്യേക സുവിശേഷയോഗങ്ങൾ ആഗസ്റ്റു, സെപ്റ്റംബർ മാസങ്ങളിൽ നടത്തുന്നതിനുദ്ദേശിച്ചിരിക്കുന്നു. സുവിശേഷ പരിശീലനക്ലാസ്സുകളിൽ സംബന്ധിച്ചവരും സുവിശേഷവേലയിൽ തല്പരരായുള്ള മറ്റാളുകളും തങ്ങളുടെ പേരും മേൽവിലാസവും, പരിശീലന ക്ലാസ്സിൽ സംബന്ധിച്ചിട്ടുള്ള വിവരം, വയസ്സു എന്നിവ ഇടവകപ്പട്ടക്കാരന്റെ ശുപാർശയോടുകൂടെ ജൂൺ 30നു മുമ്പായി റവ. എം. എം. ജോൺ, കോട്ടയം (കഞ്ഞിക്കുഴി എന്നു എഴുതരുതു) എന്ന മേൽവിലാസത്തിൽ അയച്ചു തരണമെന്നുപേക്ഷ. ഭക്ഷണച്ചെലവും യാത്രച്ചെലവും കേന്ദ്രത്തിൽ നിന്നും വഹിക്കുന്നതാണു്.

കേരളവേദപുസ്തകസമൂഹത്തിന്റെ ഉൽഘാടനം ജൂൺ 30നു ബേക്കർസ്ക്കൂൾ ഹാളിൽവെച്ചു നടത്തുന്നതായിരിക്കും.

C. M. S. P.—121—2400—7-6-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LIX | JUNE 1956 | No. 6

BISHOP'S LETTER
ബിഷോപ്പുതിരുമനസ്സിലെ കത്തു്

കർത്താവിൽ വാത്സല്യമുള്ളോരെ,

മെയ് 20നു- ഞായറാഴ്ച ഞാൻ രാവിലെ കുത്താട്ടുകുളത്തു പുതുതായി നിയമിക്കപ്പെട്ടിരിക്കുന്ന ഇടവകപ്പട്ടക്കാരൻ റവ. എം. സി. മാണിഅച്ചന്റെ സ്ഥാനപ്രവേശനശുശ്രൂഷ നടത്തിയശേഷം വിശുദ്ധസംസർഗ്ഗം അനുഷ്ഠിക്കയും അവിടെനിന്നു തിരുമേനി പോകയും ചെയ്തു. കർമ്മയോഗിയായ മെത്രാപ്പോലീത്താതിരുമേനിയുടെയും കുമ്മറിക്കാരുടെയും ഉത്സാഹപൂർവ്വമായ ക്ഷണം അനുസരിച്ചാണു പോയതു. അന്നു താമസം ആ തിരുമേനിയുടെ സ്ഥാനാരോഹണത്തിന്റെ നാലാംവർഷം ആയിരുന്നു. കൂടാതെ ആ സഭയുടെ വകയായി പുതുതായി പണികഴിപ്പിച്ചിട്ടുള്ള വൈദികസെമ്മനാരിയുടെ ഉൽഘാടനകർമ്മത്തിലും അതു സംബന്ധിച്ചുള്ള സമ്മേളനത്തിലും പങ്കുകൊള്ളുന്നതിനുമത്രെ എന്നെ ക്ഷണിച്ചിരുന്നതു. തദവസരത്തിൽ തോഴിയൂർ ഭദ്രാസനമഹായിടവകയുടെ മെത്രാപ്പോലീത്താ മാർ ക്രിസോസ്തോമോസ് തിരുമേനിയും സന്നിഹിതനായിരുന്ന ഒരു പ്രസംഗം ചെയ്കയും ചെയ്തു. അദ്ദേഹത്തെയും കാണുന്നതിനും പരിചയപ്പെടുന്നതിനും എനിക്കു ഈ സന്ദർഭം ലഭിച്ചതിലും അതിയായ സന്തോഷമുണ്ടായി. ആ തിരുമേനി പ്രസ്തുത മഹായിടവകയുടെ ഭരണം ഏറ്റു വർഷങ്ങൾ മുമ്പു കയ്യേറ്റതിന്റെശേഷം പല പ്രകാരത്തിലുള്ള അഭിവൃദ്ധിയും പ്രമോദനവും അവിടെയുണ്ടായിക്കൊണ്ടിരിക്കുന്നു എന്നതിൽ നമുക്കു സന്തോഷിക്കയും പ്രസ്തുത സഭാവിഭാഗത്തിന്റെ നാനാപ്രകാരേണയുള്ള പുരോഗതിക്കായി നമുക്കു പ്രാർത്ഥിക്കയും ചെയ്യാം. നമ്മിൽ അകന്നുള്ള ഒരു സ്ഥലമാകയാലും നമുക്കു യാതൊരു ഇടപാടുകളും പ്രസ്തുത സഭയുമായി ഇല്ലാതിരിക്കുന്നതിനാലും നാം വേണ്ടപോലെ അവരെ പ്രാർത്ഥനയിൽ ഓർക്കാത്ത കുറവിനെ പരിഹരിച്ചു ആ മഹായിടവകയെയും അദ്ധ്യക്ഷൻതിരുമേനിയെയും അവിടത്തെ എല്ലാ ആവശ്യങ്ങളെയും നമുക്കു ക്രമമായി ദൈവസന്നിധിയിൽ കൊണ്ടുവരേണ്ടതിനു ഉത്സാഹിക്കണം എന്നു ഞാൻ പ്രത്യേകം താല്പര്യപ്പെടുന്നു. അവിടെനിന്നു ഒരു ഡീക്കൻ ഉപരിപഠനത്തിനായി അമേരിക്കയിലേക്കു അടുത്തുതന്നെ പോകുന്നുണ്ടെന്നും അറിയുന്നു.

കർമ്മയോഗി സുറിയാനിസഭയുടെ വൈദിക സെമ്മനാരി തൃശ്ശൂർനിന്നു അഞ്ചാറു മൈൽ വടക്കു തിരുർ എന്ന സ്ഥലത്താണു. അവിടെ അവരുടെ സഭാംഗമായ ശ്രീ. ഒ. ററി. ഈനാശു അവർകൾ അൻപത്തിരണ്ടു ഏക്കർ സ്ഥലം ആ ഭദ്രാസന ഇടവകയ്ക്കു ദാനമായി 1955 ജനുവരി മാസത്തിൽ എഴുതി കൊടുത്തു. ആ സ്ഥലത്തു മുഴുവൻ കശുമാണ്ടി വൃക്ഷങ്ങളാണു. ആണ്ടുതോറും ആയിരംനിന്നു മൂവായിരത്തിൽ പരം രൂപ്പിക ആദായം ലഭിക്കുന്നുണ്ടു. അവിടെയാണു ഏകദേശം മുന്നരലക്ഷം രൂപാ ചെലവിട്ടു മനോഹരമായ ഒരു രണ്ടുനിലകെട്ടിടം സെമ്മിനാരിയ്ക്കായി പണികഴിപ്പിച്ചിട്ടുള്ളതു. പ്രസ്തുത ചെലവിലേക്കു ശ്രീ ഈനാശുവും കുടുംബാംഗങ്ങളും ഒരു ലക്ഷത്തോളം രൂപാ നല്കുകയും ചെയ്തുഎന്നുള്ളതും പ്രസ്താവ്യമത്രെ. ത്യാഗപരവും ദൈവാത്മപൂർണ്ണവുമായ ഇപ്രകാരമുള്ള സംഭാവന ഒരു ക്രിസ്തീയ പ്രസ്ഥാനത്തിനുവേ

ണ്ടി ഒരു വ്യക്തി നൽകുന്നതു കേരളക്രൈസ്തവരുടെ ഇടയിൽ അപൂർവ്വമായും അനന്യസാധാരണവുമായൊരു സംഭവമാണു. വിശേഷിച്ചും ഈവിധത്തിലുള്ള ഒരു ദാനത്തെപ്പറ്റി ശ്രീ. ഈനാശു അവകൾക്കു ഒരു ആത്മപ്രശംസയോ സംതൃപ്തിയോ ഇല്ല എന്നതും സ്തുത്യർഹമായ കാര്യമാണു.

ദൈവവകയ്ക്കായി കൊടുക്കുന്ന കാര്യത്തിൽ നാം ഇനിയും എത്ര അധികം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സംഖ്യാപുസ്തകം 7-ാം അദ്ധ്യായത്തിൽ യാഗപീഠപ്രതിഷ്ഠയുടെ അവസരത്തിൽ പ്രഭുക്കന്മാർ നല്കിയ ദാനങ്ങളെക്കുറിച്ചു നാം വായിക്കുന്നു. അവർ ദൈവവേല ചെയ്യുന്നവരുടെ ഉപയോഗത്തിനായി വണ്ടികളും കാളകളെയും കൊണ്ടുവന്നു ദൈവമുമ്പാകെ അർപ്പിച്ചു. ഇതൊന്നും ആരും അദ്ധ്വർത്ഥിച്ചിട്ടോ ഹേമിച്ചിട്ടോ അല്ല—കൊരിന്ത്യരെപോലെ നാമും ഒന്നാമതു നമ്മെത്തന്നെ കർത്താവിനും (2കൊരി. 8: 5.) പിന്നെ ദൈവഹിതപ്രകാരം വേലയ്ക്കുവേണ്ടിയും ഏല്പിച്ചുകൊടുക്കണം. അതു അവർ അവരുടെ പ്രാപ്തിപോലെയും പ്രാപ്തിക്കു മീതെയും സ്വമേധയായി സ്വമനസ്സാലെ കൊടുത്തു. കർത്താവായ യേശുക്രിസ്തുവിനോടു അക്ഷയമായസ്നേഹം നമുക്കുണ്ടാകുമ്പോൾ ഇതുപോലെ കൊടുക്കുന്നതിനുള്ള മനോഭാവം നമുക്കുണ്ടാവണം എന്നതും നമ്മുടെ ക്രിസ്തീയതത്വത്തിന്റെ പ്രത്യക്ഷലക്ഷണമാകുന്നു. നമ്മുടെ ഇടവകകളിൽ ഈ വിഷയത്തെക്കുറിച്ചു ശരിയായ മനഃസ്ഥിതി ഉണ്ടായിട്ടില്ല. നമ്മിൽ പലരും നമ്മുടെ കഴിവില്ലായ്മയെക്കുറിച്ചു പറഞ്ഞുകൊണ്ടു മുറവിളിക്കൂട്ടുകയാണു. എന്നാൽ യഥാർത്ഥസ്ഥിതി അപ്രകാരമുള്ള നിരാശാപരമായ ആവലാധി മനോഭാവത്തിനും അയ്യോഭാവത്തിനും സ്ഥാനമില്ല എന്നു തെളിയിക്കുന്നു. വാസ്തവമായ സ്വാമിഭക്തി ഒരുവനോടോ ഒരു പ്രസ്ഥാനത്തോടെ ഉണ്ടായാൽ കൊടുക്കുന്നതു ഏതു വിധത്തിലായിരിക്കും എന്നതിനു അനേകമുദ്ധാഹരണങ്ങൾ നമ്മുടെ ഇടയിലുണ്ടായിട്ടില്ലേ? ശ്രീ. പൊന്നൂസിൽ യോഹന്നാന്റെ പ്രസ്ഥാനത്തിനു വല്ല ബുദ്ധിമുട്ടും ഉണ്ടായോ? വിദേശത്തുനിന്നോ മറ്റാരാ പണംകൊണ്ടുവരുന്നു? ഒന്നുമില്ല. നമ്മുടെ സഭകളുടെ സന്ധിപ്പും മറ്റു കാര്യങ്ങളും വീഴ്ചകൂടാതെ നടക്കുന്നതിനും നടത്തുന്നതിനും വേണ്ടുവോളം ആവശ്യമായിരിക്കുന്ന പണം നമ്മുടെ ഇടയിൽനിന്നുണ്ടാകും. കുറവു ഒന്നും വരികയില്ല. നാം വിശ്വസ്തരായി നമ്മെത്തന്നെ കർത്താവിനു കൊടുക്കണം. നമ്മുടെ ഇടയിലുള്ള പണക്കാർ മാത്രമല്ല സാധാരണക്കാരായ ഏവരും തങ്ങളുടെ ആവശ്യപോലെ കർത്താവിന്റെ വേലയുടെ പുരോഗതിയെ വിചാരിച്ചു ചെയ്യേണ്ടതു പോലെ ചെയ്യുന്നുണ്ടോ എന്നു നമുക്കു കാര്യമായി ചിന്തിച്ചു പ്രവർത്തിക്കാം. നമ്മുടെ പാവപ്പെട്ട സഭകളിലെ പ്രവർത്തകർ നമ്മുടെ ഉപേക്ഷയും ശ്രദ്ധയില്ലായ്മയും നിമിത്തം എത്രമാത്രം ക്ലേശം അനുഭവിക്കുന്നു എന്നു നമുക്കു ബോധമുണ്ടോ. അവർക്ക് 'കഴിവില്ല' 'നിവൃത്തിയില്ല' 'സാധിക്കുന്നതല്ല' എന്നും മറ്റും പറഞ്ഞു കഴികഴിവു അന്വേഷിക്കുന്നതു യോഗ്യമല്ല. എന്തെന്നാൽ പരിശ്രമിക്കുന്ന ഇടങ്ങളിൽ ശരിയായ വിധത്തിൽ സന്ധിപ്പും മറ്റു കാര്യങ്ങളും യാതൊരു കുറവും വിക്രമവും കൂടാതെ ഭംഗിയായി നടന്നു പോരുന്നുണ്ടല്ലോ.

അതുകൊണ്ടു കൊടുക്കുന്ന വിഷയത്തെ സംബന്ധിച്ചു നമുക്കു ഉണർവാം. ദൈവം തന്റെ ആത്മാവിനാൽ നമ്മെ ഉണർത്തുന്നതിനു നമുക്കു ഉപവസിക്കുന്നതോടെ പ്രാർത്ഥിക്കാം. 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഏറെ ഭാഗ്യം' എന്നുള്ള നമ്മുടെ കർത്താവിന്റെ പ്രമാണം നാം യഥാർത്ഥത്തിൽ സ്വീകരിക്കുന്നതിനു നമ്മിൽ ഒരു പരിവർത്തനം വേണ്ടിയിരിക്കുന്നു.

ശ്രീ. ഒ. ഏറി. ഈനാശു അവർകളുടെ ദൃഷ്ടാന്തം അനുകരിപ്പാൻ മനസ്സുള്ള ധനികർ നമ്മുടെ ഇടയിൽനിന്നു എഴുന്നേല്ക്കട്ടെ. മരണശേഷം സമ്പാദ്യത്തിൽ ഒരു വലിയ തുക മരണനികുതി ആയി ഗവർമെൻറു എടുക്കുന്നതിനെക്കാൾ എത്ര നല്ലതാണു ജീവനോടിരിക്കുമ്പോൾ ജീവകാരുണ്യ പ്രവർത്തികൾക്കും ക്രൈസ്തവസുവിശേഷത്തിന്റെ പ്രചാരണത്തിനുള്ള പ്രസ്ഥാനങ്ങൾക്കായോ ദൈവാരാധനസ്ഥലങ്ങൾക്കു ആരുടെയെങ്കിലും സ്മാരകമായോ മറ്റാരാ പണി കഴിപ്പിക്കുന്നതിനായോ ചെലവു ചെയ്യുന്നതു? സാധാരണക്കാരും നിസ്സ്വരുമായ നമ്മുടെ സഭാംഗങ്ങളും തങ്ങളുടെ കഴിവുപോലെയും കഴിവിനു മീതെയും കൊടുക്ക

ന്നതിനു മനസ്സുവെച്ചിരുന്നെങ്കിൽ! ആയതിനു ദൈവാത്മാവു സ്നേഹത്തിനും സൽപ്രവൃത്തിക്കും നമ്മിൽ എല്ലാവരിലും ഉത്സാഹം വർദ്ധിപ്പിക്കട്ടെ.

ദൈവകൃപയാൽ വേളൂപുസ്തകസമൂഹത്തിന്റെ ഉപയോഗത്തിനായി ഒരു മന്ദിരം കോട്ടയത്തു വാടകയ്ക്കു എടുത്തു പ്രവർത്തനങ്ങൾ നിയമിച്ചിരിക്കയാണെന്നുള്ളതു എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. അതിന്റെ ഉൽഘാടനം ജൂൺ അവസാനത്തിലുണ്ടായിരിക്കും. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും ഇക്കാര്യത്തിലുണ്ടായിരിക്കുമല്ലോ.

ദൈവത്തിന്റെ എല്ലാ കൃപകളെയും നന്ദിയോടെ സ്മരിച്ചുകൊണ്ടും നിങ്ങളെ എല്ലാവരെയും കർത്താവിങ്കൽ ഭരമേല്പിച്ചുകൊണ്ടും ഏഴയുന്ന

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള

Kottayam,
24th May, 1956.

C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

ജൂൺ 2. കേരളാക്ലിലറി കമ്മറ്റി—വേളൂപുസ്തകസമൂഹം

3.	വണ്ടിപ്പെരിയാറും മെട്ടും	20.	കാട്ടാമ്പാക്കൽ
5—8.	ബാംഗ്ലൂർ	23.	വിദ്യാഭ്യാസബോർഡ്
9.	കൊറനാട്	24.	ചെങ്ങന്നൂരും ഉപസഭകളും
10.	വെള്ളാശ്ശേരി	25—28.	ബോർഡുയോഗങ്ങൾ
11.	പുന്നവേലി	30.	കേരളാ ക്ലിലറി ഉൽഘാടനം
12.	സി. എൽ. എസ്., തിരുവല്ലാ.	ജൂലായി 1.	കോട്ടയം
17.	സെൻറ് ആൻഡ്രൂസ്, പന്നിമറ്റം	8.	മുണ്ടക്കയം

റവ. സി. ഐ. മത്തായി ഇംഗ്ലണ്ടിലേക്കു യാത്രയ്ക്കായി ജൂൺ 2നു ബോംബായിൽ നിന്നു കപ്പൽ കയറിയിരിക്കുന്നു. ബോംബെ ഡയോസിസിൽ നിന്നു റവ. കാനൻ ബോൾട്ടനും കൂടെ യാത്ര ചെയ്യുന്നതായറിയുന്നു.

നന്ദി

സ്തുതിയും സ്തോത്രവും കഴിക്കുന്നതിൽ ഏതു സന്തോഷമാണുള്ളതു. ക്രിസ്ത്യാനികളാകുന്ന നാം സ്തുതിയും സ്തോത്രവും അർപ്പിക്കുന്നവരാണു. എന്നാൽ മിക്കവാറും നമ്മുടെ അധരസേവയല്ലാതെ യഥാർത്ഥനന്ദിയുടെ ഒരു മനോഭാവമല്ല. ദൈവത്തെ സ്തുതിച്ചു സ്തോത്രം ചെയ്യുന്നതിനാൽ സ്വാർത്ഥമില്ലായ്മയുടെ മനോഹരതയും ആരോഗ്യത്തിന്റെ ഉന്മേഷവും മനുഷ്യസ്വാധീനശക്തിയുടെ ഗുണവും എല്ലാ വൈകൃതങ്ങളും അഭിമുഖീകരിക്കുന്ന ക്രിസ്തീയധൈര്യവും ഉളവാകുന്നു.

രാവിലെ നീ ഉണർന്നെഴുന്നേൽക്കുമ്പോൾ നിന്റെ മനോഭാവമെന്തു? ഒരു സന്തോഷവുമില്ലാത്തവിധത്തിൽ തലോന്നാണോ എഴുന്നേറ്റു വരുന്നതു? ഉണർന്നാലുടനെ ഇന്നത്തെ സംഭവങ്ങൾ, അനുഭവങ്ങൾ, കണക്കുകൂട്ടലുകൾ തുടങ്ങുന്നതിനു മുമ്പു അതവസാനിച്ചെങ്കിൽ മതിയായിരുന്നെന്നുള്ള ഒരു തോന്നൽ! ചിന്താഭാരമോ ഉറക്കം തുലിയവനായോ അവസാനനിമിഷത്തിൽ കിടക്കയിൽ നിന്നെഴുന്നേറ്റു ദ്രുതഗതിയിൽ പ്രഭാതശുചീകരണകൃത്യങ്ങൾ നിവൃത്തിച്ചുകൊണ്ടു അവസാനബസ്സിൽ ജോലി സ്ഥലത്തെക്കോ ആപ്പീസിലേക്കോ ബദ്ധപ്പെടുന്നു. കുഞ്ഞുങ്ങളോടു ദേഷ്യപ്പെട്ടു ചാടിച്ചുകൊണ്ടു അവരെ ധൃതഗതിയിൽ ഒരുക്കി സ്കൂളിലേക്കയക്കുന്നു. അതല്ലെങ്കിൽ യാതൊന്നിലും ഒരുന്മേഷം ഇല്ലാത്ത വിധത്തിൽ ചിന്താവി

ഹീനനായി ഒരു തടിക്കുണ്ണം കണ്ണുകൊണ്ട് ഉദ്ദേശശ്രുന്യമായ ഒരു ചലനം മാത്രമായി കാണപ്പെടാം. ഒരു പ്രസന്നതയോ ഉത്സാഹമോ പ്രതീക്ഷയോ മുഖത്തു സ്ഫുരിക്കുന്നതായി കാണുന്നില്ല അല്ലെങ്കിൽ ഭീതിയും ഇച്ഛയും അസ്വസ്ഥതയുമുള്ളവനായി നൈരാശ്യത്തോടെയിരിക്കുന്നതായി കാണപ്പെടുന്നു. എന്നാൽ ഇതിനൊക്കെയുമുള്ള പ്രതിവിധി ഒരു നന്ദി നിറഞ്ഞ ഹൃദയവും സന്തുഷ്ടമനോഭാവവുമാകുന്നു. ഓരോ ദിവസവും രാവിലെ ഉണർന്നെഴുന്നേല്ക്കുമ്പോൾ അല്പസമയമെടുത്തു ദൈവം ചെയ്തു തന്ന ഉപകാരങ്ങളെ ഓർത്തു നന്ദിപൂർവ്വം സ്തോത്രം ചെയ്യുന്നെങ്കിൽ നിന്റെ ഹൃദയത്തിൽ സന്തോഷം നിറയുന്നതിനും ഉത്സാഹമുള്ളവനായിതീരുന്നതിനുമിടയാകും. ഉണർന്നെഴുന്നേറ്റയുടനെ മനസ്സിൽ ഇങ്ങനെ ഓർത്തു പ്രസ്താവിക്കുക—"ഇതു യഹോവാ ഉണ്ടാക്കിയ ദിവസം; അതിൽ ഞാൻ സന്തോഷിക്കും" നിയ്യല്ല ദൈവമാണു ഈ ദിവസത്തെ നിർമ്മിച്ചതു. നീ അതുപയോഗിച്ചു പ്രയോജനപ്പെടുത്തി അനുഗ്രഹപ്രദമാക്കുവാനുള്ള ഒരവസരമായി നിന്നെ ഏല്പിക്കയാണു ചെയ്തിരിക്കുന്നതു. അതു നിന്റെ ഇന്നിനക്കായിട്ടുമാണു.

പിന്നെ ചെയ്യണ്ടതു ദൈവത്തിനു ഇന്നു നന്ദി പറയുന്നതിനുള്ള കാര്യങ്ങളെല്ലാം ഓർമ്മിച്ചുവെക്കുക. അമേരിക്കയിലെ ആദ്യകുടിയേറ്റക്കാർ പ്രതിദിനം ഉപകാരങ്ങൾ ഓരോന്നായി എണ്ണി സ്തോത്രം ചെയ്യുന്ന ഒരു കീർത്തനം പാടുക പതിവായിരുന്നു. കഴിഞ്ഞ ദിവസത്തെ സംഭവങ്ങളും അനുഭവങ്ങളും ഓർത്തു അവയിൽ നിന്നു പഠിക്കാവുന്ന പാഠങ്ങൾ മനസ്സിൽ പിടിച്ചുകൊൾക. ചില കാര്യങ്ങൾ ആശിച്ചവിധം സാദ്ധ്യമായില്ലെങ്കിലും അവയിൽ നിന്നു ചില പാഠങ്ങൾ പഠിക്കുന്നതിനുണ്ടായിക്കാണും. അതു മൂലം ഹൃദയത്തിൽ സന്തോഷമുണ്ടാകാവുന്നതാണ്.

നീ ആഗ്രഹിക്കുന്നതിലും അർഹിക്കുന്നതിലും അധികം അനുഗ്രഹങ്ങൾ നിനക്കു നല്കുന്നതിനു ദൈവം വാഞ്ഛിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവ ശരിയായി വിലമതിക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള കഴിവു നിനക്കില്ലെങ്കിൽ അവ നിനക്കു ലഭ്യമാകയില്ല. ചില മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കു മുഴുവിതോന്നത്തക്കവണ്ണമുള്ള കളിക്കോപ്പുകളും നഷ്ടപ്പെടുത്തിക്കളയത്തക്കവണ്ണമുള്ള പണവും ഉപയോഗപ്പെടുത്തത്തക്കവണ്ണമുള്ള സ്വാതന്ത്ര്യവും കൊടുത്തവരെ വക്ഷുബ്ധരാക്കിതീർക്കുന്നു. എന്നാൽ ദൈവം ഒരു നല്ല പിതാവാകുന്നു. ചെറുതും വലുതുമായ ഉപകാരങ്ങളെ നീ ശരിയായി വിലമതിക്കുന്നതിനും ഉപയോഗിക്കുന്നതിനും അവൻ ആഗ്രഹിക്കുന്നു അതിനാലത്രേ നന്ദിയുള്ളവനായി അവനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നതിനു അവൻ ആവശ്യപ്പെടുന്നതു. അവന്റെ സകല നന്മയ്ക്കായും ആർദ്രകരുണയ്ക്കായും നമുക്കു അവനു മഹാവിനയവും മനപൂർവ്വവുമായുള്ള സ്തോത്രം ദിനസ്തുതി ചെയ്യാം.

ഹൃദ്രോഗ നിവാരണം. ലഫ് കേർണൽ ഡോ. സി. ആർ. കൃഷ്ണസ്വാമി അവർകൾ ഹൃദ്രോഗത്തെപ്പറ്റി മദ്രാസിൽവച്ചു യുവജനങ്ങളോടു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. ഇക്കാലത്തെ നവീന ജീവിതഗതിയിൽ നേരിടുന്ന അത്യധ്വാനങ്ങളും ബദ്ധപ്പാടുകളും ഹൃദയസ്തംഭനത്തിനു ഹേതുവായി ഭവിക്കുന്നുണ്ട്. ജനങ്ങൾ അധികം വസിക്കുന്ന സ്ഥലങ്ങളിൽ ഉച്ഛിഷ്ടഭോജിനിയുടെ നിരന്തരോപയോഗം നിരോധിക്കേണ്ടതാണ്. ഇന്ത്യയെപ്പോലുള്ള ഉഷ്ണരാജ്യത്തു തെഴിൽസമയം കാലത്തു 6 മണി മുതൽ 12 വരെയാക്കുകയാണുത്തമം. സ്ഫുടിച്ച ശരീരകാംക്ഷ ഹൃദ്രോഗം അധികമായിട്ടുണ്ടാകുന്നതു. ഇതിനു സിദ്ധൌഷധമായി ഒന്നും കണ്ടുപിടിച്ചിട്ടില്ല. ഡോക്ടർമാർ മേർഫ്യയാണു സാധാരണ കൊടുക്കുന്നതു. 80 ശതമാനവും അതുകൊണ്ടു ഗുണപ്പെടുന്നതായി കാണുന്നുണ്ട്. ഹൃദ്രോഗത്തിന്റെ അപകട സമയം ആരംഭത്തിലാണ്. പരിപൂർണ്ണ വിശ്രമമാണാവശ്യം. ഡോക്ടരുടെ ഉപദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കയും വേണം. തടിച്ച ദേഹക്കാർ അവരുടെ ശുക്രം വർദ്ധിക്കാതിരിപ്പാൻ പ്രത്യേകം കരുതണം. മിതഭോഗവും ഭോഗേച്ഛയുടെ നിയന്ത്രണവും ആവശ്യമാണ്. വെയിലിന്റെ കാഠിന്യത്തിൽ വെളിയിൽ സഞ്ചരിക്കുന്നവർക്കു പാദരക്ഷയും കുടയുമുണ്ടായിരിക്കണം. ആഹാരക്രമത്തിൽ പ്രോട്ടീൻ എന്ന പോഷകാംശമുള്ളവ ഭക്ഷിക്കേണ്ടതാവശ്യമാണ്. അതിനു മാംസത്തിലെ പ്രോട്ടീനാണു നല്ലതു. സസ്യഭോജികൾ അസാരം മാംസംകൂടെ ഉപയോഗിച്ചാൽ കൊള്ളാം. നെല്ലരി ആഹാരത്തിൽ അധികവും അംഗാരാമ്ലമാണ്. കൂടെക്കൂടെ ഭക്ഷിച്ചും വ്യായാമമെടുത്തും ജീവിക്കുന്ന പ്രകൃതം ഓർത്തുകൊൾക.



ബ്രിസ്ബൻ ആർച്ച് ബിഷപ്പിന്റെ സന്ദർശനം

ആസ്ത്രേലിയായിലെ കപീർസ്ലന്റ് സംസ്ഥാനത്തെ ആർച്ചുബിഷോപ്പു മോസ്റ്റ് റവ. ബി. സി. ഹാൽസ് ബ്രോർണിയായിലേക്കു പോകുന്നവഴി മെയ് 9നു ഇവിടെയെത്തുമെന്നും രണ്ടുദിവസം താമസിക്കുമെന്നും കഴിഞ്ഞ മാസത്തെ ജ്ഞാനനിക്ഷേപത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. 9നു ബുധനാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്കു ഇവിടെ എത്തുകയും 4.30നു വിവിധ സമുദായങ്ങളിലെ എപ്പിസ്കോപ്പാമാരെയും അടുത്തുള്ള പട്ടക്കാരെയും ക്ഷണിച്ചുവരുത്തി ബിഷോപ്പിന്റെ ബഹുമാനാർത്ഥം ഒരു ഗാർഡൻ പാർട്ടി നടത്തുകയുണ്ടായി. ബഹുമാന്യതിഥിയും അതിശ്രേയസ്കരനായ ബിഷോപ്പുമാരെ കൂടാതെ മാർ യൂഹാനോൻ തിമോത്തിയോസ് മെത്രാപ്പോലീത്താ മാർ അത്തനേഷ്യസ് മാർ അത്താനാസ്യോസ്, മാർ അപ്രേം കോർ എപ്പിസ്കോപ്പാ, മാർ അപ്രേം ക്ലിമ്മീസ് മാർ ഇവാനിയോസ് മാർ ആഥനേഷ്യസ് എന്നീ തിരുമേനിമാർ സാമോദം വന്നു സംബന്ധിച്ചിരുന്നെന്നു പ്രസ്താവ്യമാണു. എല്ലാവരെയും പ്രശസ്താതിഥിക്കു പരിചയപ്പെടുത്തിയതിന്റെ ശേഷം, സൈരസല്ലാപത്തിലേർപ്പെടുകയും ചായകുടിക്കുകയും ചെയ്തു ബിഷോപ്പുമാരുടെയും പിന്നീടു എല്ലാവരുടെയും ഉൾപ്പെടുത്തിയുള്ള ഫോട്ടോ എടുത്തശേഷം 6 മണിയോടെ പിരിയുകയും ചെയ്തു.

പിറ്റെ ദിവസമായ വ്യാഴാഴ്ച രാവിലെ 7.30 മണിക്കു ഭദ്രാസനപ്പള്ളിയിലും 9.30 മണിക്കു കഞ്ഞിക്കഴി പള്ളിയിലുമുള്ള ശുശ്രൂഷകളിൽ ആർച്ചുബിഷോപ്പുതിരുമേനി സംബന്ധിച്ചു പ്രസംഗിക്കയും ചെയ്തിട്ടു ബഥേൽ ആശ്രമവും ബിഷോപ്പന്മാരുടെ അരമനകളും സന്ദർശിച്ചു മടങ്ങി വന്നതിന്റെ ശേഷം മി. എ. വി. ജോർജ്ജിന്റെ ക്ഷണപ്രകാരം പേൾഹില്ലിൽ 5 മണിക്കുണ്ടായിരുന്ന ററീ പാർട്ടിയും കഴിഞ്ഞു 11നു രാവിലെ സ്ഥലം വിടുകയും ചെയ്തു. പേൾഹില്ലിലെ ചായസല്ക്കാരത്തിൽ വിവിധക്രൈസ്തവസമുദായങ്ങളിൽനിന്നുള്ള 35 പേർ സംബന്ധിച്ചിരുന്നു. ചായകുടിയുടെശേഷം സന്നിഹിതരായവരെ പ്രതിനിധീകരിച്ചു ആർച്ചുബിഷോപ്പുതിരുമേനിക്കു സ്വാഗതമരുളിക്കൊണ്ടു റവ. ഫാ. കെ. ഫിലിപ്പോസവർകൾ ഒരു പ്രസംഗം ചെയ്തു. തുടർന്നു മി. എ. വി. ജോർജ്ജും മി. കെ. ററി. തോമസും ചുരുക്കമായി സംസാരിച്ചു. ബഹുമാന്യാതിഥിയായ ആർച്ചുബിഷോപ്പുതിരുമേനി മറുപടിയായി ആസ്ത്രേലിയായിൽനിന്നുള്ള തന്റെ യാത്രാലക്ഷ്യം ബ്രോർണിയായുടെ തല്സ്ഥാനത്തു പണിതിരിക്കുന്ന ഭദ്രാസനപ്പള്ളിയുടെ പ്രതിഷ്ഠാശുശ്രൂഷയിൽ ആസ്ത്രേലിയൻ സഭയെ പ്രതിനിധീകരിച്ചു സംബന്ധിക്കുന്നതാണെന്നും അവിടേക്കു പോകും വഴി നമ്മുടെ ബിഷോപ്പുതിരുമേനി അവിടെ ചെന്നു താമസിച്ചതിന്റെ പ്രതിസന്ദർശനം നടത്തേണ്ടതു കർത്തവ്യമായി നിർവ്വഹിക്കയാണെന്നും ആസ്ത്രേലിയായിലെ ക്രൈസ്തവസഭ ആദ്യകാലത്തു കർക്കടാ മഹായിടവകയിൽപ്പെട്ടിരുന്നതിനാൽ ഇപ്പോൾ വന്നെത്തിയിരിക്കുന്നതു തങ്ങളുടെ മാതൃസഭയിലാണെന്നും കാലാന്തരത്തിൽ, മാതൃസഭയും ആസ്ത്രേലിയൻ സഭയും വളരെ അനേകം മഹായിടവകകളായി തീർന്നിരിക്കുന്നെന്നും നമ്മുടെ എല്ലാവരുടെയും ക്രൈസ്തവധർമ്മം നമ്മുടെ രാജ്യങ്ങൾക്കുള്ളിലും പുറത്തു സമീപദേശങ്ങളിലുമുള്ള എല്ലാവരെയും ക്രിസ്തുമൂലം ദൈവരാജ്യത്തിലേക്കു പ്രവേശിപ്പിക്കയെന്നുള്ളതാണെന്നും പ്രസ്താവിച്ചു. 75 വയസ്സുള്ള ആർച്ചുബിഷോപ്പുതിരുമേനി പ്രശാന്തഗംഭീരനും സൌമ്യനുമായ ഒരു പുണ്യവാനായി എല്ലാവർക്കും പ്രത്യക്ഷമായിരുന്നു.

ബിഷോപ്പുതിരുമനസ്സിലെ നെടുങ്ങാടപ്പള്ളി സന്ദർശനം

മെയ് 5നു ശനിയാഴ്ച ബിഷോപ്പുതിരുമേനി വിവിധ പ്രത്യേക ശുശ്രൂഷകൾക്കായി നെടുങ്ങാടപ്പള്ളി സന്ദർശിക്കയുണ്ടായി. ചാപ്പ്ലെയിനായി റവ. സി. കെ. ജോണച്ചനെയും കൊണ്ടുപോയിരുന്നു. 10മണിക്കു സ്ഥലത്തെത്തി ആദ്യം ഏതാനുംപേരെ പ്രത്യേകം ഉദ്ദേശിച്ചു ഒരു സ്ഥിരീകരണശുശ്രൂഷനടത്തിയതിന്റെശേഷം ശ്രീ. എൻ. ഇ. വറുഗീസ് വക്കീലവർകൾക്കും 80 വയസ്സു തികഞ്ഞതിന്റെ നന്ദി സൂചകമായി ഒരു പ്രത്യേക സ്തോത്രശുശ്രൂഷ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും റവ. ററി. ജെ. വക്കി, റവ. എ. എൻ. നൈനാൻ എന്നീ പട്ടക്കാരുടെ സഹകരണത്തിലും നടത്തപ്പെട്ടു. നെടുങ്ങാടപ്പള്ളിയിലേക്കു പുതുതായി സ്ഥലം

മാറി വന്ന റവ. ററി. ജെ. വക്കിയച്ചനെ അവിടത്തെ ഇടവകപ്പട്ടക്കാരനായി അവരോധിക്കയും ചെയ്തു. എല്ലാററിന്റെയും കടശ്ശിയായി വിശ്വലബസംസ്ഥാപനശ്രമങ്ങളും നിവ്വഹിച്ചു. ഒടുവിൽ മി. എൻ. ഇ. വറുഗീസ് ഒരു പ്രത്യേക സ്തോത്രവഴിപാടായി 1001 ക ബിങ്കോപ്പു തിരുമേനിയെ ഏല്പിക്കയും അതിന്റെ പ്രതിവർഷ ചലിശ കൊണ്ടു സാധുജനസഹായങ്ങൾ ചെയ്യണമെന്നു അഭ്യർത്ഥിക്കയും ചെയ്തു.

കൽദയാസുറിയാനി സെമിനാരി ഉൽഘാടനം

തൃശ്ശൂരെ കൽദയാ സുറിയാനി സഭയുടെ ചരിത്രത്തിൽ പ്രതികൂല സാഹചര്യങ്ങളാൽ മുമ്പൊന്നെ നിർത്തൽചെയ്യാൻ നിർബ്ബന്ധിതമായിത്തീർന്ന വൈദികവിദ്യാലയത്തിന്റെ പുനരുദ്ധാരണാർത്ഥം പണിയപ്പെട്ട പുതിയ കെട്ടിടത്തിന്റെ ഉൽഘാടനവും മെത്രാപ്പോലീത്താതിരുമേനി അവരോധിക്കപ്പെട്ടതിന്റെ ചതുർവ്വാർഷികവും ആഘോഷിക്കുന്ന ഈയവസരത്തിൽ അദ്ദേഹത്തെ സമുദായമായി അനുമോദിക്കുന്ന ചടങ്ങും നിവ്വഹിക്കുന്നതിനുള്ള പൊതുസമ്മേളനം മെയി 20നു ഞായറാഴ്ച 5 മണിക്കു നമ്മുടെ ബിഷപ്പുതിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ സാഘോഷം നടത്തപ്പെട്ടു. മുൻ മെത്രാപ്പോലീത്തായുടെ നിവ്യാണശേഷം ഏതാനും വർഷം സഭോദ്ധ്യക്ഷപദം ഒഴിഞ്ഞുകിടന്നുപോയതിനാൽ സഭ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. പ്രസ്തുത ദുരിതാവസ്ഥ വർണ്ണിക്കുന്ന മംഗളപത്രഭാഗം ഇവിടെ ഉദ്ധരിക്കുന്നു. "തിരുമേനിയുടെ പ്രശസ്ത മുൻഗാമിയും സുസ്മരണക്രമാനുഗതനുമായ മാർ തിമോഥിയോസ് മെത്രാപ്പോലീത്തായുടെ ദീനനിവ്യാണാനന്തരം ഇതികർത്തവ്യതാമൂഢരായ ഞങ്ങൾ അലയുലഞ്ഞു നടന്നിരുന്നതായ ആ അന്ധകാരാന്ധരീക്ഷത്തിന്റെ സുവിദിതമായ ഒരു പ്രതിഛായയാണു അതീതകാലാവലോകനം ഇന്നു ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്നതു. അക്കാലത്തു ബാഹ്യമായി ഞങ്ങളെ ഉന്മൂലനാശം ചെയ്യാൻ തക്കംപാർത്തു നാലു ഭാഗത്തും ജാഗരൂകരായി വർത്തിച്ചിരുന്ന കക്ഷത്രയം പരോന്മത്തരുമായ ശത്രുക്കളാൽ ഞങ്ങൾ വലയം ചെയ്യപ്പെട്ടിരുന്നു. അകത്താകട്ടെ തമ്മിൽ തമ്മിൽ കടിച്ചുകീറത്തക്ക വിധത്തിൽ മത്സരിച്ചുകൊണ്ടിരുന്ന ചേരിപ്പിരിവുകൾക്കും ഞങ്ങൾ അധീനരായിരുന്നു. സർവ്വോപരി ഈ വിഷമസന്ധിയിൽ ഞങ്ങളെ സംരക്ഷിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ യാതൊരു ആന്തരിക നേതൃത്വവും ഞങ്ങൾക്കുണ്ടായിരുന്നില്ലതാനും. ഇങ്ങനെ നാശഗർത്തത്തിന്റെ അടിത്തട്ടിലേക്കു ഞങ്ങൾ താഴ്ന്നതുപോലെ ഒരു പ്രതീതിയാണു അനുഭവപ്പെട്ടായിരുന്നതു. എന്നാൽ മൈവപരിപാലനയും നമ്മുടെ വിശ്വാസത്തിന്റെ മാത്രമല്ല അസ്സീറിയൻ ജനതയുടെ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ഭയങ്കര വിപത്തുകളുടെ പാടെ വിപാടനം ചെയ്യുന്നതിനു പലപ്പോഴും നിദാനമായിത്തീർന്ന കിഴക്കിന്റെ കഥോലിക്കോസ് പാത്രിയർക്കീസ് അതിനിതാന്തവന്ദ്യനിവ്വി ശ്രീ മാർ ഈശൈ ശിംഓൻ ബാവാതിരുമേനിയുടെ പിതൃവാത്സല്യവും സസൂക്ഷ്മനിരീക്ഷണശക്തിയും കർമ്മധീരതയും ഞങ്ങളുടെ സഹായത്തിനെത്തിച്ചേർന്നു. അങ്ങനെ അരക്ഷിതവും അന്ധകാരാവൃതവുമായ ആ ദുരവസ്ഥയിൽനിന്നു പ്രശോഭിതവും സമാധാനപരവും സുരക്ഷിതവുമായ ഒരു പന്ഥാവിലേക്കു പുരോഗമിക്കുന്നതിനുള്ള മാർഗ്ഗം തെളിയിച്ചുകൊണ്ടു തിരുമേനിയെ അന്നു അനാഗമായിരുന്ന ഇന്ത്യൻ ഭദ്രാസനത്തിലേക്കു തിരഞ്ഞെടുക്കയും അവരോധിക്കയും ചെയ്തു.

തിരുമേനി ഞങ്ങളുടെ ഭരണാധികാരിയായി നിയുക്തനായ ഘട്ടത്തിൽ സഭയിൽ നഴഞ്ഞുകയറിയിരുന്ന ഒട്ടുവളരെ സ്വഭാവിക പ്രതികൂലസാഹചര്യങ്ങളിൽ ക്രൂടിയാണ് ഏതാദ്ദശപുരോഗമനപദ്ധതികൾ ആവിഷ്കരിച്ചു പ്രവർത്തിച്ചുതെന്നു ഞങ്ങൾ സുവിദിതമായി അറിയുന്ന ഒരു വസ്തുതയാണു. ദൂരാന്വിതമായ ഈ ഭാരതഖണ്ഡത്തിൽ തിരുമേനി ആഗതനായതിനുശേഷം അധികം മാസങ്ങൾ കഴിയുന്നതിനുമുമ്പുതന്നെ തിരുമേനിക്കു വിധേയനായിത്തീരാൻ നിർഭാഗ്യമുണ്ടായതും, സ്വഭാവമൂലഗവേഷണത്തിലും, നിവാരണമാർഗ്ഗനിർദ്ദേശത്തിലും പാശ്ചാത്യപൌരസ്ത്യവൈദ്യശാസ്ത്രത്തെ ഇതേവരെ ഒന്നാകെ അമ്പരിപ്പിച്ചതുമായ രോഗസ്ഥിതി ഭൂതകാലത്തെ ഏതൊരനുഭവത്തിനും സംഭവവികാസങ്ങളുടെ പ്രത്യാഗമാ

തങ്ങൾ ആദിയായവ വിജയശ്രീലാളിതമായ ഒരു പുരോഗമനത്തിനു ഗൗരവാവഹമായ വിഘാതഹേതുകങ്ങളുടെയ്തെ എന്നതു ഒരു പരമാർത്ഥം മാത്രമാണു. എന്നാൽ ഇവയെല്ലാം അവഗണിച്ചും നിർദ്ദിഷ്ടമായൊരുദ്ദേശത്തോടും സർവ്വശക്തനായ ദൈവത്തിൽ ദൃഢവിശ്വാസത്തോടും ഉജ്ജീവനവൃത്തിയുടെ ഔചിത്യത്തിലുള്ള പരിപൂർണ്ണബോധത്തോടും കൂടി ഞങ്ങളുടെ ആത്മിയോന്നമനത്തിനും ലൌകികോൽക്കർഷത്തിനും വേണ്ടി അധൈര്യത്തിനധീനനാകാത്ത ഉഗ്രവ്രതത്തോടെ അഹോരാത്രം അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരിക്കയാണു തിരുമേനി ചെയ്യുന്നു. പരിതസ്ഥിതികൾ സാധാരണമോ അനുകൂലമോ ആയിരുന്നുവെങ്കിൽ നമ്മുടെ സഭയുടെയും സമുദായത്തിന്റെയും ഭാവി ഉണ്ണത്തെ പുരസ്കരിച്ചു കൂടുതൽ നിർമ്മാണപരവും ആശാസ്യവുമായ പദ്ധതികൾ തിരുമേനി ആവിഷ്കരിക്കുമായിരുന്നെന്നു ഞങ്ങൾക്കു പരിപൂർണ്ണവിശ്വാസമുണ്ട്."

ധ്യാനശകലങ്ങൾ

എന്റെ അടുക്കൽ വരുവിൻ. മത്താ. 11. 28.

നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ ദിവസവും ദിവസംതോറും തുടക്കമായി നാം അവന്റെ അടുക്കൽ ചെന്നുകൊണ്ടിരിക്കും. അവന്റെ നിറവിലേക്കു നമ്മുടെ ഒന്നുമില്ലായ്മയും അവന്റെ ശക്തിയിലേക്കു നമ്മുടെ ശക്തിഹീനതയും അവനു നമ്മുടെ വിശ്വാസത്തിന്റെ ഒരു നിരന്തരാനുഭവമാക്കുന്നതുവരെയും കൊണ്ടുവന്നുകൊണ്ടിരിക്കുകയും നാം ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെ നമുക്കു സഹജമായിത്തന്നെ നമ്മുടെ ആത്മാക്കൾ കഴിവില്ലായ്മയിൽനിന്നു അവന്റെ പൂർണ്ണ കഴിവിലേക്കും അവനവരിൽനിന്നു പരമരക്ഷകനിലേക്കും അർപ്പണം ചെയ്യുന്നതുവരെ അടുത്തു ചെല്ലുകയും ചെയ്യുന്ന ഒരു സമീപനകൃത്യമാകുന്നു.

തിരുഹിതം എന്റെ ഹിതം

ദൈവഹിതം നിവർത്തിക്കപ്പെടുന്നതിനു എന്റെ ഹിതം നിശ്ശേഷം ഹനിക്കപ്പെടണമെന്നല്ല അതിന്റെ സാരം. മനുഷ്യനു ശരിയായതും ഫലപ്രദമായതുമായ ഒരിഛാശക്തി അത്യാവശ്യമാണ്. അതില്ലാത്തവൻ മനുഷ്യനല്ലെന്നു പറയണം. മനുഷ്യന്റെ പരിപൂർണ്ണാവസ്ഥ അവന്റെ ഇഛാശക്തിയെ അശേഷം നശിപ്പിച്ചു കളയുന്നതിലല്ല ദൈവഹിതത്തോടു അവന്റെ ഇഛയും സംയോജിപ്പിക്കുന്ന അനുഭവമാണ്.

ശക്തിയേറിയ പ്രാർത്ഥന

നമ്മുടെ പ്രാർത്ഥനയ്ക്കു ഉപവാസം മൂലം കൂടുതൽ ശക്തി ലഭിക്കുന്നതാകുന്നു. നാം പ്രാർത്ഥിക്കുമ്പോഴെല്ലാം ഉപവസിക്കണമെന്നു അർത്ഥമാകുന്നില്ല. എന്നാൽ ഓരോരുത്തരുടെ ജീവിതത്തിലും പ്രത്യേക ശുദ്ധകളിലും തീക്ഷ്ണതയും ശക്തിയും ഏറിയ പ്രാർത്ഥന അത്യാവശ്യമായ ഘട്ടങ്ങൾ നേരിടുന്നു. അവസരങ്ങളിൽ നമ്മുടെ സാമൂഹ്യാവശ്യങ്ങളുടെയും സന്തോഷങ്ങളുടെയും അനുഭവത്തിൽനിന്നു പിന്തിരിഞ്ഞു പ്രാർത്ഥനയിൽ ഉറച്ചിരിക്കുന്നതു ഫലപ്രദമായിരിക്കും. ആ പ്രാർത്ഥനയ്ക്കു ഒരു പ്രത്യേക ശക്തിയുണ്ട്. ചില കാലഘട്ടങ്ങളിൽ ചട്ടപ്രകാരമുള്ള ഒരു നേമ്പാചരണമോ ഉപവാസമോ കൊണ്ടല്ല വലിയ ഫലമുളവാക്കുന്നു. എന്നാൽ പ്രത്യേകമായ ആത്മിക പ്രബുദ്ധതയോടും നിക്കുയോടുംകൂടെ ഉറച്ചിരുന്നനുഷ്ഠിക്കുന്ന പ്രാർത്ഥന—ന്യായമെന്നു തോന്നുന്ന കാര്യങ്ങളെപ്പോലും ത്യജിച്ചുകൊണ്ടു ചെയ്യപ്പെടുന്ന പ്രാർത്ഥനയ്ക്കു കൂടുതൽ ശക്തിയുണ്ടെന്നനുഭവപ്പെടുന്നു.

ദൈവത്തിനു ഒന്നും അസാദ്ധ്യമല്ല

ദൈവത്തിനു ഉത്തരമരുളാൻ പ്രയാസമുള്ള ഒരു പ്രാർത്ഥനയുമില്ല (ഉല്പ. ൧൮, ൧൪).

ദൈവത്തിനു നിവർത്തിച്ചുകൊടുക്കാൻ പ്രയാസമേറിയ ഒരു വാഗ്ദത്തവുമില്ല (യിരെ. ൩൨. ൧൭).

ദൈവത്തിനു പരിഹരിക്കാൻ പാടില്ലാത്ത ഒരു പ്രശ്നവുമില്ല (മത്താ. ഫൻ. മനു).

ദൈവത്തിനു മാറാൻ കഴിയാത്ത ഒരു സ്ഥലവും സ്ഥിതിയുമില്ല മൂക്കോ. ഹ. നു൭ ; യെശയ്യ. രനു: ഫൻ.

ദൈവത്തിനു തകർക്കുന്നതിനൊ പൂതുക്കുന്നതിനൊ കഴിയാത്ത ഒരു ഹൃദയവുമില്ല (സങ്കീ. ഫരു൭. നു ; ഏബ്രാ. ൭. മ൪).

ദൈവത്തിനു ആവത്തിക്കുന്നതിനൊ പരിഷ്കരിക്കുന്നതിനൊ പ്രയാസമുള്ള ഒരു കാലശയുമില്ല (ഹഗ്ഗാ. ഫ. ൻ ; ഏബ്രാ. ഫനു. വ്യ ; ഏഫേ. നു. ഫം.)

ദൈവത്തിന്റെ വചനം സത്യം തന്നെ. ഉഗ്രതരമായ പ്രാർത്ഥനയുടെ വ്യവസ്ഥകൾ ശരിക്ക പാലിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നെങ്കിൽ അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തിക്കുന്ന ദൈവം കേട്ടുത്തരമരുളും.

ഇടവകസംരംഭങ്ങളെപ്പറ്റി മുൻ ലക്കത്തിൽ സംഗ്രഹമായി പ്രസ്താവിച്ചിരുന്നതു സഭാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെല്ലാം സശ്രദ്ധം വായിച്ചു കാണുമല്ലോ. നമ്മുടെ സഭാംഗങ്ങളുടെ ആത്മികനില വ്യക്തിപരമായും സഭയായും ഉയർത്തിക്കൊണ്ടു പോകണമെന്നും അന്യോന്യമുള്ള സ്നേഹസഹാനുഭവങ്ങളോടുകൂടിയ ക്രൈസ്തവസേവനത്തിൽ ഏവരെയും ഉൽസുകരാക്കണമെന്നുള്ളതാണല്ലോ നമ്മുടെ ക്രിസ്തീയ സഭാശുശ്രൂഷയുടെ ലക്ഷ്യം. അതിനു മതിയായ വിധത്തിൽ ഇടവകയിലുള്ള വിവിധസംഘടനകളെയും ശുചീകരിക്കുകയും ക്രമാനുഗതമായും കായ്ക്ഷമമായുമുള്ള പ്രവർത്തനപദ്ധതിയിൽ നയിക്കയും ചെയ്യേണ്ടതാണു. ഓരോ ഇടവകയുടെ പ്രവർത്തനവിധത്തിൽ വിശേഷവിധിയായിട്ടുള്ള മറ്റുള്ളവക്ക് സഹായകരമായി തീരാവുന്നതാകയാൽ സഭാപ്രവർത്തനം എങ്ങനെയെല്ലാം അഭിവൃദ്ധിപ്പെടുത്താമെന്നുള്ള വിവരങ്ങളോ നിരൂപണങ്ങളോ എഴുതിയയച്ചു തരുന്നതു പ്രയോജനകരമായിരിക്കും.

യഥാർത്ഥ സുഖജീവിതം

വ്യക്തിയുടേയും കുടുംബത്തിന്റേയും സമുദായത്തിന്റേയും ജീവിതോദ്ദേശം സുഖജീവിതമായിട്ടാണല്ലൊ ഏവരും കരുതിയിരിക്കുന്നതു (Happiness of Life) അതിനുള്ള ഉപാധികളുണ്ടെങ്കിൽ എല്ലാവരും അന്വേഷിക്കുകയും അവ അനുഭവസിദ്ധമാക്കുന്നതിനു ശ്രമിക്കയും ചെയ്യുന്നതു്. അതിനായിട്ടുള്ള അദ്ധ്വാനങ്ങളുണ്ടെങ്കിൽ രാപകലെന്നില്ലാതെ മാരോരുത്തർ ചെയ്തുകൊണ്ടിരിക്കുന്നതായി കാണുന്നതു്.

മനുഷ്യസമുദായത്തിന്റെ അഭേദ്യമായ ഒറ്റക്കണ്ണി (Unit) കുടുംബമാണു്. കുടുംബത്തിന്റെ സുഖജീവിതത്തിനുവേണ്ടി കുടുംബനായകൻ അദ്ധ്വാനിക്കുന്നു. കുടുംബത്തിൽ മറ്റു ശേഷിയുള്ളവരും അദ്ധ്വാനം ചെയ്യുന്നു. കുടുംബാംഗങ്ങളുടെ ജീവിതസുഖത്തിനുവേണ്ടി കഷ്ടപ്പെട്ടദ്ധ്വാനിക്കുന്ന ഈ പ്രയത്നം കുടുംബത്തിലുള്ള എല്ലാവരുടേയും പേക്ഷിക്കേണ്ടിയുള്ള നിസ്വാർത്ഥ സേവനമെന്നു സാമാന്യമായി പറയാമെങ്കിലും യഥാർത്ഥത്തിൽ അതു സ്വാർത്ഥപരമാണെന്നതെന്നു. കുടുംബാംഗങ്ങളോടുള്ള സ്നേഹവും അവരെപ്പറ്റിയുള്ള ഉത്തരവാദിത്വബോധവും സഹജമായും സ്വാഭാവികമായുമുള്ളതു തന്നെ. അതു ദൈവമനുഷ്യരായൊരു പ്രകൃതിവാസനയും ജീവജാലങ്ങൾക്കു പൊതുവെയുള്ള ഒരു ലക്ഷണവുമാകുന്നു.

എന്നാൽ മനുഷ്യൻ ജന്തുലോകത്തേക്കാൾ വളരെ ഉപരിയായ നിലയിൽ ജീവിക്കുന്നതിനും യത്നിക്കുന്നതിനും സൃഷ്ടിക്കപ്പെട്ടവനും ഉദ്ദേശിക്കപ്പെട്ടവനുമാകയാൽ അവനു നിശ്ചിതമായി സാമുദായികമായും രാഷ്ട്രീയമായുമുള്ള ഒരു ജീവിതാവസ്ഥയുണ്ടു്. പ്രസ്തുത ജീവിതാവസ്ഥയിലുള്ള സുഖജീവിതത്തെപ്പറ്റിയുള്ള ഉത്തരവാദിത്വബോധവും അതിനുവേണ്ടിയുള്ള നിസ്സ്വാർത്ഥ സേവനാസക്തിയും വേണ്ടിടത്തോളം ഇല്ലാതിരിക്കുന്നതുകൊണ്ടാണു അസംതൃപ്തിയും അ

സ്സമ്പാദനവുമായി സമുദായങ്ങളും രാജ്യങ്ങളും കഴിഞ്ഞുകൂടുന്നതു്. എന്നാൽ അതിനെപ്പറ്റിയുള്ള ഉജ്ജ്വലബോധത്തിന്റെ ഫലമായിട്ടാണ് നേതാക്കന്മാരും ഭരണാധിപന്മാരും തങ്ങളുടെ രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമാഭിവൃദ്ധിക്കുവേണ്ടി പ്രത്യേക പദ്ധതികൾ രൂപീകരിക്കുകയും അവ നടപ്പിൽ വരുത്തുന്നതിനുള്ള പ്രയത്നങ്ങൾ നിർവ്വഹിക്കയും ചെയ്യുന്നതു. അതിന്റെ ഒരുത്തമ ദൃഷ്ടാന്തമാണു നമ്മുടെ ഗവർമ്മെന്റു സ്വീകരിച്ചിട്ടുള്ള പഞ്ചവത്സരപദ്ധതികൾ. അതോടുകൂടെ സമുദായനേതാക്കന്മാർ നിർദ്ദേശിച്ചു നടത്തിവരുന്ന ഭൂദാനയജ്ഞം, കമ്മ്യൂണിറ്റി പ്രോജക്ട്, സാമൂഹ്യസേവനപ്രസ്ഥാനങ്ങൾ മുതലായവ. ഭരണകർത്താക്കളുടെയും സമുദായക്ഷേമകാംക്ഷികളുടെയും ഈ ഉദ്ദേശങ്ങളുടെയും നിസ്വാർത്ഥചിന്താഗതിക്കും വമ്പിച്ച പരിശ്രമപരമ്പരകൾക്കും ജനസാമാന്യം എത്രകടപ്പെട്ടിരിക്കുന്നെന്നു പ്രത്യേകം പ്രസ്താവിക്കണമെന്നില്ല.

ഇന്ത്യയിലെ ജനങ്ങൾ അധികവും മാർഗ്ഗദർശനമില്ലാതെ ഉഴലുന്നവരാണു. മനുഷ്യന്റെ മൌലികാവശ്യങ്ങളായ ആഹാരം അങ്കി അഭയം ഈ മൂന്നില്ലാത്തവരായി എത്രകോടി ജനമുണ്ടു. ഈ അവകാശങ്ങൾ ഉറപ്പുള്ള ക്ഷേമരാജ്യമായി സംഘടിപ്പിക്കപ്പെട്ട രാഷ്ട്രത്തിൽ നിക്ഷേപിക്കപ്പെടാൻ പാടില്ലെന്നുള്ളതു കേവലം സാമാന്യമായ മനുഷ്യധർമ്മം മാത്രമാണു്. തത്ത്വജ്ഞാനമായ ബോധശക്തിയാണു മഹാത്മഗാന്ധി ആചാര്യവിനോബാഭാവെ മുതലായ മഹാത്മാക്കൾ സമുദായരാജ്യസേവനത്തിനായി തങ്ങളെത്തന്നെ അർപ്പിച്ചുകൊണ്ടു പ്രവർത്തിച്ചിട്ടുള്ളതു്. നവീനകാലസംരംഭങ്ങളെ കണക്കാക്കി നോക്കുമ്പോൾ അത്തരസാധുതകളെന്നു് ഗണിക്കാവുന്ന പലതും സംഭവിച്ചിരിക്കുന്നു. ഭൂദാനയജ്ഞത്തിന്റെ ജനയിതാവായ ആചാര്യവിനോബാഭാവെയുടെ 5 വർഷത്തെ 16,000 മൈൽ പാദയാത്രയുടെ ഫലമായി 53 ലക്ഷം ഏക്കർ ഭൂമി ദാനമായി കിട്ടിക്കഴിഞ്ഞിരിക്കുന്നു. ആന്ധ്രയിൽ 5 മാസം യാത്രചെയ്തതിന്റെ ഫലമായി 60 ആയിരത്തിലധികം ലഭിച്ചിട്ടുണ്ടു. തമിഴ് നാട്ടിലെ സഞ്ചാരംകൊണ്ടു 22 ലക്ഷം ഏക്കർ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇന്ത്യയിലാകെ ഒരുകോടി ഏക്കർ ഭൂമി ഭൂദാനയജ്ഞത്തിനായി ലഭിക്കുമെന്നാശിക്കാം. ഇതെല്ലാം സ്വന്തമായി ഭൂമിയും അഭയസ്ഥാനവുമില്ലാത്ത ദരിദ്രകുടുംബങ്ങൾക്കു വിതരണംചെയ്യുമ്പോഴാണു കൃഷിചെയ്യുന്നതിനു സ്ഥലവും കിടക്കുന്നതിനു ഇടവും നൽകുന്നതിനാണു. അതുപോലെ തന്നെ പഞ്ചവത്സരപദ്ധതികൾക്കു എത്രകോടി രൂപായാണു ചെലവിടുന്നതു. ഇപ്പോൾ 15നു പ്രധാനമന്ത്രി പ്രഖ്യാപിച്ച ലോകസഭയിൽ സമർപ്പിച്ച രണ്ടു പഞ്ചവത്സരപദ്ധതിക്കുള്ള ചെലവു കണക്കാക്കിയിരിക്കുന്നതു 7200 കോടി രൂപായാണു. വമ്പിച്ച ഈ ചെലവുകളെല്ലാം ചെയ്യുന്നതിന്റെ ഉദ്ദേശമെന്തു? ഇന്ത്യയിലുള്ള ഓരോ പൌരന്റെയും സുഖജീവിതം തന്നെ. മേൽപ്പറഞ്ഞവകൊണ്ടു ഓരോ കുടുംബത്തിനും കിടപ്പാൻ ഇടവും കൃഷിക്കു ഭൂമിയും അദ്ധ്വാനിപ്പാൻ തൊഴിലും അത്യാവശ്യങ്ങളായ ജീവിതസൌകര്യങ്ങളും ലഭിക്കുന്നു. എന്നാൽ ഇവകൊണ്ടു മാത്രം ജീവിതസുഖം കരസ്ഥമായോ? ആചാര്യഭാവെയുടെ പ്രബോധനങ്ങളിൽ മനുഷ്യർ അന്യോന്യം സ്നേഹമുള്ളവരും ഹൃദയം വെടിപ്പുള്ളവരുമായിരിക്കണമെന്നു ഉപദേശിക്കുന്നതായും കാണുന്നു.

അതിന്റെ യാഥാർത്ഥ്യമാണു ക്രിസ്തോപദേശങ്ങളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതു. ക്രൈസ്തവർക്കു അതെത്ര നിശ്ചയമുള്ളതെങ്കിലും അതു പ്രാവർത്തികമാക്കുന്നതിലും പ്രചാരപ്പെടുത്തുന്നതിലും എത്രമാത്രം അമാന്തിക്കുന്നു. സത്യരാജ്യം സമീപിച്ചിരികയാൽ മാനസാന്തരപ്പെടുവിൻ. ഹൃദയപരിവർത്തനമുണ്ടായ ഒരു ജീവിതാവസ്ഥയാലല്ലാതെ യഥാർത്ഥമായ ക്ഷേമരാജ്യമുണ്ടാകയോ സുഖജീവിതമനുഭവിക്കയോ ചെയ്കയില്ല. മുമ്പെ ദൈവരാജ്യവും അന്വേഷിപ്പിൻ. ദൈവത്തിന്റെ പ്രജകളായി സർവ്വേശ്വരനോടുള്ള ഉത്തരവാദബോധത്തോടുകൂടെ ധാർമ്മികമൂല്യങ്ങളെ ജീവിതപ്രമാണങ്ങളായി സ്വീകരിച്ചും ജീവിച്ചാലല്ലാതെ സമാധാനസന്തുഷ്ടിയും ജീവിതസുഖവുമനുഭവിക്കുന്ന ക്ഷേമരാജ്യം—ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതല്ല. ദൈവരാജ്യം മുഖ്യമായും ഭക്ഷണവും പാനീയവുമല്ല—പിന്നെയോ നീതിയും സമാധാനവും ആത്മാവിലുള്ള സന്തോഷവുമത്രെ.

ഭൂദാനം. സമ്പത്തിദാനം, ശ്രമദാനം മുതലായി വിവിധദാനങ്ങൾ ചെയ്യുന്നതു മനുഷ്യധർമ്മമായി ബോധ്യമാക്കുകയും അതു നടപ്പിൽ വരുത്തുന്നതിനു ഭൂമിയും ധനവും ശക്തിയുമു

ഇവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നിർബ്ബന്ധത്താലൊ നിയമനിർമ്മാണത്താലൊ അല്ല സ്വമനസ്സാലെ സന്തോഷപൂർവ്വം നിവൃത്തിക്കയാണ വേണ്ടതു. അതാണ ഏകയപരിവർത്തനത്തിന്റെ ഫലം. എന്നാൽ കൊടുക്കുന്നവർക്ക മാത്രമല്ല വാങ്ങിക്കുന്നവർക്കും അതേറ്റം അത്യാവശ്യമാണു. വീട്ടുകാലവധി പറഞ്ഞു വാടകകൊടുത്തിട്ടും സ്ഥലം കൃഷി ചെയ്യുന്നതിനു പാട്ടത്തിനേറ്റിട്ടും കാലാവധി കഴിഞ്ഞു കഴിഞ്ഞു കൊടുക്കാതെയും സമ്മതിച്ചിട്ടുള്ളതുക കൊടുക്കാതെയും ഉടമസ്ഥരെ വിഷമിപ്പിക്കയും ബുദ്ധിമുട്ടിക്കയും നഷ്ടപ്പെടുത്തുകയും ചെയ്യുന്ന എത്രയൊ ദുഷ്ടാന്തങ്ങളുണ്ടു. ഇതു സുഖജീവിതത്തിനും സമാധാനപാലനത്തിനും ഭംഗം വരുത്തുന്നതിനാൽ എങ്ങനെ ക്ഷേമരാജ്യമായി ഭവിക്കും. അതിനാൽ ക്ഷേമരാജ്യത്തിന്റെ പ്രഥമവ്യവസ്ഥ ക്രിസ്തൊപദേശാനുസരണം സത്യവും നീതിയും പാലിപ്പാനിടയാക്കുന്ന ഏകയപരിവർത്തനമാണ്ന്നു.

റവ. സി. എച്ച്. ഹാർഗ്രീവ്സ്

കർക്കടകായിലെ ബിഷപ്പ്സ് കോളജിലെ ഒരു പ്രൊഫസ്സറും സി. എം. എസ്സിന്റെ പ്രതിനിധിയുമായ റവ. സി. എച്ച്. ഹാർഗ്രീവ്സ് നമ്മുടെ മഹായിടവക സന്ദർശിക്കയും നമ്മുടെ ബിഷപ്പു തിരുമേനിയുടെ അതിഥിയായി ഒരാഴ്ചയോളം താമസിച്ചുകൊണ്ടു തിരുമേനിയോടുകൂടെ ഏതാനും ഇടവകകൾ സന്ദർശിക്കയും ശുശ്രൂഷകളിൽ സംബന്ധിക്കയും ചെയ്തു. ബിഷപ്പ്സ് കോളജിൽ പഠിച്ചവരും പഠിക്കുന്നവരുമായ പൈതികവിദ്യാർത്ഥികളെ സന്ദർശിക്കുന്നതും അദ്ദേഹത്തിന്റെ യാത്രോദ്ദേശമായിരുന്നു. ബിഷപ്പ്സ്കോളജിലെ വിദ്യാർത്ഥികളുടെ കൂട്ടത്തിൽ സുറിയാനി സമുദായത്തിലെ ഏതാനും ശെമ്മാശന്മാരുള്ളതിനാൽ അവരെയും പ്രത്യെകം കാണുന്നതിൽ താല്പര്യപ്പെട്ടിരുന്നു. ഓതറവെച്ചു നടന്ന അവരുടെ ഒരു പട്ടംകൊടുശുശ്രൂഷയിലും സംബന്ധിക്കയുണ്ടായി. കോട്ടകുഉള്ളിയിൽ നമ്മുടെ രണ്ടു വൈദിക വിദ്യാർത്ഥികളായ എ. സി. സേതു, സി. കെ. മാത്യു എന്നിവരെയും സന്ദർശിച്ചു. മെയ് 25നു ബിഷപ്പുതിരുമേനിയോടും റവ. സി. ററി. അബ്രഹാമിനോടുംകൂടെ ഒരു മോട്ടർ ബോട്ടിൽ കരുമാടിയിലും, 26നു തിരുമേനിയോടും റവ. സി. കെ. ജോണിനോടും കൂടെ പരിയാരത്തിലും, 27നു തിരുമേനിയോടുകൂടെ റവ. സി. ജെ. മാസ് പ്രവർത്തിക്കുന്ന കുറവിലങ്ങാടും പ്രത്യെകശുശ്രൂഷകൾക്കായി പോകയും പ്രസംഗിക്കയും ചെയ്തു. 26നു ഉച്ചതിരിഞ്ഞു കതീഡ്റലിൽവെച്ചു നടത്തിയ സംഗീതമഹൊത്സവത്തിലും സംബന്ധിച്ചു ഒരു പ്രസംഗം ചെയ്തിട്ടുണ്ടായി. യുവപ്രൊഫസ്സറായ അദ്ദേഹത്തിന്റെ സന്ദർശനവും പല സന്ദർഭങ്ങളിൽ നല്കിയ സന്ദേശങ്ങളും പ്രൊത്സാഹജനകമായിരുന്നുവെന്നുള്ളതിൽ സന്ദേഹമില്ല.

പരേതനായ കെ. ഐ. ഉമ്മനാശാൻ

ദീർഘകാലം കോട്ടയത്തു സി. എം. എസ്സ്. കോളജ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരുന്നശേഷം പ്രായാധിക്യത്താൽ ജോലിയിൽനിന്നു വിരമിച്ചു സ്വഭവനത്തിൽ വിശ്രമിച്ചിരുന്ന കെ. ഐ. ഉമ്മനാശാനവർകൾ വാർദ്ധക്യസഹജമായ രോഗംമൂലം മെയ് 30നു അർദ്ധരാത്രിയിൽ നിര്യാതനാകയും 31നു നാലുമണിക്കു സ്തോത്രപ്പള്ളി സെമിത്തെരിയിൽ ബിഷപ്പുതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും ഏതാനും പട്ടക്കാരുടെ സഹകരണത്തിലും ഒരു വലിയ ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിലും പ്രത്യെകം തയ്യാർ ചെയ്ത കല്ലറയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ശുശ്രൂഷാമദ്ധ്യെ പരേതന്റെ അപദാനങ്ങളെ പ്രകീർത്തിച്ചു റവ. സി. കെ. ജോൺ ഒരു ചെറുപ്രസംഗവും ചെയ്തു.

കോട്ടകുഉള്ളിയിലെ ഒരു പൂരാതനകുടുംബമായ കൊല്ലംവാഴ്ത്തു 1876-ൽ ജനിച്ചു. ഒരു സമർത്ഥവിദ്യാർത്ഥിയായി പഠിച്ചു് കോട്ടയം ഹൈസ്ക്കൂളിൽനിന്നു മട്രിക്കുലേഷൻ പാസ്സായി സി. എൻ. ഐ. യിലെ അദ്ധ്യാപകടെയിനിങ്ങും കഴിഞ്ഞു മഹായിടവകയുടെ വിവി

ധ്യോഗങ്ങളിലായി അദ്ധ്യാപകവൃത്തി ശ്ലാഘ്യമായി നിവ്വഹിച്ച ഒരു മാന്യനായിരുന്നു അദ്ദേഹം. കോട്ടകുഉഞ്ഞി, ഒഉശ്ശ, തലവടി, തഴിക്കഉം എന്നി സ്ഥലങ്ങളിൽ അദ്ധ്യാപകനായിരുന്നശേഷം ഒടുവിൽ കോഉജ് ഹൈസ്ക്കൂളിലേക്കു നിയമിക്കപ്പെട്ടകയും അവിടെ 40 വർഷത്തെ സേവനം പ്രശസ്തമായി അനുഷ്ഠിക്കയും ചെയ്തു. പരേതനു 6 പുത്രന്മാരും ഒരു പുത്രിയുമാണുള്ളതു. മൃത്തയാൾ മദ്രാസിലെ സെൻറ്റുപോൾസ് ഹൈസ്ക്കൂളിലെ അദ്ധ്യാപകനായും രണ്ടുപേർ അബിസ്സീനിയായിലെ വിദ്യാഭ്യാസസേവ്വിസിലും ശേഷംപേർ ഗവമ്മെൻറു സേവ്വീസിലുമാണു. മകഉടെ ഭത്താവു ഗവമ്മെൻറിൻെറ ഒരു ഇൻകംടാക്സ് ഉദ്യോഗസ്ഥനായി സേവ്വീസിൽനിന്നു വിരമിച്ചുമിരിക്കുന്നു. പരേതൻ മറുള്ളവക്കു ഒരുത്തമമട്ടഷ്ടാന്തമായിരിക്കത്തക്കവണ്ണം അദ്ധ്യാപകനൈപുണ്യവും അദ്ധ്യാനശിലവും ദൈവഭക്തിയും വിളങ്ങിയിരുന്ന ഒരു മാന്യദേഹമായിരുന്നു.

ഡിസ്ട്രിക്ട് കൌൺസിൽ അഗ്രാസനറന്മാർ

മഹായിടവകയിലെ പത്തു ഡിസ്ട്രിക്ട്കളിലെ അഗ്രാസനറന്മാരായി 1956—57-ാം ആണ്ടത്തേക്കു താഴെകാണുന്നപ്രകാരം ബിഷോപ്പു തിരുമനസ്സുകൊണ്ടു നിയമനം ചെയ്തിരിക്കുന്നു. എലന്തൂർ—റവ. എ. കെ. ജോസഫ്, ഏറുമാനൂർ—റവ. പി. ജെ. ഐസക്ക്, മല്ലപ്പള്ളി—റവ. ടി. ജെ. വക്കി, മാവേലിക്കര—റവ. കെ. വി. വില്യം, മേലുകാവു—റവ. ജോൺ ചാണ്ടി, കോട്ടകുഉഞ്ഞി—റവ. പി. എം. ഈശോ, കോട്ടയം—റവ. എം. എം. ജോൺ, പള്ളം—റവ. കെ. ജെ. ചാക്കൊ, തിരുവല്ല—റവ. എം. സി. ചാക്കൊ, മുണ്ടകയം—റവ. ഇ. ജെ. ഐസക്ക്.

ബിഷോപ്പിൻെറ സറോഗേററു

ബിഷപ്പുതിരുമനസ്സിലെ വിവാഹലൈസൻസ് കൊടുക്കുന്നതിനുള്ള സറോഗേററായി ഒഉശ്ശ്യൂ സ്ഥലം മാററപ്പെട്ട റവ. കെ. ഒ. ഫിലിപ്പിനു പകരം, കതീഡ്റൽ വികാരി റവ സി. ഐ. അബ്രഹാമിനെ നിയമിച്ചിരിക്കുന്നു.

ഒരു പള്ളി പ്രതിഷ്ഠ

1956 മെയ് 26നു- ഇലന്തൂർ പയ്യാരം സി. എസ്സ്. ഐ. സഭയ്ക്കു ഒരു സുദിനം ആയിരുന്നു. കഠിനമായ അദ്ധ്വാനത്തിൻെറയും ധനവ്യയത്തിൻെറയും ഫലമായി മനോഹരമായി പണിത ദേവാലയത്തിൻെറ പ്രതിഷ്ഠാകർമ്മം അന്നാണു് സി. കെ. ജയിക്കുബു ബിഷോപ്പുതിരുമേനി മൂന്നാലു പട്ടക്കാരുടെ സഹകരണത്തിൽ നിവ്വഹിച്ചതു. പള്ളിയും പരിസരങ്ങളും യുവാക്കന്മാർ അലങ്കരിച്ചിരുന്നു. ഇടവകജനങ്ങളുടെ പ്രത്യേക സംഭാവനകളാൽ ആവശ്യമായ പള്ളി ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടായിരുന്നു. രാവിലെ 9 മണിയോടുകൂടെ തിരുമേനി പള്ളിഗയിററിങ്കൽ വന്നു ചേർന്നപ്പോൾ കൈക്കാരൻ ഹാരം അണിയിച്ചു സ്വീകരിച്ചു. വാദ്യമേളങ്ങളോടും ഗാനാലാപത്തോടും പള്ളിപ്രദിക്ഷണം കഴിഞ്ഞു പ്രധാന വാതിലിങ്കൽവച്ചു പള്ളി പ്രതിഷ്ഠിക്കുന്നതിനുള്ള അഭിത്ഥനാപത്രം വായിച്ചശേഷം പട്ടക്കാരും പാട്ടുകാരും തിരുമേനിയും പള്ളിയിൽ പ്രവേശിച്ചു വിവിധ സ്ഥാനങ്ങളിൽ ചെന്നു നിന്നു പ്രാത്ഥനകൾ നടത്തി പരിശുദ്ധ ഇമ്മാനുവേലിൻെറ നാമത്തിൽ പ്രതിഷ്ഠ നടത്തി. അനന്തരം സ്ഥിരീകരണശുശ്രൂഷ നടന്നു. സ്ഥിരീകരണ ശുശ്രൂഷയിൽ ബിഷോപ്പുതിരുമേനിയും തുടർന്നുള്ള സത്യകർമ്മശുശ്രൂഷയിൽ കർക്കൂട്ട ബിഷോപ്പ് സ് കോഉജ് ലക്ചറർ റവ. സി. എച്ച്. ഹാർ ഗ്രീവ്സും പ്രസംഗിച്ചു. തിരുമേനി എല്ലാവരോടും ഹൃദ്യമായി ഇടപെടുകയും പിതാവും മകനും തമ്മിലുള്ള സ്നേഹബന്ധത്തിൻെറ പ്രതീതി ഉളവാക്കുകയും ചെയ്തു. 12 മണിയോടെ എല്ലാം അവസാനിച്ചു. അനന്തരം തോമ്മിൽ മിസ്റ്റർ ജോജ്ജ് ചാണ്ടിയുടെ വീട്ടിൽ നിന്നും ഭക്ഷണം കഴിഞ്ഞു തിരുമേനിയും പാർട്ടിയും മടങ്ങുകയും ചെയ്തു. A. K. KOSHY.

വി. യോഹന്നാൻസ്ലാപകൻ

വി. ലൂക്കൊ. 1. 15.

ഈ മാസത്തിൽ മൂന്നു വിശുദ്ധന്മാരുടെ നാളുകൾ നാം ആചരിക്കുന്നു. 11നു വി. ബൻ ബാസ്; 24നു വി. യോഹന്നാൻസ്നാപകൻ; 29നു വി. പത്രോസ്. ഇപ്രകാരം വിശുദ്ധന്മാരുടെ നാളുകൾ ഓർമ്മിക്കയും ആചരിക്കയും ചെയ്യുന്നതിനു സഭ ക്രമപ്പെടുത്തിയിരിക്കുന്നതു നമ്മുടെ ക്രിസ്തീയജീവിതം അവരുടെ ജീവിതദൃഷ്ടാന്തങ്ങളെപ്പറ്റിയുള്ള ധ്യാനത്തിലും അവയുടെ പ്രേരണയാലും വിശുദ്ധവും ശ്രേഷ്ഠവുമാകപ്പെടേണ്ടതിനാണ്, വി. യോഹന്നാൻസ്നാപകനെപ്പറ്റി ഏഞ്ചൽ പറഞ്ഞിരിക്കുന്നു. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും (ലൂക്കൊ. 1. 15). അവൻ ദിവ്യവെളിപാടിനാൽ വയോധികരായ സഖറിയാവിനും ഏലിസബേത്തിനും ജനിച്ച അത്ഭുതമകനായിരുന്നു.

ജനത്തിന്റെ പശ്ചാത്തലം. യേശുക്രിസ്തുവിന്റെ മുന്നോടിയായിരുന്ന യോഹന്നാന്റെയും ക്രിസ്തുവിന്റെയും ജനകാലത്തു രാജ്യത്തിന്റെയും ദൈവത്തിന്റെ ജനമായ യഹൂദജാതിയുടെയും അവസ്ഥ എന്തായിരുന്നു. 400 വർഷക്കാലത്തേക്കു പ്രവാചകന്മാരാരുമുണ്ടായിരുന്നില്ല. യഹൂദജാതിയുടെ ആത്മികനേതൃത്വം റബ്ബിമാരുടെയും ശാസ്ത്രിമാരുടെയും കയ്യിലേക്കു മാറി അവരുടെ കേവലം കർമ്മാചാരങ്ങളാലും പാരമ്പര്യോപദേശങ്ങളാലും ജാതിയുടെ ജീവിതം ഉക്കിച്ചുപോയിരുന്നു. അതിന്റെ മൂർദ്ധന്യത്തിലാണ് മശിഹായുടെ പ്രത്യക്ഷത പ്രവചനങ്ങളുടെ പ്രബുദ്ധതയാൽ പ്രത്യേകിക്കപ്പെട്ടതും പല വിശുദ്ധന്മാർക്കും വിശുദ്ധരികൾക്കും ഉണ്ടായ അരുളപ്പാടിനാൽ അറിയിക്കപ്പെട്ടതും—സഖറിയാ, യൌസേഫ്, മറിയ, ശിമോൻ, ഹന്നാ, ആട്ടിടയർ, വിജാതന്മാർ, വിശേഷവിധിയായി യോഹന്നാൻസ്നാപകൻ. യോഹന്നാന്റെ പ്രവചനങ്ങൾ പ്രത്യേകം രേഖപ്പെടുത്തുകയോ അവൻ അതിശയം വല്ലതും പ്രവർത്തിക്കയോ ചെയ്തിട്ടില്ലെങ്കിലും നമ്മുടെ കർത്താവു അവനെ പ്രവാചകന്മാരിൽ വലിയവനെന്നു പ്രസ്താവിച്ചിരിക്കുന്നു.

യോഹന്നാന്റെ ജീവിതയത്നങ്ങൾ. അവൻ ഒരു ത്യാഗവ്രതം ജീവിതനിഷ്ഠയുള്ളവനുമായിരുന്നു. നാസീർവ്രതം സ്വീകരിച്ചു ലഹരിസാധനങ്ങൾ വർജ്ജിക്കയും സകലവിധ മ്ലേച്ഛതകളിൽനിന്നു ഒഴിഞ്ഞിരുന്നവനുമായിരുന്നു. മാതാവിന്റെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചവനും യിസ്രായേൽമക്കളിൽ അനേകരെ കർത്താവിങ്കലേക്കു തിരിച്ചവനുമായിരുന്നു. വിശ്വസ്തനും ഊർജ്ജസ്വലനും തീക്ഷ്ണതയുള്ളവനുമായി ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടായ മശിഹായുടെ മുന്നോടിയായി ധീരധീരം പ്രവർത്തിച്ചു് സത്യത്തിനും നീതിക്കുംവേണ്ടി സാക്ഷിനിന്നു ഭോഗേച്ഛുവായ ഹേരോദാവിന്റെ കയ്യാൽ രക്തസാക്ഷിയായി വധിക്കപ്പെടുകയും കർത്താവിന്റെ സന്നിധിയിൽ വലിയവനായിത്തീരുകയും ചെയ്തു.

പക്ഷെ ഇതൊക്കെ ഒരു പുരാണകഥപോലെ ഒരു കേവലനന്മയിന്റെ സങ്കല്പചിത്രമായി തോന്നിയേക്കാം. അത്ഭുതകരമായി വളർന്നും വികസിച്ചും വരുന്ന ശാസ്ത്രജ്ഞാനത്തിന്റെ വെളിച്ചത്തിൽ—ഈ മഹാപ്രപഞ്ചത്തെപ്പറ്റിയുള്ള നവംനവങ്ങളായ അറിവിന്റെ മദ്ധ്യത്തിൽ—അനേകമനേകം പ്രാഭാമണ്ഡലങ്ങളുടെ ഇടയിൽ സൂക്ഷ്മമായ ദൈവത്തിനു ഒരു പ്രത്യേകവ്യക്തിയെപ്പറ്റി കരുതുകയും അവനെ വലിയവനാക്കിത്തീർക്കയും ചെയ്യാൻ സാദ്ധ്യമൊ എന്നു സംശയിച്ചേക്കാം. ദൈവം തന്റെ ദൂതനായ ഗബ്രിയേലിനെ സഖറിയാവിന്റെയൊ മറിയയുടെയൊ യൌസേഫിന്റെയൊ അടുക്കലേക്കയച്ചു അവരെ തെരഞ്ഞെടുത്തു പറയുന്നതു കേവലം ഒരു ബുദ്ധിഭ്രമമെന്നല്ലാതെ മറെറാന്നുമല്ലെന്നു ചില ബുദ്ധിശാലികൾ ശഠിച്ചാൽ അതു ന്യായരഹിതമായി തള്ളുവാൻ നിവൃത്തിയില്ലെന്നു തോന്നിയേക്കാം. നിരീശ്വരവാദിയായ ഒരു ഖനശാസ്ത്രജ്ഞൻ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. അഖിലാണ്ഡത്തിലെ ലക്ഷോപലക്ഷം ഗോളങ്ങളുടെ ഇടയിൽ ഭൂഗോളത്തെ തെരയുന്നതിനു ദൈവം ഉദ്യമിക്കുന്നതു, ഒരു മണലാരണ്യത്തിൽനിന്നു ഒരു പ്രത്യേക മണൽതരി കണ്ടുപിടിക്കുന്നതിനു ഒരു ബാലനെ അയയ്ക്കുന്നതുപോലെയാണ്. അഖിലാണ്ഡം അത്രയ്ക്കു വിസ്തീർണ്ണവും അതിലെ ഗോളങ്ങൾ അത്ര അനവധിയുമാകുന്നു. എന്നാൽ ഇക്കാലത്തെ ശാസ്ത്രജ്ഞന്മാരിൽ ബഹുഭൂരിപക്ഷവും ദൈവവിശ്വാസികളും ക്രിസ്തുകേന്ദ്രമാണ്. ലോകത്തിലുള്ള കോടാകോടി ജനങ്ങളുടെ കൂട്ടത്തിൽ നിന്റെ വിവാഹദിവസം മഴ പെയ്യുമോ ഇല്ലയോ എന്നോ, നീ ജോണിനെയോ ജയിനെയോ വിവാഹംചെയ്യുന്നതെന്നോ, നിനക്കു ബോംബെയിലൊ ബമ്മായിലൊ ജോലി നിശ്ചയിച്ചിരിക്കുന്നെന്നോ, നീ ഒരു ഡോക്ടറൊ അകൗണ്ടന്റൊ ആകുന്നാമെന്നോ, നീ യു. എസ്സ്

ഏ. യിലൊ യു. എസ്സ്. എസ്സ്. ആറിലൊ പരിശിലനം നടത്തണമെന്നോ ദൈവം നിശ്ചയിക്കണമെന്ന പറയുന്നതിൽ കാര്യമില്ലെന്ന യുക്തിവാദം മോഷ്ടിക്കുമായിരിക്കും. എന്നാൽ സങ്കീർത്തനക്കാരൻ എന്തു പറയുന്നു. ദൈവത്തമാവിന്റെ നിശ്വാസത്തിൽ പ്രസ്താവിക്കുന്നതു മനം തകർന്നവരെ അവൻ സൌഖ്യമാക്കുകയും അവരുടെ മുറിവുകളെ അവൻ കെട്ടുകയും ചെയ്യുന്നു. അവൻ നക്ഷത്രങ്ങളുടെ എണ്ണം നോക്കുന്നു; അവയ്ക്കു ഒക്കെയും പേർ വിളിക്കുന്നു (സങ്കീ. 147. 3, 4). ഇതിന്റെ സാരമെന്താണ്? ഈ മഹാപ്രപഞ്ചത്തിൽ പ്രത്യക്ഷമായിരിക്കുന്ന ശക്തി തന്നെയാണു ഈ ഏകനായ ഏനിക്കും തുണനില്ക്കുന്നതു. പ്രശോഭിതങ്ങളായ ലക്ഷം ഗോളങ്ങളുടെ സൃഷ്ടാവും ഉടമസ്ഥനുമായവൻ എന്റെ പിതാവാകുന്നെന്നുള്ള ഉറപ്പിനു യാതൊരു മേഗവുമില്ല. ഇതെത്ര ആശ്വാസകരവും ആഹ്ലാദപ്രദവുമായ ഒരു ചിന്തയും ജ്ഞാനവുമാകുന്നു. അവന്റെ സമ്പൽസമൃദ്ധി എന്റെ സഹായസന്ധാരണത്തിനായി സംതരിതമായിരിക്കുന്നു. എന്നെപ്പറ്റിയുള്ള അവന്റെ കരുതൽ അത്ര പ്രത്യേകമായിരിക്കുന്നു.

സർവ്വശക്തനും സർവ്വേശ്വരനുമായ ദൈവത്തിന്റെ വെളിപാടായ ക്രിസ്തുവും തന്നെ കാത്തിരിക്കുന്നവരെ ഓരോരുത്തരായി അന്വേഷിച്ചു കണ്ടെത്തുകയും അവരെ അനുഗ്രഹിച്ചു വലിയവരാക്കുകയും ചെയ്യും. ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ഭൂമിയിൽ സഞ്ചരിച്ച കാലത്തു ശിക്ഷ്യന്മാരെ ഓരോരുത്തരായി കണ്ടു തങ്കലേക്കു വിളിക്കുകയും അവരെ വലിയവരാക്കുകയും ചെയ്തു. മറ്റനേകരേയും അപ്രകാരം ചെയ്തു. ചുങ്കക്കാരനായ സക്കായി, മഗ്ദലന മറിയ, അപ്പോസ്തലനായ പൌലൂസ് മുതലായവർ അതിനു ദൃഷ്ടാന്തങ്ങളാണ്.

(വലിയവനാക്കുന്നതിനുള്ള വ്യവസ്ഥകൾ)

1. അശുദ്ധിക്കും അധഃപതനത്തിനും ഹേതുകമായവയെ നിശ്ശേഷം ത്യജിക്കുക.

2. ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുക.

3. നിന്റെ ജീവിതവും ദൃഷ്ടാന്തവും മറ്റുള്ളവരെ യേശുക്രിസ്തുവിങ്കലേക്കും ക്രിസ്തീയ സുകൃതത്തിലേക്കും പ്രേരിപ്പിക്കുന്നതായിരിക്കട്ടെ.

അപ്പോൾ കർത്താവിന്റെ സന്നിധിയിൽ നീ വലിയവനാകും നീ മുഖാന്തരം മറ്റുള്ളവർക്കു നന്മയുളവാകുകയും ചെയ്യും.

C. K. J.

ജീവന്റെ കല്പവൃക്ഷം

(By KOSHI JOHN)

വിശുദ്ധ വേദപുസ്തകം ആരംഭിക്കുന്നതു (ഉല്പ. 2) മനുഷ്യന്റെ മുമ്പാകെ ദൈവം വെച്ച രണ്ടു വൃക്ഷങ്ങളുടെ കഥകൊണ്ടാണല്ലൊ. ഒന്ന് ജീവന്റെ വൃക്ഷവും മറ്റേതു ശാപത്തിന്റെ അഥവാ മരണത്തിന്റെ വൃക്ഷവും. ആദ്യത്തേതു അനുവദിക്കപ്പെട്ടതും രണ്ടാമത്തേതു, വിലക്കപ്പെട്ടതും.

സകല ചരാചരങ്ങളുടെയും അധിപതിയായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്നെ അനുസരിക്കുമോ ഇല്ലയോ എന്നു സൃഷ്ടാവായ ദൈവത്തിന് അറിയേണ്ടിയിരുന്നു. ഭാവിയിൽ, ക്രൂതൽ ശ്രേഷ്ഠവും തേജസ്സുമുള്ള തന്റെ ജീവനായ നിത്യജീവൻ (Eternal life) അവൻ പ്രാപിക്കണമെന്നുള്ളതായിരുന്നു ദൈവേഷ്ടം. പാപിയായിത്തീർന്ന ആദാമിനെ പിന്നീടു ജീവന്റെ വൃക്ഷത്തിൽനിന്നു നിരോധിച്ചതിൽനിന്നും ഇക്കാര്യം വ്യക്തമാണ്. ആയതിനാൽ നിത്യതയിൽ ദൈവത്തോടു നിരന്തരസഹവാസമുള്ള ഒരു നിത്യജീവിയായിത്തീരുന്നതിനു മുമ്പു മനുഷ്യനെ സംബന്ധിച്ചു ഒരു പരിശോധന അത്യന്താപേക്ഷിതമായിരുന്നു. അവന്റെ സ്വതന്ത്രചിത്തം എന്ന സ്വഭാവ വിശേഷതയാണ് ഇതിനു പ്രധാന ഹേതുവായിരുന്നതു.

ജീവന്റെ വൃക്ഷമായ പ്രഥമവൃക്ഷം ഏദൻതോട്ടത്തിന്റെ മദ്ധ്യസ്ഥാനത്തു എവിടെനിന്നു നോക്കിയാലും കാണത്തക്കവണ്ണം സ്ഥിതിചെയ്തിരുന്ന കാലത്തോളം ആദാമിനു നിത്യജീവനെക്കുറിച്ചു ആശങ്കയ്ക്കു അവകാശമില്ലായിന്നു. അതിന്റെ കനികൾക്കു ഒരു സജീവ ശക്തിയുണ്ടെന്നു അവനു അനുഭവിച്ചറിയുവാൻ സാധിക്കുമായിരുന്നു. അൻപതു വർഷങ്ങൾക്കു മു

മുണ്ടായിരുന്ന വേദവ്യാഖ്യാതാക്കന്മാർ ജീവനേൽ വിറ്റമിനുള്ള കൂടുതൽ ശക്തി ഇക്കാലത്തു നമുക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിരിക്കുന്നതാണല്ലൊ. വൈദ്യശാസ്ത്രം അത്രയ്ക്കു പുരോഗമിച്ചിട്ടുണ്ട്. വിറ്റമിൻ A. B. C. എന്നീ തരംതിരിവിൽ B ക്കു ശക്തി കൂടുതൽ ഉണ്ടെന്നു ഗവേഷണം തെളിയിച്ചിരിക്കുന്നു.

പ്രാകൃതശരീര സംരക്ഷണത്തിനു ഭക്ഷണം നിത്യവും വേണമെങ്കിൽ ആത്മശരീരസംരക്ഷണത്തിനും ഭക്ഷണം എത്രയാവശ്യമാണു. "എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയുകയില്ല" എന്നു ക്രിസ്തു പറഞ്ഞിട്ടുണ്ടല്ലൊ. നാം നിത്യാവസ്ഥയിൽ എത്തിച്ചേർന്നശേഷവും ഈ സംരക്ഷണമാവശ്യമാണു. വി. യോഹന്നാൻ ദർശിച്ചതു പ്രസ്തുത യാഥാർത്ഥ്യമാണു. "വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുദ്ധമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു....." (വെളി. 22. 1, 2).

ഇന്നും ദൈവം ഓരോ വ്യക്തിയുടെയും മുമ്പാകെ മേല്പറഞ്ഞ രണ്ടു വൃക്ഷങ്ങളേയും വെച്ചിരിക്കുന്നു. മോശെ മുഖാന്തിരം തന്റെ ജനമായ യിസ്രായേലിനോടു പ്രസ്താവിക്കുന്ന വാക്കുകൾ ശ്രദ്ധിപ്പിൻ—"ജീവനും! ഞാൻ ഇന്നു നിന്റെ മുമ്പിൽ ജീവനും ഗുണവും മരണവും ദോഷവും വെച്ചിരിക്കുന്നു" (ആവ. 30. 15). ജീവവൃക്ഷത്തിന്റെ കനി നാം ഭക്ഷിക്കുന്നില്ലെങ്കിൽ നിശ്ചയമായിട്ടും മറേറ കനി നാം രുചിക്കയാകുന്നു ചെയ്യുന്നതു. ജീവന്റെ വൃക്ഷം മനുഷ്യർ ഭൂലോകമെല്ലാം അന്വേഷിക്കുന്നു! എന്നാൽ ലോകത്തിനുവേണ്ടി മരിച്ചുയിർത്തക്രിസ്തുയേശുവാകുന്ന അതു എന്നു ക്രിസ്തുമതം ചൂണ്ടിക്കാണിക്കുന്നു. ഹാ! പിതാവു നിയമിച്ച ഈ കല്പവൃക്ഷം ജീവന്റെ വൃക്ഷം തന്നെ! അവനിലുണ്ടായിരുന്ന ജീവൻ അതിശയകരമാണെന്നു വി. യോഹന്നാൻ കണ്ടു (യോഹ. 1. 1—4). തന്റെ ഇഹലോകവാസവേളയിൽ തന്നിൽ കായിച്ച കനികൾ എത്ര മാധുര്യമേറിയതായിരുന്നു. തന്റെ അധരത്തിൽ നിന്നും പൊഴിഞ്ഞ ലാവണ്യവാക്കുകൾ തേനിലും തേൻകട്ടയിലും രുചിയേറിയതായിരുന്നു. അവിടത്തെ നാമം ഒഴിക്കപ്പെട്ട തൈലംപോലെ സൌരഭ്യവുമായിരുന്നു. ലോകത്തോടു അവിടുന്നു വിളിച്ചു പറഞ്ഞതു "ഞാൻ ജീവന്റെ അപ്പം ആകുന്നു.....ഈ അപ്പം ഭക്ഷിക്കുന്നവൻ എല്ലാം എന്നേക്കും ജീവിക്കും യോഹ. 6. 48, 51. നമ്മുടെ ജീവന്റെ ഉറപ്പും ബലവും അവിടുന്നാകുന്നു. "ഞാൻ മരിച്ചവനായിരുന്നു ഇനിയും എന്നേക്കും ജീവിക്കുന്നവനാകുന്നു" വെളി. 1. 18. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ. എബ്രാ. 13. 8. നാമെല്ലാവരും ഈ ജീവവൃക്ഷത്തിൻ കനി അനുഭവിച്ചാശ്വസിക്കയും ആനന്ദിക്കയും ചെയ്യുവാൻ കാത്തുസ്ഥനായി അയക്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവു സംഗതിയാക്കട്ടെ.

പള്ളിയാരാധനയിലെ സംഗീതശുശ്രൂഷ

"സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ. അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ. അവനു സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ." സാമാന്യമായ ദൈവാരാധന എങ്ങനെ ആരംഭിക്കണമെന്നും നടത്തണമെന്നുമുള്ളതിന്റെ വിവരണമാകുന്ന മേലുദ്ധരിച്ചിരിക്കുന്നതു. വിശുദ്ധവസ്ത്രാലങ്കാരത്തോടെ പാട്ടുകാരും ആത്മാർത്ഥമായ കീർത്തനങ്ങളോടും ഭക്തിപൂർവ്വമായ വണക്കത്തോടുംകൂടെ സഭായോഗമദ്ധ്യത്തിൽകൂടെ വിശുദ്ധമന്ദിരത്തിലേക്കു പ്രവേശിക്കുന്നതിന്റെ ശരിയായും ചേർച്ചയായുമുള്ള വിധം സങ്കീർത്തനകാരനായ ദാവീദു വെളിപ്പെടുത്തിയിരിക്കുന്നു. പാട്ടുകാരുടെ നടപ്പും എടുപ്പും നോട്ടവും ഏതു യോഗ്യമായും ദൈവാരാധനയുടെ ഉദ്ദേശസാദ്ധ്യത്തിനുതകുന്നതുമായിരിക്കണം. പാട്ടു പരിശീലനസമയത്തു ചിലയവസരങ്ങളിൽ അതിനും പരിശീലനം നല്കി ഏ

റവും ഉത്തമമാക്കിതീർക്കുന്നതിനു ശ്രമിക്കേണ്ടതാണു. കപയർസ്റ്റോളിൽ പാട്ടുകാരുടെ നില യും ഭാവവും പുസ്തകം പിടിക്കുന്നതിന്റെ വിധവും തലകുനിക്കാതെയും പിടലിവളയ്ക്കാതെയും നേരെ മുമ്പോട്ടു നോക്കിനില്ക്കുന്ന ഭാവവും ഒരു ശരിയായ ക്രമീകരണരീതിയിലായിരിക്കണം. ആൺകുട്ടികളെ മാത്രം ഗായകസംഘത്തിൽ ഉദ്ദേശിച്ചുകൊണ്ടാണു ഇവയെല്ലാം പറയുന്നതു. പാട്ടുകാരെല്ലാവരും അവരുടെ സ്വാഭാവികമായ അഭ്യാസസ്വരത്തിൽ (Trained Voice) ആലപിക്കണം. പ്രായം ചെന്നവരുടെ പുരുഷസ്വരവും കുട്ടികളുടെ സൊപ്രാനോ സ്വരവുംകൂടെ ചേർന്നിണങ്ങി വരുമ്പോഴുള്ള സംഗീതമാധുര്യം ഒന്നു വേറെ തന്നെയാണു. ഇവിടെ വിവക്ഷിക്കുന്ന സംഗീത ലക്ഷണമായ പാർട്ട്സ് പാടുന്നതിന്റെ ആവശ്യകത നമ്മെ സംബന്ധിച്ചിടത്തോളം ഇല്ലെന്നു തന്നെ പറയാവുന്നതാണു. പാട്ടുകാർ പാട്ടോടെ പള്ളിയകത്തേക്കു പ്രവേശിക്കുമ്പോൾ ജനങ്ങളെല്ലാവരും എഴുന്നേറുനിന്നു പാട്ടിൽ സംബന്ധിക്കണം. പാട്ടു കൂടാതെ പാട്ടുകാരും ശുശ്രൂഷകനും പ്രവേശിക്കുന്നതും ജനങ്ങൾ പുറകോട്ടുനോക്കി ഓരോരുത്തരായി അവിടവിടെ എഴുന്നേല്ക്കുന്ന രീതി ശരിയല്ല. പുതിയ രീതി ഇടയ്ക്കുപയോഗിച്ചവർ ഉപേക്ഷിച്ചു വരികയാണു.

ചാൻറുകൾ പാടണമോ? ശരിയായി അഭ്യസിച്ചു പാടണം. സാധാരണമായി ഞായർ ആരാധനയിൽ പാടാനുള്ളതു മൂന്നാണു. Venite (വരുവിൻ നാം—95-ാം സങ്കീ.) Tedeum (ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു). Jubilate (സകല ഭൂവാസികളുമായുള്ളോരെ—100-ാം സങ്കീ.) രാഗം തെറ്റാതെയും ശരിയായ താളത്തിലും ശരിയായ സ്വരത്തിലും ഏല്ലാവരും ചേർന്നു പാടിയാൽ എത്ര വിശേഷമാണു. ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു എന്ന സ്തുതിഗീതം മാലാഖമാരോടും വിശുദ്ധന്മാരോടും ചേർന്നുള്ള ബോധത്തോടെ ശരിയായും ആത്മാർത്ഥമായും പാടുന്നതു സപ്തസ്വർഗ്ഗതുല്യമായിരിക്കും. ഓർഗന്റെ സഹായമുണ്ടായിരിക്കുന്നതു വലിയ കാര്യമാണു. അല്ലെങ്കിൽ പാട്ടു തുടങ്ങുകയും നയിക്കുയും ചെയ്യുന്നതു താവിനു അതൊരു കഠിനാഭ്യാസമാണു. എന്റെ സ്വന്ത അനുഭവത്തിൽ നിന്നാണതു പറയുന്നതു. 1907-ലാണു ബഹു. ബെഞ്ചമിനച്ചന്റെ ക്ഷണപ്രകാരം ഞാൻ കത്തീഡ്റൽ കപയറിന്റെ നായകത്വം ഏറ്റതു. അക്കാലമെല്ലാം പത്തുപന്ത്രണ്ടു വർഷത്തേക്കു ശരിയായ പരിശീലനത്തിനു ഓർഗന്റെ സഹായമുണ്ടായിരുന്നെങ്കിലും ആരാധനയിൽ അതില്ലായിരുന്നു. ഒരു സംഗീത വിദ്വാനായിരുന്ന മിസ്സ് റിച്ചാർഡ്സ് പരിശീലനം ക്രമമായും കായ്യക്ഷമമായും നടത്തിയിരുന്നെങ്കിലും ആരാധനയിൽ ഓർഗനിസ്റ്റായിരുന്നില്ല. മാസംതോറും മാറി മാറി പഠിപ്പിക്കുന്ന ചാൻറുകളും കീർത്തനങ്ങളും തുടങ്ങുകയും നയിക്കുകയും ചെയ്തു് സംഗീത ശുശ്രൂഷ നിർവ്വഹിക്കുന്നതു എന്റെ ചുമതലയായിരുന്നു. എനിക്കതു വളരെ ക്ലേശകരമായ അഭ്യാനമായി അനുഭവപ്പെട്ടെങ്കിലും അതുമൂലം ആരാധനാസംഗീതത്തിൽ ഒരു ദീർഘപരിചയം സിദ്ധിക്കുന്നതിനും കത്തീഡ്റലിൽ മാത്രമല്ല മഹായിടവകയിലെ പല പള്ളികളിലും ചാൻറുകളുടെയും കീർത്തനങ്ങളുടെയും ഉപയോഗം പ്രചരിപ്പിക്കുന്നതിനും പാട്ടുപുസ്തകങ്ങളുടെ രൂപീകരണത്തിലും പ്രസിദ്ധീകരണത്തിലും ഒരു പ്രധാന പങ്കു വഹിക്കുന്നതിനുമിടയായിട്ടുണ്ടു. ഈ ദീർഘപരിചയത്തിൽനിന്നാണു മഹായിടവകയിലെങ്ങും ആരാധനാസംഗീതത്തിന്റെ ഏകതയെയും പ്രാധാന്യത്തെയും പറ്റി ഇതുയുമെല്ലാം പ്രസ്താവിക്കുന്നതു.

ഇതെന്റെ കൂട്ടുപട്ടക്കാരെല്ലാം ശ്രദ്ധാപൂർവ്വം വായിച്ചു നമ്മുടെ പള്ളിയാരാധനയിലെ സംഗീതകാര്യത്തിൽ പ്രത്യേക താല്പര്യം പ്രദർശിപ്പിക്കണമെന്നുപക്ഷിക്കുന്നു. എല്ലാ പള്ളിയിലും വലുതോ ചെറുതോ ആയൊരു ഗായകസംഘം രൂപീകരിച്ചു അതിന്റെ നിരന്തരസഹായത്തോടെ പള്ളിയിലെ സംഗീതശുശ്രൂഷ നന്നായി നിർവ്വഹിക്കണം. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും പാട്ടപരിശീലനം നടത്തണം. ഓരോ ഞായറാഴ്ചത്തേക്കുള്ള പാട്ടുകൾ തിരഞ്ഞെടുക്കുന്നതു ശുശ്രൂഷകനായിരിക്കണം. പരിചയമുള്ളവ നിശ്ചയിക്കുന്നതിനു ഗായകസംഘനേതാവിനോടാലോചിക്കയും ചെയ്യാം. പരിശീലനക്ലാസ്സിൽ ശുശ്രൂഷകനും സംബന്ധിച്ചു പ്രാർത്ഥനയോടാരംഭിക്കയും അവസാനിപ്പിക്കയും വേണം. ആരാധനയിൽ ഭയഭക്തികരമായും ആത്മികപ്രബുദ്ധമായും പാടുന്നതുപോലെ പരിശീലനസമയത്തു പാടാൻ അഭ്യസിപ്പി

ക്കണം. പരിശീലനസമയത്തു് ഉത്തമമായി ചെയ്യപ്പെടുന്നില്ലെങ്കിൽ ആരാധനാസമയത്തു അതു സംഭവിക്കയില്ല. സംഗീതം അതു നിശ്ചയമില്ലെന്നു ചില ശ്രുശ്രൂഷകന്മാർ പറയുമായിരിക്കും. മാതൃകയുമുണ്ടു ചില ഗായകസംഘങ്ങൾക്കു ശ്രുശ്രൂഷകന്റെ നിയന്ത്രണം അതു സ്വീകാര്യമല്ല. ആരാധനാസംഗീതത്തെ സംബന്ധിച്ചിടത്തോളം അതനുവദനീയമല്ല. അന്യോന്യാദരവും ആലോചനയുംകൊണ്ടു അതു ശരിപ്പെടുത്തികൊണ്ടു പോകാവുന്നതാണു. സംഗീതത്തിനു എല്ലാവർക്കും ഏറെക്കുറെ അഭിരുചിയും വാസനയുമുണ്ടു. കലാപരമായ വൈദഗ്ദ്ധ്യം എല്ലാവർക്കും ഒരുപോലെ കാണുകയില്ലന്നേയുള്ളൂ. പാട്ടുകാരുടെയും സഭാപ്രവർത്തകരുടെയും വൈദിക പരിശീലനത്തിൽ സംഗീതത്തിനു സ്ഥാനമുണ്ടായിരിക്കേണ്ടതാണു.

ആരാധനാസംഗീതത്തിൽ പ്രകടനരാഗങ്ങളും താളമേളങ്ങളുടെ ബാഹുല്യവും ത്യജിച്ചു ആദ്ധ്യാത്മികവശത്തിനു പ്രാധാന്യം നല്കുന്നതിൽ ജാഗ്രതയായിരിക്കണം. ആരാധനയിലെ സംഗീതം വികാരങ്ങളെ ഉണർത്തി ആത്മികാനുഭവങ്ങളിലേക്കു നയിക്കുന്നതായിരിക്കണം. ആത്മികാനുഭവമുള്ളവരായി ഗായകസംഘം പാടുകയും തങ്ങളുടെ സംഗീതശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുന്നതിനുവേണ്ട ഒത്താശകളും ആനുകൂല്യങ്ങളും ചെയ്തു കൊടുക്കുന്നതിൽ പട്ടക്കാരും കമ്മറിക്കാരും കരുതേണ്ടതാണു. ആണ്ടുതോറും പിക്നിക്കും ഇതരവിനോദങ്ങളും നടത്തുന്നതിനെക്കാൾ കൂടുതൽ ആവശ്യവും ഫലപ്രദവും ധ്യാനയോഗവും ആദ്ധ്യാത്മിക പരിശീലനവുമാണു.

ഗായകസംഘവാർഷികം. ഭദ്രാസനപ്പള്ളി ഗായകസംഘത്തിന്റെ വാർഷികയോഗവും റിപ്പോർട്ടിയും മെയി 19നു ശനിയാഴ്ച ഉച്ചതിരിഞ്ഞു ഇടവകശാലയിൽ വികാരി റവ. സി. കെ. അബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഗായകസംഘാംഗങ്ങളെ കൂടാതെ പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൽ സ്ഥലത്തെ പാട്ടുകാരിൽ റവ. സി. കെ. ജോണും, റവ. സി. റ്റി. അബ്രഹാമും പള്ളിക്കമ്മറ്റിയംഗങ്ങളിൽ രണ്ടുപേരും ഒരുമിച്ചുകൂടിയിരുന്നു. സംഘപുമായ ചായകുടിയുടെ ശേഷം യോഗനടപടികൾ ഒരു കീർത്തനത്തോടെ ആരംഭിക്കുകയും റവ. സി. റ്റി. അബ്രഹാം പ്രാർത്ഥിക്കുകയും ചെയ്തു. കപ്യർ മാസ്റ്റർ ചെയ്ത സ്വാഗതപ്രസംഗത്തിൽ ഭദ്രാസനപ്പള്ളി ഗായകസംഘത്തിന്റെ രസകരമായൊരു ചരിത്രം അടങ്ങിയിരുന്നു. കഴിഞ്ഞുപോയതിന്റെ സംഘപ്രവർത്തനവും വിശേഷ സംഭവങ്ങളും ഉൾപ്പെടുത്തിയ ഒരു റിപ്പോർട്ടു സെക്രട്ടറി വായിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ ഇടവകവികാരി എന്ന നിലയ്ക്കു ഞായറാഴ്ചതോറുമുള്ള ദൈവാരാധനയ്ക്കു സഹായമായി ഗായകസംഘം നിരന്തരം നിർവ്വഹിച്ചുപോരുന്ന കൈമുവ സേവനത്തെ അഭിനന്ദിച്ചും അവരുടെ അഭിവൃദ്ധിയെ അനുമോദിച്ചും പ്രസ്താവിച്ചിരുന്നു. റവ. സി. കെ. ജോൺ കതീഡ്രൽ ഗായകസംഘവുമായി 50 വർഷം മുമ്പു മുതലുള്ള ബന്ധവും, മഹായിടവകയിലെ ആരാധനാസംഗീതവും പാട്ടുപുസ്തകങ്ങളുടെ രൂപീകരണവുമായി ഇതുപയുക്തമുള്ള ഇടപാടുകളും ആരാധനയിലെ സംഗീതശുശ്രൂഷയിൽ ആദ്ധ്യാത്മിക പ്രസക്തിയുടെ പ്രാധാന്യവും വ്യക്തമാക്കി പ്രസ്താവിച്ചു. സംഘാംഗങ്ങളുടെ വോട്ടനുസരിച്ചു അവരുടെ സംഗീത സാമർത്ഥ്യം നിശ്ചയിക്കുകയും ഹാജരിന്റെ ക്രമം നിശ്ചയിക്കുകയും ഓരോന്നിനും മൂന്നു സമ്മാനങ്ങൾ നൽകുകയും ചെയ്തു. അദ്ധ്യക്ഷന്റെ ഉപസംഹാരത്തിൽ സംഗീതത്തിന്റെ ആത്മിക വശം ശക്തിപ്പെടുത്തുകയും കപ്യർ മാസ്റ്ററുടെ കൃതജ്ഞതാപ്രകാശത്തിനു ശേഷം റവ. സി. കെ. ജോണച്ചന്റെ പ്രാർത്ഥനാശീർവ്വാദങ്ങളോടെ അവസാനിപ്പിക്കുകയും ചെയ്തു.

പ്രതിദിനവേദവായന കുറിപ്പുകൾ—ജൂൺ 1956.

11നു. (തി.) സംഖ്യ. 21. 21—35 പ്രഥമവിജയങ്ങൾ. ഉയർത്തപ്പെട്ട സർപ്പത്തെ നോക്കി പുതുജീവൻ പ്രാപിച്ച യിസ്രയേലിന്റെ ചരിത്രത്തിൽ പുതിയ അനുഭവങ്ങൾ ആരംഭിക്കയാണു്. പിറുപിറുപ്പും കൊതിയും തോൽവിയുമുള്ള പഴയമനുഷ്യന്റെ അനുഭവം കഴിഞ്ഞു് ഇനി നാം കാണുന്നതു ജയഭേരിയിലേക്കും വാഗ്ദത്തനാടിന്റെ അവകാശത്തിലേക്കും പോകുന്ന പുതിയമനുഷ്യന്റെ അനുഭവമാണു്. ഒരു വിശ്വാസിക്കു അവന്റെ ആത്മവിജയങ്ങൾ വിലയേറിയതാണു്. "ഏന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു എന്നതു അവനു ഇടം

പ്രഥമമായി തെളിയിക്കാൻ സാധിക്കുന്നു. ഈ ഭാഗത്തു കാണുന്ന രണ്ടു വിജയങ്ങളെക്കുറിച്ചു കൂടെക്കൂടെ സങ്കീർത്തനങ്ങളിൽ ഘോഷിക്കപ്പെട്ടുന്നുണ്ട്.

12ാം. (ചൊ.) സംഖ്യ; 22. 1—14. പ്രാവചനകാരനായ ബിലയാം. ബിലയാമിനു തന്നെ മാന്ത്രികശക്തിയെപ്പറ്റി മുൻധാരണയിരുന്നുവെങ്കിലും വാളിൽനിന്നു തന്നെ രക്ഷിക്കാൻ കഴിഞ്ഞില്ല. (യോശു. 13. 22.) ബിലയാമിന്റെ പ്രത്യേകത, അവനു ദൈവത്തെക്കുറിച്ചുള്ള അറിവുള്ളവനായിരുന്നു എന്നതാണ്. 24. 16. ദൈവത്തെ യേപ്പെട്ടവനുമായിരുന്നു. പക്ഷെ ഏതു ഫലം? അവൻ അനീതിയുടെ കൂലി കൊതിച്ചു (2 പത്രൊ. 2 15.) കൂലി കൊതിച്ചു വഞ്ചന കാണിച്ചു (യൂദാ. 11.) യിസ്രായേലിൽ വിഗ്രഹാപ്പിതം നീങ്ങണമെന്നിരിക്കുന്നതിനും ഉന്നടപ്പു അശുചീകരിക്കുന്നതിനും അവരുടെ മുമ്പിൽ ഇടർച്ചവപ്പാൻ ബാലാക്കിനെ ഉപദേശിച്ചു (വെളി. 2. 14.) പക്ഷെ ദൈവകല്പനകൾക്കു കാരണഭൂതനായുള്ള ശാപം പറയുകയില്ല. സദൃ. 26. 2. നോക്കുക. ദൈവം യാക്കോബിന്റെ ചുറ്റും വേലികെട്ടിയെന്നുള്ള പിശാചിന്റെ പരാതി. യോബ്. 1. 10.

13ാം. (ബൂ.) സംഖ്യ. 22, 15—31. ദൈവം ബിലയാമിനെ തടയുന്നു. ബിലയാം ദൈവഹിതമറിഞ്ഞിട്ടും തന്റെ സ്വന്ത ആഗ്രഹപ്രകാരം ചെയ്യുന്നതിനു ദൈവത്തോടു നിർബ്ബന്ധിച്ചു. പല പ്രാവശ്യങ്ങളും ഇപ്രകാരമത്രേ. ദൈവഇഷ്ടമറിവാൻ പ്രാർത്ഥിക്കുന്നു. പക്ഷെ, നമ്മുടെ ആഗ്രഹംപോലെ ചെയ്തുതരുവാൻ ദൈവത്തെ നിർബ്ബന്ധിക്കയും ചെയ്യുന്നു. "എന്നാൽ നിന്റെ ഇഷ്ടംപോലെ ഫലം അനുഭവിച്ചോ" എന്നവിധത്തിൽ ദൈവം ഉത്തരം കൊടുത്തു. 19, 20. ഫലം. ദൈവശാസന കിട്ടി. പ്രതിഫലം ലഭിച്ചില്ല. വാളാൽ മരിക്കയും ചെയ്തു. സ്വയത്തിന്റെ വഴിയെ നടന്നാൽ ഇതിന്നനുഭവം.

14ാം. (വ്യാ.) സംഖ്യ. 22. 32—41. നാശവഴി തെരഞ്ഞെടുത്ത ബിലയാം. ദൈവം അവനെ ബോധ്യപ്പെടുത്തുന്നതു "നിന്റെ വഴി നാശകരമാകുന്നു" എന്നാണ്. (32.) വക്രതയുടെ വഴിയിൽ നടക്കുന്നവനായി ദൈവം ഇടപെടുന്നതിനെക്കുറിച്ചു ചില കാര്യങ്ങൾ ഈ ഭാഗത്തുനിന്നു മനസ്സിലാക്കാം (1) ദൈവം അവന്റെ ഇഷ്ടംപോലെ അനുവദിച്ചു കൊടുക്കുന്നു. ദൈവാനുവാദമുണ്ടെന്നു പറഞ്ഞു ബിലയാമിനെപ്പോലെ സ്വന്തവഴിയിൽ നടക്കുന്ന ദൈവഭൃത്യന്മാരുണ്ട്. (2) ബിലയാമിന്റെ സ്വാർത്ഥം ദൈവം തന്റെ ഉദ്ദേശത്തിനായി തിരിച്ചുവയോഗിക്കുന്നു. അനുസരണമില്ലാത്ത തന്റെ മകളെ ശിക്ഷിക്കുന്നതിനു ചിലപ്പോൾ പിശാചിനെ തന്നെ ദൈവം ഉപയോഗിക്കുന്നുണ്ട്. (1 കൊരി 5. 5; 1 തിമൊ. 1. 20.) (3) തന്റെ ഉദ്ദേശം നിവൃത്തിച്ചുകഴിയുന്നതുവരെ ന്യായവിധി നടത്തുന്നില്ല.

15ാം. (പെ.) സംഖ്യ. 23. 1—15. ബിലയാമിന്റെ അധരങ്ങളിൽ ദൈവവചനം. ബിലയാം മുഴു പ്രവചനങ്ങൾ ഉച്ചരിക്കുന്നു. അവ ഓരോന്നും സുഘോഷിതമെന്നാണു പറഞ്ഞിരിക്കുന്നതു്. ഇതു തെരഞ്ഞെടുക്കപ്പെട്ട ജാതിയായ യിസ്രായേലിന്റെ ചരിത്രവും മശിഹായുടെ വരവും (യാക്കോബിന്റെ നക്ഷത്രം) അവന്റെ മഹത്വപൂർണ്ണമായ രാജാവും സാമ്രാജ്യവും വെളിപ്പെടുത്തുന്നവയാണ്. ഇതിൽ രണ്ടാമതുള്ളതാണു ഇന്നത്തെ ഭാഗത്തുള്ളതു്. ദൈവനിശ്വാസീയതയെന്നു പറയുന്നതു എന്താണെന്നു ഈ ഭാഗത്തു തെളിയുന്നു. "ദൈവം ഒരു വചനം ബിലയാമിന്റെ നാവിന്മേൽ ആക്കിക്കൊടുത്തു (5 വാ).

16ാം. (ശ.) സംഖ്യ. 23. 16—30. ബിലയാമിന്റെ 2-ാമത്തെ സുഘോഷിതം. ഇതിൽ (1) ദൈവിക ആലോചനയുടെ സ്ഥിരത കാണുന്നു. വ്യാജം പറയുവാൻ ദൈവം ഒരു മനുഷ്യനല്ല. തന്റെ വാഗ്ദത്തം നിശ്ചയമായി നിവൃത്തിക്കും. ഇതു യിസ്രായേലിന്റെ മാത്രമല്ല, നമ്മുടെയും ഉറപ്പത്രേ. ദൈവത്തിനു കപടംകാണിപ്പാൻ അസാദ്ധ്യമായ രണ്ടു കാര്യങ്ങളാണു തന്റെ വചനവും തന്റെ പ്രതിജ്ഞയും (എബ്രാ. 6. 18.) നമ്മുടെ വലിയ ആശ്വാസം ഇതുതന്നെ. (2) ദൈവഹിതത്തിന്നപുറം പ്രവർത്തിക്കുവാനുള്ള കഴിവില്ലായ്മ കാണുന്നു. താൻ കല്പിച്ചതു വ്യത്യാസപ്പെടുത്തുവാൻ ആകാം പാടില്ല. അതിനുദ്യമിച്ചവർ അപകടത്തിൽ കുടുങ്ങുകയാണുണ്ടായിട്ടുള്ളതു്. (സങ്കീ. 2. 1—5) (3) തന്റെ തെരഞ്ഞെടുക്കപ്പെട്ടവരോടുള്ള തന്റെ കരുണ "യാക്കോബിൽ തിന്മ കാണുമാറില്ല. യിസ്രായേലിൽ കഷ്ടത കാണുമാറില്ല." അത്ഭുതകരമായ ദൈവകൃപ ഇവിടെ കാണുന്നു.

17ാം. (ഞാ.) സംഖ്യ. 24. 1—19. ബിലയാമിന്റെ 5 സുഘോഷിതങ്ങൾ. 3-മത്തേതിൽ യിസ്രായേലിന്റെ നിവാസങ്ങളുടെ മനോഹരതാ തന്നെ ആകർഷിക്കുന്നു. സമാഗമനകൂടാരത്തിനുചുറ്റും, അഗ്നിസ്തംഭത്തിന്റെയും മേഘസ്തംഭത്തിന്റെയും കീഴിൽ ഓരോ ഗോത്രവും അതിനു നിശ്ചയിച്ച സ്ഥാനത്തു അവരുടെ കൊടി പതിത്തിക്കൊണ്ടുള്ള, രാജകുലമായ കിടപ്പു്, ഇതരജാതികളുടെ മദ്ധ്യേ ഔന്നത്യംകാണിക്കുന്നവയായി ഗണിക്കുന്നു. നാലാമത്തെ സുഘോഷിതത്തിൽ, യി

ക്കോബിൻനക്ഷത്രവും യിസ്രായേലിന്റെ ചെങ്കോലും അഥവാ യാക്കോബിൽനിന്നു പുറപ്പെട്ടുവാനിരിക്കുന്ന മശിഹായെക്കുറിച്ചു പറയുന്നു. അവന്റെമുമ്പിൽ സകല ജാതികളും കീഴടിപ്പെടും. അഞ്ചാമത്തേതിൽ യിസ്രായേലിന്റെ നിരന്തരശത്രുവായ അമാലേക്കു നശിപ്പിക്കപ്പെടുന്നതിനെക്കുറിച്ചു പറയുന്നു. 6-ാമത്തേതു കേന്യരുടെ നാശവും 7-ാമത്തേതു അശ്ശൂരിന്റെ ന്യായവിധിയും പറയുന്നു.

18-ാം. (തി.) സംഖ്യ 27. 12—23. മോശെ തന്റെ ജോലി അവസാനിപ്പിക്കുന്നു. മെരിബൊയിൽ ദൈവകല്പന നിരാകരിച്ചു പ്രവർത്തിച്ചതിനാൽ കനാനിലേക്കു പ്രവേശനം അനുവദിക്കപ്പെട്ടില്ല. എങ്കിലും ദൈവത്തോടുള്ള ബന്ധം, സംസർഗ്ഗജീവിതം ഇവയ്ക്കു വിച്ഛേദമുണ്ടാകാതെ പിന്നെയും ജീവിച്ചു. ദൈവം നമ്മെ ശിക്ഷണത്തിൻകീഴിൽ നടത്തുമെങ്കിലും ഉപേക്ഷിക്കയില്ല. ദൈവം കഠിനമായി നമ്മെ ശാസിച്ചാലും "അവൻ എന്നെ ഉപേക്ഷിച്ചു" എന്നു തന്റെ വിശ്വാസമാരിൽ ചെറിയവർപോലും പറയരുതേ.

19-ാം. (ചൊ.) സംഖ്യ. 32. 1—15. രണ്ടരഗോത്രങ്ങളുടെ അഭ്യർത്ഥന. യുദ്ധം, അലച്ചിൽ ഇവ മതിയാകി യോർദ്ദാന്നിക്കരെ സ്ഥിരതാമസം ആക്കാനവർ ആഗ്രഹിച്ചു. ഈ ആഗ്രഹം സാധാരണമത്രേ. ദൈവദാസന്മാർക്കു ഇക്കാലത്തും നേരിടുന്ന ഒരു പരീക്ഷയാണിതു്. പോരാട്ടജീവിതമവസാനിപ്പിച്ചു് തങ്ങൾക്കുള്ളതനുഭവിച്ചുകൊണ്ടു താമസിപ്പാൻ അടിയങ്ങൾക്കു ആഗ്രഹമുണ്ടു്. (5 വാ.) ദൈവപൈതലിനു ലോകപ്രകാരമുള്ള ഐശ്വര്യങ്ങൾ ഉണ്ടാകുമ്പോൾ, പ്രകൃതിയുദ്ധമെ കഴിഞ്ഞുള്ളവെങ്കിലും, യോർദ്ദാനിക്കരെതന്നെ, വാഗ്ദത്തനാടിന്റെ അനുഭവം മറന്നുപോലും, സുഖമായി വസിക്കാനുള്ള പരീക്ഷ നേരിടുന്നു. "ഈ ലോകം നിങ്ങൾക്കു വിശ്രാമമല്ല" എന്നു എഴുതിയിരിക്കുന്നു് നാം ഓർക്കണം.

20-ാം. (ബു.) സംഖ്യ. 32. 16—32. നിങ്ങളുടെ പാപം നിങ്ങളെ കണ്ടെത്തും. അവരുടെ പാപമെന്തായിരുന്നു? (1) ശത്രുവിനെ ഇറക്കിവിട്ടില്ല. (2) വാഗ്ദത്തനാട്ടിലേക്കു കടന്നില്ല. (3) സഹോദരങ്ങളെ സഹായിച്ചില്ല. (4) യുദ്ധത്തിൽനിന്നു പിൻവലിഞ്ഞു. (5) സുഖമായി താമസിക്കുന്നതു തിരഞ്ഞെടുത്തു. നിങ്ങളുടെ പാപം നിങ്ങളെ കണ്ടെത്തുമെന്നു പറഞ്ഞതിനാൽ ഉദ്ദേശിച്ചതെന്തു്. അവരുടെ പാപം അറിയപ്പെടുമെന്നല്ല അതു പാരസ്യമായ പാപമാണെങ്കിലും. രഹസ്യപാപമാണ് ഭയങ്കരം. 1-മത്തെ ശത്രുവിനെ ഓടിക്കയില്ലെങ്കിൽ അവൻ ഒരു കണിയും ഉപദ്രവവുമായിരിക്കും. ജയിച്ചടക്കാത്ത പാപം ക്രിസ്തീയ ജീവിതത്തിലും ഇപ്പോഴും ഭയത്രേ. യോശു. 23. 13 നോക്കുക.. 2-മത്തതു് വാഗ്ദത്തനാടു കൈവശമാക്കാൻ കടന്നുപോകാതിരിക്കുന്നതു് ക്രിസ്തുവിൽ നമുക്കു ലഭിക്കാമായിരുന്ന അത്മീയാനുഗ്രഹങ്ങൾ നഷ്ടമാക്കി ജീവിതം ശക്തിയില്ലാത്തതാക്കുകയാണ്.

21-ാം. (വ്യാ.) സംഖ്യ. 35. 9—23. സങ്കേതനഗരങ്ങൾ. 6 സങ്കേതനഗരങ്ങൾ, കേദെശ്, ശേഖേം, ഹെബ്രോൻ, ഗോലാൻ, രാമോത്—ഗിലെയാദ്, ബെസേർ യോശു 20. 7, 8. ഇവ വീണ്ടുവിചാരമില്ലാതെ കുലപാതകം ചെയ്യുന്നവർക്കു ജീവരക്ഷയ്ക്കുള്ളതല്ല, അബദ്ധവശാൽ ആരെങ്കിലും കുലചെയ്യാനിടയായാൽ പ്രതികാരകന്റെ കയ്യിൽനിന്നു രക്ഷപ്പെടുന്നതിനാണ്, ഈ സങ്കേതനഗരങ്ങൾ ആകം ഉപയോഗിച്ചതായി തിരുവചനത്തിൽ കാണുന്നില്ല. കർത്താവായ യേശു എന്ന സങ്കേതനഗരത്തിലെത്തിയും പ്രാപിക്കുന്നവൻ ഒരു കുറ്റം ചെയ്യുവനായാലും അവനെ രക്ഷയുണ്ട്. ഒരുനാളും ഉപേക്ഷിക്കയില്ല. അവൻ "നമ്മുടെ സങ്കേതം".

22-ാം. (വെ.) 1 തിമോ. 1. 1—20. വിശ്വാസപ്പോരാട്ടം. മക്കദോന്യയിലേക്കു പോകുമ്പോൾ ഒരുപദേശക്കാരോടു് എതിർക്കുന്നതിനായി തിമോത്തിയോസിനെ എഫെസൂസിലാക്കി, ഇത്ര വലിയ ചുമതല ഏല്പിക്കുന്നതിനു് തിമോത്തിയോസ് നന്നെ ചെറുപ്പമായിരുന്നു. അതുകൊണ്ടും അത്ര നന്നല്ലായിരുന്നു. 5. 23. അല്പം വീഞ്ഞുവെള്ളമായിരുന്നു. 1 കൊരി. 16. 10. അതുകൊണ്ടു ഒരുപദേശക്കാർക്കെതിരായി കരുത്തുവാനും പരസ്യാരാധനയെക്കുറിച്ചു നിർദ്ദേശം നല്കുവാനും, ഈ ലേഖനം എഴുതി. പൌലൂസ് സ്വന്തഅനുഭവസാക്ഷി പറയുന്നതു ശ്രദ്ധേയമായിരിക്കുന്നു, "ആ പാപികളിൽ ഞാൻ ഒന്നാമൻ." ക്രിസ്തീയാനുഭവത്തിൽ വളരുന്തോറും ഈ വിനയത്തോടുകൂടിയ മനോഭാവം നമ്മിലുണ്ടാകയും അത്രത്തോളം ദൈവകൃപയുടെ ആഴം നമുക്കു ശക്തിയായി ബോധപ്പെടുന്നതുമാണ്.

23-ാം. (ശനി.) 1 തിമോ. 2. 1—15. ആരാധനയുടെ ക്രമീകരണം. ക്രിസ്തീയ സഭ ലോകത്തിന്റെ മഹാപുരോഹിതനാണ്. മദ്ധ്യസ്ഥപ്രാർത്ഥനയാണവൻ നിവൃത്തിക്കുന്ന പ്രഥമമായ ചുമതല. (1) രേണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു്. ഇതു ക്രിസ്തീയ രേണാധിപ

ന്മാരെ മാത്രമല്ല. പുറജാതികളെക്കൂടെ ഉദ്ദേശിച്ചാണ്. യഹൂദവംശജർക്കു ഇതൊരു പുതിയ ആശയമായിരുന്നു. (2) മഹാപുരോഹിതനും മദ്ധ്യസ്ഥനുമായ യേശുവിൽകൂടെ നമ്മുടെ അയയാചനകൾ ദൈവസന്നിധിയിലെത്തുന്നു. ഒരു മദ്ധ്യസ്ഥൻ മാത്രം (5 വാ.) മറ്റു മദ്ധ്യസ്ഥരെ ആശ്രയിക്കുന്നതിനു ഈ വാക്യം അനുകൂലിക്കുന്നില്ല. എബ്രാ. 8. 6, 9. 15, 12. 24. ഇവ നോക്കുക. കർത്താവു നമ്മുടെ വിലയേറിയ മദ്ധ്യസ്ഥൻ.

24നു. (ഞാ.) 1 തിമോ. 3. 1—16. സഭാശുശ്രൂഷകർ. സഭാശുശ്രൂഷകർ എങ്ങനെയുള്ളവരായിരിക്കണമെന്നു ഈ ഭാഗത്തു വിശുദ്ധ പൌലൊസ് തിമോഥെയോസിനോടു പറയുന്നു. ആത്മരക്ഷകജീവിതത്തെക്കുറിച്ചല്ല. പുതിയ കാണുന്ന ലക്ഷണങ്ങളാണ് ഏടുത്തുപറയുന്നതു്. സഭയുടെ അദ്ധ്യക്ഷൻ അഥവാ ബിഷപ്പിന്റെ യോഗ്യതകളാണ് ആദ്യത്തെ 7 വാക്യങ്ങളിലുള്ളതു്. അദ്ധ്യക്ഷനു് ഗുമസ്തൻ, ഉപദേശിപ്പാനും, ഉപദേശിപ്പാനും വണം കൈകൊയ്യാനും ചെയ്യാനും മറ്റുള്ളവരുടെ, പ്രത്യേകിച്ചു ജാതികളുടെ മുമ്പാകെ ക്രിസ്തീയ സഭയെ പ്രതിനിധീകരിച്ചു കാണിക്കുന്നതുള്ള ഗുമസ്തനുമായിരിക്കണം. ഗുമസ്തൻ മുതലായ വഹിപ്പാനും, ഉപദേശിപ്പാനും വണം കൈകൊയ്യാനും ചെയ്യാനും മറ്റുള്ളവരുടെ, പ്രത്യേകിച്ചു ജാതികളുടെ മുമ്പാകെ ക്രിസ്തീയ സഭയെ പ്രതിനിധീകരിച്ചു കാണിക്കുന്നതുള്ള ഗുമസ്തനുമായിരിക്കണമെന്നു ഈ ഭാഗത്തു വിശുദ്ധ പൌലൊസ് തിമോഥെയോസിനോടു പറയുന്നു. ആന്തരികജീവിതത്തെക്കുറിച്ചല്ല. പുതിയ കാണുന്ന ലക്ഷണങ്ങളാണ് ഏടുത്തുപറയുന്നതു്. സഭയുടെ അദ്ധ്യക്ഷൻ അഥവാ ബിഷപ്പിന്റെ യോഗ്യതകളാണ് ആദ്യത്തെ 7 വാക്യങ്ങളിലുള്ളതു്. അദ്ധ്യക്ഷനു് ഗുമസ്തൻ മുതല

ക്കുക). ദാവീദിന്റെ മൂന്നു സംഗീതപ്രമാണികളിൽ ഒരാളാണ് ആസാഫ്. 1 ദിന. 16. 4, 5-ലാണ് ഈ ആളെക്കുറിച്ചു ആദ്യം പറയുന്നതു്. യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിലേക്കു കൊണ്ടുവന്നപ്പോൾ "ആസാഫ് കൈത്താളം കൊട്ടി." ആ അവസരത്തിലേക്കു ദാവീദു ഉണ്ടാക്കിയ സങ്കീർത്തനം ആസാഫിനെയും സഹോദരന്മാരെയും ഏല്പിച്ചു. 2 ദിന. 29. 30-ൽ ആസാഫിനെ ഒരു ദർശകനായി പറഞ്ഞിരിക്കുന്നു. ഈ സങ്കീർത്തനം രണ്ടു ഭാഗങ്ങളായാണു പറയുന്നതു്. (1) എന്റെ വിശുദ്ധന്മാർ, എന്റെ ജനം (1-15 വാ). (2) ദുഷ്ടന്മാരോടു് (16—23 വാ). യാഗം കഴിച്ചു നിയമം ചെയ്ത വിശുദ്ധന്മാരെ ആദ്യമായി ശാസിക്കുന്നു. കാരണം അവർ വഴിപാടു, യാഗം ഇവ മൂലം ദൈവത്തിനു എന്തെങ്കിലും കൊടുക്കുകയാണെന്നു വിചാരിച്ചതാണബദ്ധം. ജാതികൾ കാഴ്ച കൊടുത്തു ദൈവപ്രീതി പാങ്ങാൻ ശ്രമിക്കുന്നതുപോലെയാണോ നമ്മുടെ ആരാധന.

30-ാം. (ശ.) സങ്കീ. 50. 16—23. ദുഷ്ടനോടുള്ള പ്രതിവചനം. ദുഷ്ടന്മാരുടെമേൽ പ്രതികാരം നടത്തുമെന്നു ദൈവം തന്റെ കരുണയിൽ മുൻകൂട്ടറിയിച്ചു പറയുന്നു. (1) അവർ ജീവിതം ശരിപ്പെടുത്താതെ ദൈവത്തിന്റെ വിശുദ്ധ നിയമം അവരുടെ അധരങ്ങളിൽ എടുക്കുന്നു. ഒരേ സമയത്തുതന്നെ ഭക്തിയും ദുഷ്ടതയും പാലിക്കുന്നു. അനുസരണക്കേടിന്റെകൂടെ നിന്ദയും പാലിക്കുന്നു. (2) ശാസനയെ വെറുത്തു വചനം പുറകിലെറിയുന്നു (17 വാ). (3) അതിന്റെ ഫലമായി സാന്മാർഗ്ഗിക നില അധഃപതിച്ചു മോക്ഷാർക്കും വ്യഭിചാരികളും (18 വാ) നുണ പറയുന്നവരും (19 വാ.) ഏഷണിക്കാരും (20 വാ.) ആയിത്തീർന്നിരിക്കുന്നു. (4) ദൈവത്തെ തെറ്റായി ധരിച്ചിരിക്കുന്നു. തങ്ങളിൽ ഒരുവനെപ്പോലെയാണെന്നു (21 വാ.) റോമ. 1. 21—32 നോക്കുക, അതിനാൽ ദൈവം ഇപ്പോൾ മൌനമായിരിക്കുന്നെങ്കിലും പ്രതികാരം നടത്തും. എങ്കിലും മനന്തിരിയുന്നെങ്കിൽ അവർക്കു തന്റെ രക്ഷ കാണിച്ചുകൊടുപ്പാൻ ഒരുക്കമത്രെ.

ജൂലൈ 1. (ഞാ.) സങ്കീ. 51. 1—19. ദൈവികമായ അനുതാപത്തിനു ഉദാഹരണം. 2 ദിന. 7. 11-ൽ ശരിയായ അനുതാപത്തിനു പറയുന്ന ഏഴു കാര്യങ്ങളും ഇതിലുണ്ടു്. 1. കരുണയ്ക്കുവേണ്ടിയുള്ള അപേക്ഷ. (1) കുറ്റസമ്മതമാണു് കരുണയ്ക്കുള്ള അപേക്ഷയ്ക്കു ആവശ്യം. ദാവീദു സ്വയം കുറ്റം സമ്മതിക്കുന്നു. ഇനി കരുണയ്ക്കില്ലാതെ ഒന്നും പറയാനില്ല (ലൂക്കോ. 18. 13). (2) ആദ്യത്തെ ആവശ്യം ശുദ്ധീകരണം. ദൈവിക കാഴ്ചയിൽ താൻ ഒരു രോഗിയാണെന്നു. രോഗിയെ ശുദ്ധീകരിക്കുന്നതിനുപയോഗിക്കുന്ന ഈസോപ്പുചെടികൊണ്ടു ശുദ്ധീകരിക്കാൻ അപേക്ഷിക്കുന്നു. (3) ദൈവമുമ്പാകെ ഏറ്റവും വിനയപ്പെട്ട ഏറ്റുപറയുന്നു. ചെയ്തുപോയ പാപം മാത്രമല്ല തന്റെ ജനനപാപംകൂടെ ഏറ്റുപറയുന്നു (5 വാ). മനുഷ്യൻ ജനനപാപി, പാപപ്രകൃതിയും പാപത്തഴക്കവും ഉള്ളവൻ. ദൈവകൃപ ഇതു ഏല്ലാറ്റിനും മതിയായതു്. ഈസ്സോപ്പുകൊണ്ടു രക്തം തളിച്ചാണ് കുറ്റം മായിക്കുന്നതു്. (4) പുതു ജനനത്തിന്റെ ആവശ്യം (10 വാ). അതു പരിശുദ്ധാത്മാവിനാലാണ (12 വാ) (5) നഷ്ടപ്പെട്ടുപോയ രക്ഷയുടെ സന്തോഷം തിരികെ ആവശ്യപ്പെടുന്നു. രക്ഷിക്കപ്പെട്ടവരെ ദൈവം ഒരുപ്രകാരത്തിലും തള്ളിക്കളകയില്ല. എങ്കിലും അവരുടെ സന്തോഷം, ആത്മീയശക്തി, സാക്ഷ്യം ഇവ പാപംനിമിത്തം നഷ്ടമാകാവുന്നതാണു്. (6) തകർന്ന നുറുങ്ങിയുമുള്ള ഹൃദയമില്ലെങ്കിൽ യാഗങ്ങൾതന്നെ വിലയുള്ളതല്ല. (7) ഈ അപേക്ഷയിലെങ്കിലും നിരാശയുടെ മൊഴികളില്ല. യഥാർത്ഥ അനുതാപവും വിശ്വാസവും പ്രത്യാശയുമുള്ളതാണ്

2-ാം. (തി.) സങ്കീ. 52. 1—9. ശൌലിന്റെ മുമ്പിൽനിന്നു ഓടിപ്പോകുമ്പോൾ ദാവീദ് ചമച്ച ധ്യാനം. (1) യാക്കോബിന്റെ ലേഖനത്തിൽ 3 അ. 5—10. പറയുന്നതുപോലെ നാവുകൊണ്ടുള്ള ദോഷം എത്ര ശക്തിയേറിയതെന്നു കാണിക്കുന്നു. ദുഷ്ടതയിൽ അതു പ്രശംസിക്കുന്നു. അതു ചതിവു്, ദുഷ്ടത, തിന്മ, വ്യാജം, വഞ്ചന, നാശകരമായ വാക്കുകൾ ഇവ ഇഷ്ടപ്പെടുന്ന ദൈവത്തെ ശരണമാക്കിയവന്റെ അനുഭവം. ദൈവത്തിന്റെ ആലയത്തിൽ തഴയ്ക്കും. ദൈവത്തിന്റെ കയ്യിൽ എന്നേക്കും ആശ്രയിക്കും. ദൈവത്തിൽ പ്രത്യാശവെക്കും. അവനെ സ്തുതിക്കും. ഇതു ദാവീദിന്റെ അനുഭവമായിട്ടാണിവിടെ പറയുന്നതു്. (8 വാ.) "എന്റെ അനുഭവം ഇതുതന്നെ' എന്നു നിനക്കു പറയാമോ? പീഡനങ്ങളുടെ മദ്ധ്യത്തിലാണു ദാവീദ് ഇതു ഏഴുതിയതു്. കഷ്ടത നമ്മുടെ ദൈവാശ്രയത്തെ ചോദ്യംചെയ്യുന്ന അവസരമാണു്. ആ സമയംതഴച്ച വമുന്ന വൃക്ഷംപോലെ (8) വേരുകൾ ആഴത്തിലേക്കിറക്കി ക്രിസ്തുവിൽനിന്നു പുതിയ ശക്തിയും ധൈര്യവും പ്രാപിക്കുന്നതിനുള്ള അവസരമാക്കണം.

3-ാം. (ചൊ.) സങ്കീ. 53. 1—6. മനുഷ്യന്റെ പാപാവസ്ഥ. ഈ സങ്കീർത്തനം 14-ാംസങ്കീ

ർത്തനത്തിന്റെ അക്ഷരപ്രകാരമുള്ള ഒരു വേർത്തനമാണു'. 1 മുതൽ 3 വരെയുള്ളഭാഗം മനുഷ്യപുത്രന്റെ സാവൂത്രികത്വം വി. പൌലൊസ് റോമ. 3. 10—12-ൽ എടുത്തു പറഞ്ഞിട്ടുണ്ട്. (1) ദൈവമില്ല എന്നു മൂഢൻ പറയുന്നതായി ആ വാക്യത്തിൽ പറഞ്ഞാരംഭിക്കുന്നു. 6 വാക്യങ്ങളുള്ള ഈ സങ്കീർത്തനത്തിൽ 'ദൈവം' എന്ന വാക്കു ഏഴുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ദൈവം ഉണ്ടെന്നു അങ്ങനെ ഉറപ്പിക്കുന്നവിധത്തിലാണ്. (2) ദൈവമേയില്ലാത്തവന്റെ അവസ്ഥ എത്ര ഭയങ്കരം! അവർ ദൈവജനത്തെ തിന്നുകളയുന്നു. പ്രാർത്ഥിക്കുന്നില്ല. മഹാഭയത്തിലാണവരുടെ ജീവിതം. അതിന്റെ ഫലമായി ദൈവം അവരെ ഉപേക്ഷിക്കുന്നു. 5 വാ. (3) തന്റെ ജനത്തിനു ദൈവം ഉദ്ധാരണം നല്കുന്നു. അവർ സന്തോഷവും ആനന്ദവും അനുഭവിക്കും.

4നു-. (ബൃ.) സങ്കീ. 54. 1—7. ഇതും ദാവീദിന്റെ ഒരു ധ്യാനമത്രേ. 52—ാം സങ്കീർത്തനത്തിന്റെ സാഹചര്യത്തെത്തന്നെയാണിതിന്റെയും. "നിന്റെ നാമത്താൽ എന്നെ രക്ഷിക്കേണമേ". പ്രയാസം നേരിടുമ്പോൾ ദൈവത്തെ ഓർക്കുകയാണു 1—ാമതു ചെയ്യുന്നതു. ദൈവനാമം അവന്റെ ദിവ്യസ്വഭാവങ്ങളെ അനുസ്മരിപ്പിക്കുന്നു. ദൈവത്തെ സഹായകനായി കാണുകയെന്നതാണു തന്റെ ധൈര്യം (4 വാ). അചഞ്ചലമായ ദൈവവിശ്വാസവും ദൈവാശ്രയവും ഓരോ വാക്യത്തിലും എത്ര സ്പഷ്ടമായിരിക്കുന്നു. ദൈവപൈതങ്ങളുടെ ജീവിതവിജയത്തിന്റെ രഹസ്യം അതാണു. ദൈവകൃപയ്ക്കായി താൻ ഒടുവിൽ സ്തോത്രംചെയ്യുന്നതു നോക്കുക. (6 വാ.) പ്രാർത്ഥനയോടുകൂടെ ആരംഭിക്കുന്ന ഈ സങ്കീർത്തനം സ്തോത്രത്തോടെ അവസാനിക്കുന്നു.

5നു-. (വ്യാ.) സങ്കീ. 55. 1—11 ആവലാധിപ്പെടുന്ന വിശ്വാസി. (1) "പ്രാവിനുള്ളതു പോലെ .....പാന്ഥശാലയിൽ വിശ്രമിക്കുമായിരുന്നു." പരിഭ്രമവും മനഃപീഡയുമാണിതിനു കാരണം. എന്നാൽ ഓടിപ്പോയാൽ വിശ്രമം കിട്ടുകയില്ല. ഓടിപ്പോയ ചിലരെ നാം കാണുന്നുണ്ട്. യാക്കോബ് ഉല്പ. 31. 22; ഏലിയാവു് (1 രാജാ. 19. 13;) യോനാ. 1. 3, 15. ഏങ്ങോട്ടു ഓടിയാലും മനഃപീഡയും പ്രയാസവും കൊണ്ടാണല്ലൊ ഓടുന്നതു്. (2) ശത്രുക്കൾ നശിക്കുന്നതിനുള്ള പ്രാർത്ഥന ഇതിനുപരിഹാരമോ? (9വാ.) നഗരത്തിൽനിന്നു അതിക്രമവും കലഹവും നീങ്ങിപ്പോകാനുള്ള അപേക്ഷ നല്ലതുതന്നെ പക്ഷെ, 15—ാംവാക്യം ഒരു ദൈവപൈതലിനു ഉപയോഗിക്കാവുന്ന ഭാഷയല്ല. (3) പിന്നെ എന്താണു വേണ്ടതു്. ദൈവകൃപയാൽ ദൈവമഹത്വത്തിനുവേണ്ടി ജയിക്കുന്നതിനുള്ള കഴിവാണു വേണ്ടതു്. വിശ്വാസത്താൽ എന്നതുകൊണ്ടു പറഞ്ഞതു, സങ്കീർത്തനകാരനു പ്രാവിനെപ്പോലെ ചിറകു വേണമെന്നു പ്രാർത്ഥിക്കാതെ, തന്റെ പ്രയാസങ്ങൾ സഹിക്കുന്നതിനു ഒരു കാരുടെയും ശക്തി തരേണമേ എന്നപേക്ഷിക്കുകയായിരുന്നു നല്ലതെന്നാണു്. ദൈവമേ, മാവിടത്തിനായി ഞാൻ നിങ്കലേക്കു പാകുന്നു എന്നു പ്രാർത്ഥിക്കാം. മരുഭൂമിയിലേക്കല്ല. ദൈവത്തിങ്കലേക്കു്.

6നു-. (വെ.) സങ്കീ. 55. 12—23. കൂട്ടുകെട്ടിൽ ശരിയായ അടയസ്ഥാനം. ഈ സങ്കീർത്തനം അഹിഥോഫെലിനെക്കുറിച്ചാണെഴുതുന്നതെന്നു വിചാരിക്കപ്പെടുന്നു. "എന്നോടു സമനായ മനുഷ്യനും, എന്റെ സഖിയും, എന്റെ പ്രാണസ്നേഹിതനുമെന്നു പറയുന്നതു അവനാണു്. അവനുമായി ആലോചന കഴിക്കയും ദേവാലയത്തിൽ പോകയും ചെയ്യുകൊണ്ടിരുന്നു. (2 ശമൂ. 16. 23) ഇതു യൂദായെക്കുറിച്ചുള്ള ഒരു പ്രവചനവുംകൂടെയത്രേ. ഒരു പഴയസ്നേഹിതൻ, തിരിഞ്ഞുനിന്നു ചതിക്കുകയും ശത്രുവായി പരിണമിക്കുകയും ചെയ്യുന്നതുപോലെ വേദനാജനകമായ ഒരു കാര്യമില്ല. ദാവീദ് ഏവിടെ പറന്നുപോകേണ്ടു എന്നു വിലപിക്കുന്നു എങ്കിലും ശരിയായ അനുഭവത്തിലേക്കു തിരിച്ചുവരുന്നു (1) 16—ംവാക്യം. അവകാശക്കു അടുത്തുവരുന്ന ഏവരെയും രക്ഷിപ്പാൻ യേശുക്രിസ്തു മതിയായവൻ. എബ്രാ. 7. 25. (2) തന്റെ പതിവനുസരിച്ചുള്ള പ്രാർത്ഥനാസമയങ്ങൾ തനിക്കു പുതിയ ശക്തിയും കൃപകളും നൽകുന്നു. (17വാ) ഏതു നല്ല പതിവു്. ഇതിന്റെ ഫലമായി അവൻ പറയുന്നതു "എന്നോടു കയർത്തുനിന്നവർ അനേകരെങ്കിലും എന്നെ അടക്കാൻ സാധിക്കയില്ല." (2 രാജാ. 6. 17. നോക്കുക.) 22—ാംവാക്യം അനുഭവമാക്കുക. അതാശ്വാസം തരും.

7നു-. (ശ.) സങ്കീ. 56. 1—13. ഭയത്തിനു പ്രതിവിധി. അനേകരുടെയും ജീവിതത്തിൽ ഭയം ഒരു വലിയ ഘടകമാണു്. ദൈവം "ഭയപ്പെടണ്ടാ" എന്നു ആദ്യം പറഞ്ഞതു അബ്രഹാമിനോടാണു്. അനേകരോടു അതിനുശേഷം ഇതു പറഞ്ഞിട്ടുണ്ടു്. വെളി. 1. 17—ൽ യോഹന്നാനോടു പറയുന്നതായി കാണുന്നു. യേശു രക്ഷിതാവിന്റെ സാധാരണ മൊഴികളാണിതു്. ദാവീദിനു ഭയത്തിനുള്ള കാരണങ്ങളുണ്ടായിരുന്നു. ഭയപ്പെടുക, വിഷമിക്കുക, മനഃക്ലേശപ്പെടുകയും എന്നതു പാപമല്ല എന്നു ഓർക്കണം. എന്നാലതിനു കീഴ്പെടുന്നതു മറ്റൊരു കാര്യമാണു്. ഭയം നമ്മെ ഭീരുത്വമായി പ്രവൃത്തിക്കുന്നതിനു് ഇടയാക്കുന്നെങ്കിൽ, സത്യം വിട്ടുമാറാനിടയാക്കുന്നെങ്കിൽ

അതു പാപമാണ്. ഭയം നീങ്ങിയ അനുഭവം ലഭിക്കുന്നതിനുള്ള മാർഗ്ഗം എന്ത്? (1) ദൈവത്തിലാശ്രയിക്കുക. (2) ദൈവവചനം പഠിക്കുക. (4 വാ.) ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴ്ത്തും. (3) ദൈവത്തിനു നന്ദിയോടുള്ള സ്തുതിഗീതം (8 വാ.) കണ്ണുനീർ ദൈവത്തിന്റെ ഭൃത്തിയിൽ' ലാസറിന്റെ കല്ലറയിങ്കൽ കർത്താവു കരഞ്ഞു. ആ സഹോദരികൾക്കു എത്ര ആശ്വാസം.

8നു. (ഞാ.) സങ്കീ. 57. 1—11. കഷ്ടകാലത്തു ഏകയും ഉറപ്പായിരിക്കുക. ഇതും 142-ാം സങ്കീർത്തനവും ദാവീദു ശൗലിനെ പേടിച്ചു ഗുഹയിലിരുന്നെഴുതി. 1 ശമു. 22. 1—24. 1—2. വായിച്ചാൽ ആ ചരിത്രം അറിയാം. നമ്മുടെ കഷ്ടതകൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു അവസരമാകണം. കഷ്ടതകൾ എല്ലായ്പ്പോഴും നിലയില്ല. അതുകൊണ്ടു ക്ഷമയോടെ സഹിച്ചുനിൽക്കണം. ദാവീദു ഈ ഗുഹയിൽ, അവന്റെ ജീവൻ ഒരു നൂലിൽ തൂങ്ങുമ്പോൾ, അവന്റെ പ്രാണൻ സിംഹങ്ങളുടെ ഇടയിലായിരിക്കുമ്പോൾ, അഗ്നി ജ്വലിക്കുന്നവരുടെ ഇടയിലവൻ ആയിരിക്കുമ്പോൾ (4 വാ.) ദാവീദു പാടുപാടുന്നതു കേൾക്കുക. പെരുമ്പാമ്പും പിലാമ്പും ഫിലിപ്പൂസിൽ ജയിലിൽ കിടക്കുമ്പോൾ പാടിയതുപോലെ ദാവീദിനും പാടാൻ കഴിഞ്ഞു. ഇതിന്റെ രഹസ്യമെന്തു? 7-ാം വാക്യം വായിക്കുക. 'എന്റെ മനസ്സുറച്ചിരിക്കുന്നു. ദൈവമേ എന്റെ മനസ്സുറച്ചിരിക്കുന്നു. ഞാൻ പാടും, ഞാൻ കീർത്തനം ചെയ്യും.

9നു. (തി.) യോഹ. 1. 1—14. ജഡമായിതീർന്ന വചനം. 1-മതു വചനം ജഡമായിതീർന്നതിനെക്കുറിച്ചു പറയുന്നു. ഒരുമിന്റെ ചരിത്രം പറയുമ്പോൾ ആ ആളിന്റെ ഉത്ഭവം മുതലാരംഭിക്കുമല്ലോ. യേശുവിന്റെ ഉത്ഭവമാണിവിടെ പറയുന്നതു്. അവൻ വചനമായി ദൈവത്തോടുകൂടെയായിരുന്നു. അവൻ ദൈവം തന്നെയായിരുന്നു. അവൻ സകലത്തിനും ആദികാരണമായിരുന്നു. അവനു ജീവൻ ലഭിച്ചതല്ല. അവൻ ജീവൻ തന്നെയായിരുന്നു. ഇവിടെ തന്റെ കർതൃത്വം, നിത്യത്വം ഇവ ഏത്ര തെളിവായി പറയുന്നു. മാത്രമല്ല, അവൻ മനുഷ്യരുടെ വെളിച്ചമായും തീർന്നു. 2-മതു ലോകത്തിലേക്കു വെളിച്ചമായി വന്ന വചനം. കാലത്തികവിൽ താൻ മനുഷ്യനായി. (6—9.) പക്ഷെ താൻ നിരസിക്കപ്പെട്ടു കുന്നകിൽ കൈക്കൊള്ളണം അഥവാ ഉപേക്ഷിക്കണം. നീ അവനെ കൈക്കൊണ്ടിട്ടുണ്ടോ (12 വാ).

10നു. (ചൊ.) യോഹ. 1. 15—28. യോഹന്നാൻസ്നാപകന്റെ സാക്ഷ്യം. ഈ പുതിയ പ്രവാചകൻ ആരെന്നറിയുവാനായി സന്നിദ്രീം സംഘത്തിൽനിന്നും മറ്റും അയക്കപ്പെട്ട ആളുകളോടു യോഹന്നാൻ സാക്ഷിച്ചതു താൻ യിരമ്യാവോ ഏലിയാവോ മശിഹായോ അല്ല എന്നായിരുന്നു. താൻ മശിഹയുടെ മുന്നോടി മാത്രമെന്നു സാക്ഷിക്കുന്നു. അതിനുശേഷം യേശുവിനെ ഉയർത്തിക്കാണിക്കാൻ ഇടയുന്നു. അവന്റെ ചെരിപ്പിന്റെ വാറു കുനിഞ്ഞഴിപ്പാനുള്ള യോഗ്യത തനിക്കില്ലെന്നു സമ്മതിക്കുന്നു. യോഹന്നാൻ വെളിച്ചമല്ല. വെളിച്ചത്തിനു സാക്ഷ്യം പറയേണ്ടതിനു വന്നവനായിരുന്നു. ഏപ്പോഴും അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു എന്നും സ്മരിക്കുമ്പോൾ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനാരും എഴുന്നേറ്റിട്ടില്ലെന്നും യേശു യോഹന്നാനെക്കുറിച്ചു സാക്ഷിക്കുന്നു. നമ്മെക്കുറിച്ചു കർത്താവിന്റെ സാക്ഷ്യമെന്താണെന്നുള്ളതാണ് കാര്യം.

T. I. I.

ജനസംഖ്യകണക്കു

ഐക്യരാഷ്ട്രസംഘടന ഏറ്റവുമിപ്പോഴുള്ള കണക്കിൻപ്രകാരം 1954-ൽ ലോകത്തിലെ ജനസംഖ്യ 265 കോടി 20 ലക്ഷമാണ്. അതിൽ പകുതിയിലധികവും ഏഷ്യയിലാണ്. സോവിയറ്റു യൂണിയനുള്ള ഏഷ്യയിൽ 145 കോടി 10 ലക്ഷവും, 40 കോടി 40 ലക്ഷം യൂറോപ്പിലും, 30 കോടി 70 ലക്ഷം അമേരിക്കൻരാജ്യങ്ങളിലും, 21 കോടി 40 ലക്ഷം സോവിയറ്റുയൂണിയനിലും 21 കോടി ആഫ്രിക്കയിലും, 1 കോടി 44 ലക്ഷം ഓഷ്യാനിയായിലുമാകുന്നു.

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യം ചൈനയാണ്. അവിടത്തെ ജനസംഖ്യ 58 കോടി 20 ലക്ഷമാണ്. ഇന്ത്യയിൽ 37 കോടി 70 ലക്ഷമുണ്ട്. അമേരിക്കൻ ഐക്യരാജ്യങ്ങളിൽ 16 കോടി 20 ലക്ഷവും, ഇന്തോനേഷ്യയിൽ 8 കോടി 10 ലക്ഷവും, പാക്കിസ്ഥാനിൽ 8 കോടിയുമാണ്. ആണ്ടുതോറുമുള്ള വർദ്ധനവു ഏഷ്യയിൽ 2 കോടി 10 ലക്ഷവും, ലാറ്റിൻ അമേരിക്കയിൽ 40 ലക്ഷവും വടക്കെ അമേരിക്ക, സോവിയറ്റുയൂണിയൻ, യൂറോപ്പ്, ആഫ്രിക്ക എന്നീ രാജ്യങ്ങളിൽ 30 ലക്ഷം വീതവുമാണ്.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 6 ജൂൺ 1956

ഒരു മാതൃക കുടുംബം

മാതൃസംഘടനയുടെ സെക്രട്ടറി അടുത്തസമയം എന്നെ സന്ദർശിച്ചപ്പോൾ ഒരു മാതൃകാ കുടുംബജീവിതം ഞാൻ പാലിക്കണം എന്നു ഏറെനാട് പറകയുണ്ടായി. ഇതു എനിക്കു വലുതെ സന്തോഷമുളവാക്കി. അതിനാൽ ഈ കുടുംബത്തെക്കുറിച്ചു കുടുംബപ്രിയവാദിനി മുഖാന്തരം നിങ്ങളെക്കൂടെ എഴുതി അറിയിക്കയും ചെയ്യട്ടെ!

ഈ കുടുംബത്തിൽ ഒരു അമ്മയും മകനും—അങ്ങനെ രണ്ടു അംഗങ്ങൾ മാത്രം. മകൻ ഏകദേശം അമ്മയോടും വലുതു എന്നു പറയാം. ഇവരുടെ കുടുംബജീവിതത്തിൽനിന്നും നമ്മെ സഹായിക്കാവുന്ന നാലുകാര്യങ്ങൾ ഞാൻ പറഞ്ഞുകൊള്ളട്ടെ!—

1. പാൽകുടി മാറേറണ്ട സമയം ആയപ്പോൾ അമ്മയുടെ ഓമന മകനു പാൽ കൊടുക്കുന്നതിനു അമ്മ സമ്മതിക്കുന്നില്ല. എന്നാൽ പാൽ കിട്ടുന്നതിനായി മകൻ അമ്മയെ നിർബന്ധിച്ചു—കരഞ്ഞു—കെഞ്ചി അപേക്ഷിച്ചു. അമ്മയുടെ ചുറ്റും നടന്നു എങ്കിലും അമ്മ വിസമ്മതിക്കയും പാൽ കൊടുക്കാതെ ഇരിക്കയും ചെയ്തു. അധികം താമസിയാതെ മകനു സംഗതി മനസ്സിലായതിനാൽ അമ്മയെ പിന്നെ ഉപദ്രവിച്ചില്ല എന്നു മാത്രമല്ല പാൽകുടിയുടെ കാര്യം മകന്റെ മനസ്സിൽനിന്നു പാടെ മാഞ്ഞുപോകയും ചെയ്തു. നമ്മുടെ കുഞ്ഞുങ്ങളുടെ ഇഷ്ടത്തിനു നാം വിട്ടു കൊടുക്കുന്ന സമയം വാസ്തവത്തിൽ അവരോടു ചെയ്യുന്നതു? തൽമൂലം അമ്മയുടെ ആരോഗ്യം ക്ഷയിക്കുന്നതിനും മകന്റെ തന്നിഷ്ടം വർദ്ധിച്ചു വരുന്നതിനും ഇടയാകുന്നു.

2. അമ്മയും മകനും തമ്മിൽ ഒരു കോപവാക്കോ നോട്ടമോ, ഒരിക്കലും ഉണ്ടായിട്ടില്ല. മകൻ കുസൃതി ഉള്ളവനായി വന്നപ്പോൾ അമ്മ വലുതെ ക്ഷമയുള്ളവളായി കാണപ്പെട്ടു.

നമ്മുടെ കുട്ടികൾ കുസൃതി ഉള്ളവരായി ഇരിക്കുന്നതു സാധാരണയാണല്ലോ. എന്നാൽ ഇപ്രകാരമുള്ള അവസരങ്ങളിൽ അമ്മമാർ എത്ര അക്ഷമരായി കാണപ്പെടുന്നു.

3. അമ്മയ്ക്കും മകനും വെവ്വേറെ പാത്രങ്ങൾ ഉണ്ട്. (ഈ അമ്മയും മകനും മനുഷ്യർ അല്ല പിന്നെയോ അവർ എന്റെ വീട്ടിലെ പട്ടികൾ അത്രെ!) മകനു ദിവസവും പാൽ കലക്കി കൊടുക്കും. എന്നാൽ അമ്മയ്ക്കു പാൽപാടിയുടെ ആവശ്യം ഇല്ലാത്തതിനാൽ കൊടുക്കുകയില്ല. എന്നാൽ അമ്മയും മകനും ഭക്ഷണം തമ്മിൽ തമ്മിൽ അന്യാഗ്രഹത്തോടെ കവർന്നു എടുക്കുകയില്ല, അവർ ഇരുവരും അവരവരുടെ അവകാശത്തെ ബഹുമാനിക്കുന്നു.

ഒരു ഭവനത്തിലെ അംഗങ്ങൾ എല്ലാം ഒന്നു എന്നു നാം പറയുമായിരിക്കും. എന്നാൽ നമ്മുടെ സ്വന്തം മുതലിനെ സൂക്ഷിക്കാതെ (ചിലപ്പോൾ അതു ഒരു പെൻസിലോ പുസ്തകമോ ആകാം) മറുള്ളവരുടെ വസ്തുവക ബഹുമാനിക്കാതെ ഇരിക്കുന്നപക്ഷം നാം തന്നെ അലസതയും—അസൂയയും വഴക്കിനും അടിസ്ഥാനം ഇട്ടുകൊടുക്കുകയത്രെ ചെയ്യുന്നതു.

4. ചില സ്ഥാനങ്ങളിൽ അമ്മയ്ക്കു മകനെ സഹായിക്കുന്നതിനു സാധിക്കാതെ വരും ഇടവപാതിക്കു ഉണ്ടാകുന്ന കാറിന്റെ അനുഭവം എന്റെ പട്ടിക്കുഞ്ഞിനു ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടായ ഒരു അവസരത്തിൽ പട്ടിക്കുഞ്ഞു അതിന്റെ അമ്മയുടെ അടുക്കലേക്കു ഓടിപ്പോകാതെ എന്റെ അടുക്കലേക്കു വന്നു തല എന്റെ മടിയിൽവെച്ചു എന്റെ മുഖഭാവത്തെ മാത്രം നോക്കിക്കൊണ്ടിരുന്നു. പട്ടിക്കുഞ്ഞിന്റെ പേർ വിളിക്കയല്ലാതെ അതിനെ പറഞ്ഞു

സമ്മതിപ്പിപ്പാനോ കാര്യത്തിനെ മാറ്റുവാനോ അതെപ്പറ്റി വിവരിച്ചു മനസ്സിലാക്കുവാനോ എനിക്കു കഴിവില്ലായിരുന്നു. എന്റെ മുഖത്തു യാതൊരു ചഞ്ചലവും ഇല്ല എന്നു പലപ്പോഴും ഞാൻ സുരക്ഷിതമായിരിക്കുന്നു എന്നുള്ള ധൈര്യം അതിനുണ്ടായി. സന്തോഷത്തോടെ നടന്നു പോകയും ചെയ്തു.

അമ്മയ്ക്കു സഹായിപ്പാൻ സാധിക്കാത്ത അവസരങ്ങളിൽ ഏതു സ്ഥാനത്തേക്കു നോക്കണമെന്നു നമ്മുടെ കുട്ടികൾക്കു അറിയാമോ? ജീവിതത്തിലെ കൊടുങ്കാറ്റുകൾ നമ്മുടെ ഇമ്പത്തിനു വഴി കൊടുക്കുന്നില്ല. എന്നാൽ യഹോവയിൽ പൂർണ്ണാശ്രയം വെക്കുന്നവരെ താൻ പൂർണ്ണ സമാധാനത്തിൽ കാക്കും എന്നുള്ളതു അവർ അറിയാമോ? (യെശ. 26. 3.)

E. M. DALTON.

നോട്ടീസ്

മാസികയുടെ എപ്രിൽ, മെയ് ലക്കങ്ങളിൽ പ്രസ്താവിച്ചിരുന്നപ്രകാരം സെൻറുമോണിക്കായിൽവെച്ചു ജൂൺ മാസം മുതൽ നടത്തുന്ന വേദാദ്ധ്യയനക്ലാസ്സിൽ ചേരുന്നതിനുള്ള അപേക്ഷകൾ താഴെപ്പറയുന്ന മേൽവിലാസത്തിൽ അയക്കണമെന്നു വീണ്ടും ഓർമ്മപ്പെടുത്തുന്നു.

Miss M. DALTON, *St. Monica's, Kanakary, Ettumanur.*

സി. റേച്ചലിന്റെ കത്തു

Sydney,
N. S. W,
April 26, '56.

പ്രിയസ്നേഹിതരേ,

ഞാൻ ആസ്ത്രേലിയായിൽ വന്നിറങ്ങിയിട്ടു ഒരു മാസമായി. കപ്പലിൽനിന്നു ഇറങ്ങിയതു ജലദോഷവും ചുമയും കൊണ്ടായിരുന്നു. ആദ്യം താമസിച്ചതു ആക്ബിക്കോപ്പുമൊൾതിരുമേനിയുടെ അരമനയിൽ ആയിരുന്നു. മിസ്സസ്സ് മൊൾ വളരെ ദയവായി വേണ്ട ചികിത്സയും ശുശ്രൂഷയും ചെയ്തു. ഏതായാലും കാലാവസ്ഥയും ഈ രാജ്യത്തെ താമസവും വളരെ ഗുണം ചെയ്യുന്നു.

1ന- മുതൽ വേല ആരംഭിച്ചു. മിവസം രണ്ടും മൂന്നും യോഗങ്ങൾ വീതം ഉണ്ടായിരുന്നു. സി. എം. എസ്സ്. കമ്മിറ്റികൾ, മാതൃസംഘക്കൂട്ടങ്ങൾ, യുവജനക്കൂട്ടങ്ങൾ, സ്ത്രീജനക്കൂട്ടങ്ങൾ, പള്ളിശുശ്രൂകൾ ഇങ്ങനെ പല വിധക്കൂട്ടങ്ങളോടു മക്ഷിണേന്ത്യൻസഭ, സ്ത്രീജനസംഖ്യം, മാതൃസംഘം, യൂത്തുലീഗ്, സെൻറുമോണിക്കാസ്, ബൈബിൾ ആശ്രമം ഇങ്ങനെ രാരോന്നിനെക്കുറിച്ചു പ്രസംഗിച്ചിട്ടുണ്ടു. ഇവിടെയുള്ള മനോഹര കാഴ്ചകളും സ്ഥലങ്ങളും കാണിപ്പാനും കാരാരുത്തർ കൊണ്ടുപോയി—താമസിച്ചതു അധികവും ഇവിടെയുള്ള ഡിക്കനസ് ഭവനത്തിൽ ആണ്. പലഅച്ചന്മാരുടെ വീട്ടകളിലും സി. എം. എസ്സ്. സെക്രട്ടറിമാരുടെ വീട്ടിലും പോയിട്ടുണ്ടു. ഈമാസം 30ന- വിക്റോറിയ എന്ന സംസ്ഥാനത്തിലേക്കു പോകും. അവിടെ ചെയ്യാനുള്ളവേലയെപ്പറ്റിയുള്ള പ്രോഗ്രാം കിട്ടിയിട്ടില്ല. ചർച്ചുമിഷ്യനറി സമൂഹക്കാർ വേണ്ടശട്ടംകെട്ടകളും കരുതലുകളും ചെയ്യുന്നതുകൊണ്ടു ഞാൻ ഒന്നിനെക്കുറിച്ചും ചിന്താകുലപ്പെടുന്നില്ല.

ഇവിടെ ശീതകാലം ആരംഭിച്ചിട്ടുണ്ടു. എങ്കിലും സാരമില്ല. ശരീരത്തിനു കൂടുതൽ ഉന്മേഷവും സുഖവും തോന്നിക്കുന്നതേയുള്ളൂ. അടുത്ത സ്ഥലത്തു മിസ്സ് കെല്ലുവയെ കാണാം എന്നാശിക്കുന്നു, അവരുടെ എഴുത്തുകൾ അതെപ്പറ്റി കിട്ടുന്നുണ്ടു.

ജൂലൈ 6ന- ഫ്രിമാൻറിൽ എന്ന തുറമുഖത്തുനിന്നു സ്റ്റാതെയർഡു എന്ന കപ്പലിൽ

മടങ്ങാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഞാൻ അതിനായി കാത്തിരിക്കുന്നു. എല്ലാവരെയും ക്ഷേമത്തോടെ വന്നു കാണാം എന്നാശിച്ചുകൊണ്ടു ഏഴുതുന്നു.

RACHEL JOSEPH.

സെൻറു മോണിക്കാ ചാപ്പൽ

ഏറ്റുമാനൂർ കാണക്കാരിയിലുള്ള വനിതാ മന്ദിരത്തോടനുബന്ധിച്ചു ഒരു ചാപ്പൽ പണിയുന്നതിനുള്ള ആലോചനയും പരിശ്രമവും നടത്തിവരുന്നുണ്ടല്ലൊ. 1947 ജൂലായി 25നു- യാണു സെൻറ്മോണിക്കാ മന്ദിരത്തിൻെറ ശിലാസ്ഥാപനം ബിഷപ്പുതിരുമനസ്സുകൊണ്ടു നിർവ്വഹിച്ചതു. അന്നു മുതൽ ഈ സ്ഥാപനം പടിപടിയായി വളർന്നു വരികയും ചികിത്സായത്നം മുതലായ ക്രൈസ്തവസേവനങ്ങൾ വളരെ പ്രയോജനകരമായ വിധത്തിൽ നടന്നുപോരുകയും ചെയ്യുന്നു. അനേകരുടെ ആശ്വാസത്തിനും സുഖപ്രാപ്തിക്കുമായി ഒരു മിഷ്യൻ ആസ്പത്രി കാര്യക്ഷമമായി നടത്തിപ്പോരുന്നുണ്ടു. എന്നാൽ ഇതുവരെയായിട്ടും ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി ഒരു ചാപ്പൽ ഉണ്ടായിട്ടില്ല. കഴിഞ്ഞ അഞ്ചു വർഷങ്ങളായി അതിനായി പരിശ്രമിച്ചും പണം ശേഖരിച്ചും കൊണ്ടിരിക്കയാണു. 5000 ക. യാണു ആവശ്യമായിരിക്കുന്നതു. വേണ്ടടത്തോളം തുക ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ ഇനിയും ഒട്ടും താമസിപ്പിക്കാതെ പണിയാരംഭിക്കണമെന്നും അടുത്ത ജൂലായി 25നു- തന്നെ ശിലാസ്ഥാപനം നടത്തണമെന്നും ഉദ്ദേശിക്കുന്നതിനാൽ ഏവരുടെയും പ്രത്യേക പ്രാർത്ഥനയും ഔദാര്യസംഭാവനകളും അഭ്യർത്ഥിച്ചുകൊള്ളുന്നു. പണമയക്കേണ്ടും മേൽവിലാസം:—

Miss E. M. DALTON,
St. Monica's, Kanakary P. O., Ettumanur.

അവനാണു യഥാർത്ഥ സുവിശേഷകൻ

അവനെ ബർന്നബാസു എന്നു വിളിച്ചു വന്നെങ്കിലും ആ പേരിൻെറ അർത്ഥം ആശ്വസിപ്പിക്കുന്നവൻ എന്നാണു. അവൻ കാഴ്ചയിൽ ഇന്ദ്രദേവൻ എന്നു തോന്നത്തക്കവണ്ണം അത്ര ദീർഘകായനും സുമുഖനും ആയിരുന്നു. ധനസ്ഥിതിയിലും മെച്ചമായ നിലയിലായിരുന്നെങ്കിലും തൻെറ ജീവിതലക്ഷ്യത്തിനു ധനം ഒരു മാർഗ്ഗതടസ്സമായിത്തീരാതെവണ്ണം അവൻ മുഴുവൻ വിൽക്കുകയും പണം ക്രിസ്തീയ പൊതുമുതലിൽ നിക്ഷേപിക്കയും ചെയ്തു. അന്ത്യോക്യയിലെ ജാതികൾ കൂട്ടമായി ക്രിസ്തീയ സഭയിലേക്കു ചേർന്നുകൊണ്ടിരുന്നു. മതപരിവർത്തനഘട്ടത്തിൽ അവിടെ ചെന്നു അവരെ സഹായിക്കുവാനും വിവേകത്തോടും വിനയത്തോടും പ്രവർത്തിപ്പാനും തക്കവണ്ണം യെരുശലേമിൽനിന്നു അയയ്ക്കുവാൻ ഏറ്റവും യോഗ്യനായി കണ്ടവനും ഇവൻ തന്നെ. കാരണം "നല്ല മനുഷ്യനും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു." അപ്പൊ. പ്ര. 11. 14. അന്ത്യോക്യയിലെ സഭയിൽ തനിക്കു തന്നെ പ്രമാണി ആകണമെന്നുള്ള നീചമനോഭാവം ലേശം പോലും താൻ കാണിച്ചില്ല. പിന്നെയോ തന്നോടുകൂടെ വേലയിൽ പങ്കെടുപ്പിക്കുവാൻ തർസ്സൊസ്സിലേക്കു പോയി ശൌലിനെ കൂട്ടിക്കൊണ്ടു വരികയത്രെ ചെയ്തതു. ക്രിസ്തീയ മതത്തിലേക്കു വന്നശേഷം തൻെറവേല എന്തെന്നു കാണാതെയും കൂട്ടായ്മ ഇല്ലാതെയും മറ്റു പല വിധത്തിലും കുഴങ്ങിയ സ്ഥാനത്തുനിന്നു ശൌലിനു ഈ സന്ദർഭത്തിൽ ബർന്നബാസു നല്കിയ കൈത്താങ്ങൽ ശൌൽ ഒരിക്കലും മറന്നുപോകാതെവണ്ണം അത്രയ്ക്കു സഹായമേറിയതായിരുന്നു. എന്നു തന്നെയുമല്ല ക്രിസ്തീയ പോർക്കളത്തിലേക്കു ഏറ്റവും ധീരനായ ഒരു യോദ്ധാവിനെ അണിനിരത്തുകയുമായിരുന്നു. ശൌലിൻെറ മാനസാന്തരശേഷം യെരുശലേമിൽ താൻ വന്ന സമയം ശിഷ്യന്മാർ തന്നെ ചേർക്കുവാൻ സംശയിച്ചപ്പോൾ തനിക്കു തുണനിന്നു തന്നെ മറ്റുള്ളവർക്കു പരിചിതനാക്കിയതും ബ

ന്നബാസു തന്നെ. അങ്ങനെ ശൌലിന്റെ സ്നേഹിതഗണത്തിൽ പ്രധാന സ്ഥാനത്തിനു ബർന്നബാസു അർഹനായി. തന്റെ സഖിത്വത്തിൽ അസൂയയും സ്വാർത്ഥവും ലേശം ഇല്ലാതിരുന്നതു തന്നെ തന്റെ ഹൃദയവിശാലതയുടെ പരമ ലക്ഷ്യമായി വെളിപ്പെടുന്നു. പിന്നീടു പൌലൊസു എന്ന പേരിനാൽ അറിയപ്പെടുന്ന ശൌലിനു കൂട്ടായ്മയുടെ വലങ്കൈ കൊടുത്ത ബർന്നബാസു എല്ലായ്പോഴും പൌലൊസിനെ തന്റെ മുമ്പിൽ തന്നെ അത്രെ നിറുത്തുവാൻ ശ്രമിച്ചതു. ഒരിക്കലും താൻ മുമ്പനാകാൻ തുനിയുന്നതായി കാണുന്നില്ല.

എൽമാടും മേലാടും പ്രവചിക്കുന്നു അവരെ തടയേണമേ എന്നു ബാല്യക്കാരനായ യോശുവ മോശെയോടു പറഞ്ഞ അവസരം "യഹോവയുടെ ജനം മുഴുവനും പ്രവാചകന്മാരാകയും യഹോവ തന്റെ ആത്മാവിനെ അവരുടെമേൽ പകരുകയും ചെയ്യുങ്കിൽ കൊള്ളായിരുന്നു" സംഖ്യാ. 11. 29. എന്നു മോശെ പറഞ്ഞതുപോലെ ആയിരുന്നു മറ്റു ക്രിസ്തീയ പ്രവർത്തകരെക്കുറിച്ചു ബർന്നബാസു ചിന്തിച്ചതും.

പൌലൊസു തന്റെ തീക്ഷ്ണതയേറിയ സ്വഭാവത്താൽ ഒരിക്കൽ സുവിശേഷവേലയിൽ പിന്മാറ്റം കാണിച്ച മർക്കൊസിനെ വീണ്ടും കൂട്ടിക്കൊണ്ടു പോകുവാൻ വിസമ്മതം കാണിച്ചപ്പോഴും ക്ഷമയോടെ അവനെ വീണ്ടും ചേർത്തു സുവിശേഷവേലയ്ക്കായി കൊണ്ടുപോയതും ബർന്നബാസു തന്നെയാണല്ലോ. അവൻ ഒരു സമാധാനപുരുഷനായിത്തന്നെ എല്ലാ സ്ഥാനത്തും പ്രവർത്തിച്ചു. ക്രിസ്തീയ പ്രവർത്തകമണ്ഡലത്തിൽ അവന്റെ പേർ എന്നും നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നു എന്നു പറയാം.

S. T.

സ്ത്രീജനസഖ്യവാർത്തകൾ

വേദാദ്ധ്യയനം, പ്രാർത്ഥന, സുവിശേഷവേല എന്നിങ്ങനെ പ്രയോജനകരമായവിധം സമയം ചെലവിടുന്നതിനും ഒരു നല്ല സ്നേഹക്കൂട്ടായ്മ അനുഭവിക്കുന്നതിനുമായി ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും സ്ത്രീജനസഖ്യംഗങ്ങൾ കൂടുന്നതു നമുടെ ഒരു പ്രധാന കടമയാണല്ലോ. പല സഭകളിലും കുറെപ്പേർ അങ്ങനെ ചെയ്യുമെങ്കിലും ഇതിലൊന്നിലും യാതൊരു പങ്കുമില്ലാത്തവരായി മാറി നില്ക്കുന്ന ഒരു നല്ല കൂട്ടമുണ്ടെന്നുള്ളതു ശോചനീയമായ ഒരു സംഗതിയാണു. അവർ കൂടി വന്നു ചേരുവാൻ തക്ക സഹായ മാർഗ്ഗം കണ്ടുപിടിച്ചു പ്രാർത്ഥനയോടെ പ്രവർത്തിക്കുന്നതിൽ നമുക്കു കുറെക്കൂടി ശ്രദ്ധചെലുത്താം.

ഒരുത്തരും പ്രാർത്ഥനയ്ക്കും മറ്റുമായി വന്നുചേരാത്ത സഭകളും പലതാണു. നമ്മുടെ കൂട്ടികൾ ഒരു പുതുവർഷത്തിലേക്കു പ്രവേശിക്കുന്ന ഈ സ്കൂൾ വർഷാരംഭം അമ്മമാരായ നമുക്കും പുതിയ ആരംഭങ്ങളുടെയും ഉണർത്തലിന്റെയും ഒരു സമയമാക്കുന്നതു നമുടെ കൂട്ടികൾക്കും നമുടെ കുടുംബങ്ങൾക്കും ഒരു വിശേഷാൽ അനുഗ്രഹമായിത്തീരുന്നതാണു.

കൂട്ടിക്കൽ. മാതൃസംഘം, യുവതീസമാജം ഇവയുടെ ഏകോപിച്ചുള്ള ഒരു വാർഷികയോഗം മെയ് 19നു ശനിയാഴ്ച ബഹുമാനപ്പെട്ട ഇടവകപ്പട്ടക്കാരൻ മാത്യൂസ് മാത്യൂസ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തുകയും തദവസരത്തിൽ മിസ്സസ്സ് മാത്യൂസിന്റെ നായകത്വത്തിൽ പ്രയോജനകരമായ കളികൾ അഭിനയിക്കുകയും ചെയ്തു പ്രസ്തുത സഭയിലെ സ്ത്രീജനസഖ്യാംഗങ്ങൾക്കു ഒരു ഉന്മേഷം നല്കുന്നതിനു മുഖാന്തരമായി എന്നു ആശിക്കാം.

S. T.

സ്ത്രീജനസന്ദർശനവിശേഷയോഗങ്ങൾ

മൂന്നുമാസത്തിലൊരിക്കൽ വീതം മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്ന സുവിശേഷയോഗങ്ങളും വേലയും കോട്ടയം, മല്ലപ്പള്ളി, മാവേലിക്കര എന്നീ കൌൺസിലുകളിലെ യഥാക്രമം കാ

നം, കണ്ടെഴ, കന്നേറി എന്നീ സഭകളിൽവച്ചു കഴിഞ്ഞ മാസത്തിൽ നടന്നിരിക്കുന്നു. ഓരോ സ്ഥലത്തും പലരും വന്നുചേരുകയും സുവിശേഷവേലയിൽ സന്തോഷത്തോടെ പങ്കെടുക്കയും ചെയ്തിട്ടുണ്ട്. തുടർന്നു നടക്കുന്ന യോഗങ്ങളുടെ സമയം സ്ഥലം ഇവ അറിയിക്കുമ്പോൾ എല്ലാവരും വന്നു ചേരുമെന്നു ആശിക്കുന്നു. A. K.

ബഥേൽ കുറിപ്പുകൾ

ആസ്ത്രേലിയപ്പട്ടണത്തിലിരിക്കുന്ന സി. റേച്ചലിൽനിന്നു മുറുക്കു വത്തമാനങ്ങൾ ലഭിക്കുന്നുണ്ട്. അവിടെ ധാരാളം കൃത്യങ്ങളുണ്ടെങ്കിലും ഈ തണുപ്പു കാലത്തു അവിടെ സുഖമായി തന്നെയിരിക്കുന്നു. ഒടുവിൽ കിട്ടിയ എഴുത്തിൽ വിമാനം വഴി ടാസ്മേനിയായിക്കു പോകുന്നതായി എഴുതിയിരിക്കുന്നു.

പല അദ്ധ്യാപികമാരിൽ നിന്നും അപേക്ഷകൾ കിട്ടീട്ടുണ്ട്. രണ്ടു നേഴ്സുമാരും ഏതാനും വിദ്യാർത്ഥികളും അപേക്ഷകളയച്ചിട്ടുണ്ട്. മുന്നാണ്ടിൽ പഠിപ്പിച്ച രണ്ടു പേർ വീണ്ടും വരുന്നതാകയാൽ അപേക്ഷയയച്ചിട്ടില്ല എല്ലാ അദ്ധ്യാപികമാരേയും എടുക്കാൻ നിവൃത്തിയില്ല. എന്നാൽ വിദ്യാർത്ഥികളെല്ലാവരും വന്നു ചേരുമെന്നു വിശ്വസിക്കുന്നു.

മിസ്സ് മേരി മാത്യു നർസറി സ്കൂൾ പരീക്ഷ ജയിച്ചതുകൊണ്ടു കൂടുതൽ ബഥേലിലേക്കു നിയമിച്ചിരിക്കുന്നു. ഒന്നും രണ്ടും ക്ലാസ്സിനുള്ള അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

മദ്രാസിലെ സി. എസ്സ്. വി. സ്കൂളിനിന്നു കഴിഞ്ഞ മിസ്സ് ശാന്തമ്മ ജോൺ ബി. എ. മണ്ടേറോയുടെ ബഥേൽ ശാഖയുടെ ചാർജ്ജ് ഏറ്റെടുക്കുന്നതായിരിക്കും. അവിടെ സഹോദ്യോഗിയായും സുവിശേഷയത്നമായും ഇരുന്നുകൊണ്ടു കൂടുതൽ ശ്രമം ചെയ്യുന്നതിനാലോചിക്കുന്നു.

നുകിവിടെ മഴയും തണുപ്പും ഉള്ളപ്പോൾ പകൽവിലും പാറ്റ് പാറായിലുമുള്ളവർ ചൂടിന്റെ കാഠിന്യമനുഭവിക്കുന്നതു ഓർത്തു പ്രാർത്ഥിക്കാം. മോചപ്രാപ്തിയെല്ലാം അനുഗ്രഹിക്കുന്നതിനു മൈക്കരങ്ങളിലേക്കു സമർപ്പിക്കാം.

ആശ്രമം സ്കൂൾ തുറക്കുന്നതു ജൂൺ 4നു- യാണു. ബൈബിൾ ക്ലാസ്സു, വേനൽക്കാല കരുണ ക്ലാസ്സു, മതപരിവർത്തനക്കാരുടെ ക്ലാസ്സു എന്നിവ 5നു- ആരംഭിക്കും. പഠിപ്പിക്കുന്നവരുടെയും പഠിക്കുന്നവരുടെയും മേൽ അവർ പരിശുദ്ധാത്മശക്തിയിലാകുന്നതിനും എല്ലാ സ്കൂൾ കുട്ടികളും കർത്താവിനുള്ളവരായിതീരുന്നതിനും പ്രാർത്ഥിക്കണമെ.

പകൽവിനും പാറ്റ് പാറായിക്കുമുള്ള മാനങ്ങൾ ഞങ്ങളുടെ പേക്കയക്കണമെന്നു ഓർപ്പിക്കുന്നു. രണ്ടാശ്രമത്തിനുംകൂടെ പ്രതിമാസം 130 ക. യാണാവശ്യമുള്ളതു്.

മെയ് 25 സിസ്റ്റർ ഈഡിത്ത്

B. C. Education Help

മുൻ പതിവുപോലെ ഈ വർഷവും വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ 1956 ജൂൺ 30-നകമായി കിട്ടത്തക്കവണ്ണം താഴെയുള്ള വിവരങ്ങൾ പൂരിപ്പിച്ചു റവ. ററി. ജെ. സൈമൺ സി. എസ്സ്. ഐ. അയിരൂർ, വെല്ലിയറ പി. ഒ. എന്ന മേൽവിലാസത്തിൽ അയച്ചു തരേണ്ടതാണു. എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും ഹൈസ്കൂളിൽ ആറാംഫാറത്തിൽ പഠിക്കുന്നവർക്കും അപേക്ഷ അയക്കാവുന്നതാണു. കുടിശ്ശികയുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്കും കഴിഞ്ഞവർഷം ക്ലാസ്സുകയറാറം കിട്ടിട്ടില്ലാത്തവർക്കും സഹായം ലഭിക്കുന്നതല്ല.

എന്നു്

റവ. ററി. ജെ. സൈമൺ.

(1) വിദ്യാർത്ഥിയുടെ പേരു്, (2) വയസ്സു്, (3) സ്കൂളിന്റെയോ കോളേജിന്റെയോ പേരു്, (4) പഠിക്കുന്ന ക്ലാസ്സു്, (5) കഴിഞ്ഞവർഷം ജയിച്ചതോ തോറ്റതോ, (6) രക്ഷകർത്താവിന്റെ പേരു്, (7) കുടിശ്ശിക ഉണ്ടോ, (8) ഇടവകപ്പട്ടക്കാരന്റെ ശുപാർശ.

14-5-'56. അയിരൂർ,

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 6 ജൂൺ 1956

പറ്റ്പാറാ മിഷ്യൻ കത്ത്

പ്രിയ സ്നേഹിതരേ,

1

നിനച്ചിരിയാത്ത അവസരത്തിൽ ഞങ്ങൾക്ക് ഓരോ മാസത്തെ അവധി ഒത്തുവന്നു കിട്ടി. ജോജ്ജ് അച്ചൻ അവധിയിൽ പോയി, കുടുംബത്തെയുംകൊണ്ടു തിരിച്ചു വന്നതിനുശേഷം സിസ്റ്റർ റേയിച്ചൽ ജോണും മിസ്സ് അന്നമ്മചെറിയാനും നാട്ടിൽ പോയിരിക്കുകയാണ്. നമ്മുടെ ഡയോസിസൻ കൌൺസിൽ നടന്നുകൊണ്ടിരുന്ന സമയത്തു ജോജ്ജ് അച്ചൻ വന്നതുകൊണ്ട് ഇടവകകളിലെ പട്ടക്കാരെയും മറ്റു പ്രതിനിധികളെയും കണ്ടു പരിചയം പുതുക്കുന്നതിനു സാധിച്ചു.

പറ്റ്പാറാ സയിലെ ഒൻപതു ക്രിസ്തീയ കുടുംബങ്ങളിൽനിന്നു ഒരു കുടുംബം കഴിഞ്ഞ ആഴ്ചയിൽ ജോലിപ്രമാണിച്ചു ഈ സ്ഥലം വിട്ടുപോയി. ഇനിയും രണ്ടു കുടുംബങ്ങൾകൂടെ താമസിയാതെ ഇവിടെനിന്നും പോകുകയാണ്. ഒരുവിധത്തിൽ നഷ്ടമാണെന്നു തോന്നാമെങ്കിലും, നമ്മുടെ നാഥനായ ക്രിസ്തു സുവിശേഷ പ്രവർത്തനത്തിനുള്ള തടസ്സങ്ങളെ ദൂരീകരിക്കുകയല്ലേ എന്നു തോന്നിപ്പോകുന്നു.

പറ്റ്പാറാ സ്കൂളിലെ നാലാം ക്ലാസ്സിന്റെ പബ്ലിക്പരീക്ഷ കഴിഞ്ഞു. ഏഴു കുട്ടികളിൽ ആറു പേരും വിജയികളായി. അടുത്ത സമയത്തു സമ്മേളിച്ച നാഗപ്പൂർ ഗോണ്ട്വാനാ മിഷ്യൻ കമ്മറ്റിയിൽ പണം ചിലവുകൊണ്ടു ഗോണ്ട്വാനാ മിഷ്യനിലെ രണ്ടു പ്രൈമറിസ്കൂളുകളും (പാറ്റ്പാറ, മർഫാ) നിറുത്തിക്കളയുന്നതിനു നിശ്ചയിച്ചു. അനേക വർഷങ്ങളായി നടന്നുകൊണ്ടിരുന്ന പറ്റ്പാറാ, മിഷ്യൻസ്കൂൾ ഇല്ലാതെയാകുന്നതു സങ്കടകരംതന്നെ.

കാലങ്ങൾ കഴിയുന്നതോടൊപ്പം ഇവിടുത്തെ വേലയിലുള്ള താല്പര്യം ഒരു പ്രകാരത്തിലും കുറഞ്ഞുപോകുവാൻ ഇടയാകരുത്. അനേകരെ തോല്പിച്ചോടിച്ച സ്ഥാനമാണ് ഇതു്. ശീതോഷ്ണാവസ്ഥ സാധാരണക്കാർക്കു ഒട്ടും യോജിച്ചതല്ല. ഒന്നുകിൽ ഒരുകരമായ തണുപ്പു്, അല്ലെങ്കിൽ വെന്തെരിയുന്ന ചൂടു്. സുവിശേഷ ഘോഷണത്തിൽ തെല്ല താല്പര്യമില്ലാത്തവരും ക്രിസ്തീയ സാക്ഷ്യത്തിനിന്റെ വില ഇല്ലാതാക്കുന്ന ഉദ്ദിഷ്ട കർമ്മങ്ങളിൽ അടിയുറച്ചു ജീവിക്കുന്നതുമായ നാമധേയ ക്രിസ്ത്യാനികൾ. പുറമെയാണെങ്കിൽ ഏതെങ്കിലും വിധത്തിൽ ക്രിസ്തീയ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനായി തുനിഞ്ഞു നോക്കികൊണ്ടിരിക്കുന്ന ഹിന്ദുമതികൾ. ഇവയുടെയെല്ലാം മദ്ധ്യത്തിലാണ് കേവലം കഴിവുകളിൽ പരിമിതിയുള്ളവരായ ഞങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു് എന്നുള്ളതു മറക്കരുതു്. ഇതുവരെയും ഇവിടുത്തെ പ്രവർത്തനത്തിൽ നിരാശയോ അധൈര്യമോ തോന്നിയിട്ടില്ല. "ഞാനോ ലോകാവസാനത്തോളം എന്നേക്കും നിങ്ങളോടുകൂടെയുണ്ടു്" എന്നുള്ള കർത്താവിന്റെ വിലയേറിയ വാഗ്ദത്തത്തിലുള്ള വിശ്വാസം ഞങ്ങളെ ധൈര്യപ്പെടുത്തി നടത്തുന്നു. അനേക സ്നേഹിതരുടെ പ്രാർത്ഥനയും ഇവിടുത്തെ വേലയിലുള്ള അകമഴിഞ്ഞ സഹകരണവും ഞങ്ങൾക്കു എത്രമാത്രം ഉത്തേജനം നല്കുന്നുണ്ടു് എന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. നാട്ടിൽ വന്നപ്പോൾ ഒരു പാവപ്പെട്ട വല്യമ്മ ജോജ്ജ് അച്ചനോടു ഇപ്രകാരം പറഞ്ഞു. "നിങ്ങൾ അവിടെപോയ ദിവസംമുതൽ ഞാൻ മുടങ്ങാതെ എന്നും ഗോണ്ട്വാനാ മിഷ്യനെ ഒർത്തു ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നുണ്ടു്." ഇപ്രകാരം ആത്മാർത്ഥമായി സുവിശേഷയത്നങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവരുണ്ടെങ്കിൽ ദൈവം നിശ്ചയമായും സമൃദ്ധിയായ അനുഗ്രഹം ചൊരിയുകതന്നെ ചെയ്യും. വീണ്ടും ഞങ്ങളെയും ഇവിടുത്തെ വേലയെയും പ്രാർത്ഥനയ്ക്കായി ഏല്പിച്ചുകൊള്ളുന്നു.

എന്നു്

Mission House,
Patpara P. O.,
Mandla, 23rd.
April 1956.

പറ്റ്പാറമിഷ്യനറിമാർ.

2

പറ്റ്പാറമിഷ്യൻ കമ്മറ്റിയുടെയും, ഇടവകകളിലെ യൂത്ത്ലീഗ്, യുവതീസമാജം ഇവയുടെ പ്രതിനിധികളുടെയും മറ്റുംകൂടിയുള്ള ഒരു ഏകദിനറിട്രറ്റ്കോൺഫ്രൻസ് ഏപ്രിൽ 23-ാംതീയതി കോട്ടയത്തു കത്തീഡ്രലിൽവെച്ചു നടന്നു.

രവിലെയുള്ള സമർത്ഥ എ. ജെം ചാണ്ടിയച്ചൻ ധ്യാനയോഗം നടത്തി, രണ്ടു മണിക്കു ആരംഭിച്ച രണ്ടാമത്തെ യോഗത്തിൽ ബിഷപ്പുതിരുമേനി പ്രസംഗിച്ചു. അതിനുശേഷം സി. ഐ. എസ്സിഹാം അച്ചന്റെ അദ്ധ്യക്ഷതയിൽ കോൺഫ്രൻസ് നടന്നു.

കമ്മാടി സെക്രട്ടറി തന്നാണ്ടത്തെ പ്രവർത്തനത്തെക്കുറിച്ചു ഒരു ചുരുക്കിയ റിപ്പോർട്ടു വായിച്ചു. അതിനുശേഷം മിക്ഷ്യനറിമാരായ മിസ്സ് അന്നമ്മ ചെറിയാനും, സിസ്റ്റർ റേച്ചൽ ജോണും അവരുടെ പ്രവർത്തനത്തെക്കുറിച്ചു വിവരിച്ചു പ്രസ്താവികയുണ്ടായി.

നാഗർകോവിൽ ബിഷപ്പു നമ്മുടെ ഇടവക സന്ദർശിച്ചപ്പോഴും, നമ്മുടെ മിക്ഷ്യൻബോർഡു സെക്രട്ടറി മിക്ഷ്യൻവാൾ സന്ദർശിച്ചശേഷവും സമർപ്പിച്ച റിപ്പോർട്ടിലും നമ്മുടെ മിക്ഷ്യനറിപ്രവർത്തനത്തെക്കുറിച്ചു വളരെ പ്രോത്സാഹനപൂർവ്വം പ്രസ്താവിച്ചിരുന്നു. കൃഷിജോലി ആരംഭിച്ചിരിക്കുന്നതിനാലും, ഭക്ഷ്യക്ഷാമം ഒരുവിധം തൃപ്തികരമായി പൂർത്തിയായതുകൊണ്ടും, ചികിത്സ നടത്തുന്നതുമൂലവും നമ്മുടെ മിക്ഷ്യനറിമാർക്കു അവിടെയുള്ളവരുമായി കൂടുതൽ ഏകീകരിച്ചു പ്രവർത്തിക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ എൻ. എം. എസ്സ്-ൽനിന്നു ലഭിച്ചിട്ടുള്ള വാൽപൊടിയും, നെയ്യും മിക്ഷ്യനറിമാർ വിതരണം ചെയ്യുന്നുണ്ട്. വേനസന്ദർശനം, വെയ്സൈഡ് പൂൽപ്പാറ് മുതലുള്ള സാക്ഷ്യം ഇങ്ങനെ പലവിധത്തിൽ നമ്മുടെ മിക്ഷ്യനറിമാർ സുവിശേഷയത്നം ചെയ്തുകൊണ്ടിരിക്കുന്നു.

ഈ വർഷം മദ്ധ്യപ്രദേശഗവർമ്മെന്റ് മിക്ഷ്യനറി പ്രവർത്തനങ്ങളെക്കുറിച്ചു അന്വേഷിപ്പാൻ നിയമിച്ച ഒരു കമീഷൻ നമ്മുടെ മിക്ഷ്യനറിമാരെയും വിസ്തരിക്കയുണ്ടായി. എങ്കിലും ദൈവകൃപയാൽ ഗവർമ്മെന്റിൽനിന്നു നമ്മുടെ പ്രവർത്തനത്തിനു യാതൊരു തടസ്സവും ഇപ്പോൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

ഇപ്പോഴത്തെ രൂപാന്തരപ്രകാരം മുന്നു വർഷത്തിലൊരിക്കൽമാത്രം മിക്ഷ്യനറിമാർക്കു അവധി അനുവദിക്കേണ്ടതാണെങ്കിലും, ഈ വർഷം പ്രത്യേകമായി മിക്ഷ്യനറിമാർക്കു ഓരോ മാസത്തെ അവധി കൊടുക്കണമെന്നു തീരുമാനിക്കയും അതനുസരിച്ചു എ. ജെ. ജോർജ്ജച്ചൻ നാട്ടിൽ വന്നശേഷം മടങ്ങുകയും ചെയ്തിരിക്കുന്നു. അദ്ദേഹം അവിടെ ചെന്നശേഷമാണു സിസ്റ്റർ റേച്ചൽ ജോണും മിസ്സ് അന്നമ്മ ചെറിയാനും നാട്ടിലേക്കു തിരിച്ചതു്.

ഈ ലക്കം മാസികയോടുകൂടി 1955—56-ലെ കണക്കുകൾകൂടി അയയ്ക്കുന്നു. തന്നാണ്ടിൽ 5025 ക. 2 ണ. 6 സ. വരവും, 3691 ക. 1 ണ. 6 സ. ചെലവും ഉണ്ടായിരുന്നു. എല്ലാമാസവും മിക്ഷ്യനറിവേണ്ടി പ്രാർത്ഥിക്കയും പണം അയച്ചുതരികയും ചെയ്യുന്ന ഒരുകൂട്ടം ആളുകൾ ഉണ്ടായിരുന്നതു കമ്മറിക്കും മിക്ഷ്യനറിമാർക്കും കൂടുതൽ ധൈര്യവും, പ്രോത്സാഹനവും നല്കുന്നതായിരുന്നു. ഇങ്ങനെയുള്ള ആളുകൾ അധികമധികമായി ഉണ്ടാകട്ടെ.

വർഷാരംഭത്തിൽ ഓരോ ഇടവകയിൽനിന്നു പ്രതീക്ഷിക്കുന്ന തുക ഇടവകാധികാരികളെ അറിയിച്ചിരുന്നു എങ്കിലും 75 ഇടവകകളിൽ 50 ഇടവകകൾമാത്രമേ ഏതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുള്ളു എന്നതു വളരെ സങ്കടകരമായിരിക്കുന്നു. നമ്മുടെ ഈ മിക്ഷ്യനറിപ്രവർത്തനത്തെ മുമ്പോട്ടു കൊണ്ടുപോകുന്നതിനു എല്ലാ ഇടവകകളും പ്രാർത്ഥനയാലും ഉദാരസംഭാവനകളാലും വേണ്ടതു കൈത്താങ്ങൽ നല്കുമാറാകണമെന്നു അപേക്ഷിക്കുന്നു. യുവജനങ്ങളുടെ വകയായി നടത്തപ്പെടുന്ന ഉത്സവത്തിൽ അവരുടെ ഉത്തരവാദിത്വം വളരെ ഗൌരവമായിട്ടാണെന്നും ഇടവകകൾക്കു വേണ്ടതുപോലെ ഇക്കാര്യത്തിനു നല്കുമാറാകണമെന്നും അവരെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. അടുത്തു വർഷം ഓരോ ഇടവകയിൽനിന്നും പ്രതീക്ഷിക്കുന്നതു താമസിയാതെ എഴുതി അറിയിക്കുന്നതാണ്.

ഈ റിട്രീറ്റ് കോൺഫ്രൻസിനു സംബന്ധിക്കുന്നതിനു ഓരോ ഇടവകയിൽനിന്നും ഈരണ്ടു പേരെ അയയ്ക്കുണമെന്നാവശ്യപ്പെട്ടിട്ടും 40 ആളുകളെ വന്നിരുന്നുള്ളു. ഈദൃശസമ്മേളനങ്ങളിൽ പങ്കെടുക്കുന്നതു തങ്ങളുടെ അവകാശവും കടമയുമാണെന്ന ഇടവകകളേയും, യുവജനസംഘടനകളേയും ഓർമ്മിപ്പിക്കട്ടെ.

നാലുമണിക്കു ചായയ്ക്കുശേഷം ഈ സമ്മേളനം പര്യവസാനിച്ചു.

മേലുകാവു മലകളിലെ ഏതുമാപ്രദേശങ്ങളിൽ നിന്നും കൃഷികായി നെയ്യാറ്റുകരതാലൂക്കിൽ കുടിയേറിപാർക്കുന്ന ഏതാനും സഭാംഗങ്ങളുടെ ഒരുകൂട്ടം കമ്പിച്ചേരി എന്ന സ്ഥലത്തു ഒരു ചെറിയ സഭായോഗമായി കൂടി ആരാധന നടത്തി വരുകയും, തങ്ങളിൽ കഴിവുള്ള ക്രൈസ്തവയുവജനങ്ങളിൽ ഏല്പിട്ടിരിക്കയും ചെയ്യുന്നു. അവരുടെ സഭായോഗത്തിൽ ഒരു പ്രാപശ്യം എട്ടു മണ്ണ വഴിപാടു 3 ക. 4 ണ. 6 സ. പാറ്റ് പാറാമിക്ഷ്യനുവേണ്ടി ഇവിടെ ഏല്പിച്ചിരിക്കുന്നു.
